VOL NO: 07 I ISSUE 39
www.nerpatham.com
mail@nerpatham.com
2023 SEPTEMBER 30 I ₹10

# നേർപഥം
വാരിക



# ‘തൃപ്പനച്ചിയിലെ രാജകിളി’യും സമസ്തയുടെ ശീഈ ബന്ധവും

ചൂഷണത്തിനെതിരെ ശക്തമായ നിലപാടെടുത്ത മതമാണ് ഇസ്‌ലാം. എന്നാൽ അന്ധവിശ്വാസങ്ങളിലൂടെയും അനാചാരങ്ങളിലൂടെയും ഉദരപൂരണം നടത്തുന്ന പൗരോഹിത്യം മുസ്‌ലിംകൾക്കിടയിലും കടന്നുകയറി. സാത്വികമായ ഔലിയാഅ് എന്ന ആശയത്തെ അവർ പൊതുസമൂഹത്തിന് മുമ്പിൽ അപഹാസ്യമാക്കി. നമുക്കിടയിൽ ജീവിച്ചു മരിച്ച സാധാരണക്കാരെപോലും 'അപദാന'ങ്ങളിലൂടെ അപമാനിക്കുന്ന പൗരോഹിത്യത്തിന്റെ വീരസ്യങ്ങൾ കേട്ട് പൊതുജനങ്ങൾ തലയറഞ്ഞ് ചിരിക്കുമ്പോൾ സമുദായം ലജ്ജിച്ച് തലതാഴ്ത്തുകയാണ്.

## അറുതിയില്ലാത്ത ഇസ്‌റാഈൽ ഭീകരത

|| പ്രതീക്ഷയുടെ ചിറകുവിടർത്തി ഇന്ത്യ

|| ദൃഷ്ടാന്തങ്ങൾ; പ്രകൃതിയിലും മനുഷ്യരിലും

|| റോമൻ പടയാളിയായ ജുർജയുടെ മനംമാറ്റത്തിന്റെ കഥ

## ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക
Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



### പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

yono SBI | SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

SCAN & PAY

BHIM SBI Pay
BHIM UPI

0349

# നേർപഥം

വാരിക


2023 സെപ്തംബർ 30
1445 റ.അവ്വൽ 15
പുസ്തകം 07 / ലക്കം 39






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





10
'തൃപ്പനച്ചിയിലെ രാജകിളി'യും സമസ്തയുടെ ശീഈ ബന്ധവും
മൂസ സ്വലാഹി കാര

മുഖമൊഴി
05 അറുതിയില്ലാത്ത ഇസ്റാഈൽ ഭീകരത

ലേഖനം
22 ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
06 പ്രതീക്ഷയുടെ ചിറകുവിടർത്തി ഇന്ത്യ
നബീൽ പയ്യോളി

ലേഖനം
26 ദൃഷ്ടാന്തങ്ങൾ; പ്രകൃതിയിലും മനുഷ്യരിലും
ഷാഹുൽ പാലക്കാട്

ചരിത്രപഥം
15 റോമൻ പടയാളിയായ ജുർജയുടെ മനംമാറ്റത്തിന്റെ കഥ
നൂറുദ്ദീൻ സ്വലാഹി, വെട്ടത്തൂർ

ക്വുർആൻ ദർശനം
31 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
18 ജനിക്കും മുമ്പേ മിർസയോട് സംസാരിച്ച വാഗ്ദത്ത പുത്രൻ!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

കാഴ്ച
34 സർക്കാർ ജീവനക്കാരനായ സാറിന് കാശിനെന്ത് പഞ്ഞം?
സലാം സുറുമ എടത്തനാട്ടുകര

# നബിദിനത്തിന്റെ തെളിവ് തല മറയ്ക്കലിലെത്തിയപ്പോൾ

'നേർപഥം' ലക്കം 348ൽ "നബിദിനാഘോഷം: ബിദഈ ഫാക്ടറികളിൽ നിർമിച്ച 'തെളിവുകൾ' അപര്യാപ്തം തന്നെ!" എന്ന തലക്കെട്ടിൽ മാലിക് സലഫി എഴുതിയ ലേഖനം സരളവും ചിന്തോദ്ദീപകവുമായിരുന്നു. നബിദിനാഘോഷം വളരെ പ്രതിഫലാർഹമാണെന്ന് പറയുന്നവർ അതിനു തെളിവ് ചോദിക്കുമ്പോൾ ഉരുണ്ടുകളിക്കുകയാണ് പതിവ്!

ഒരു വിഷയം പൂർണമായി ചർച്ച ചെയ്യാനുള്ള ധൈര്യവും പ്രമാണവും തങ്ങളുടെ കൈയിലില്ലാതാകുമ്പോൾ അടുത്ത വിഷയത്തിലേക്ക് ചാടൽ പുത്തൻവാദികളുടെ പൊതുസ്വഭാവമാണ്. അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥന ചർച്ച ചെയ്യുമ്പോൾ തറാവീഹിലേക്ക് ചാടും, തറാവീഹ് ചർച്ച ചെയ്യുമ്പോൾ പെരുന്നാൾ നിസ്കാരത്തിലേക്ക് ചാടും, ഖബ്റാരാധന ചർച്ച ചെയ്യുമ്പോൾ ഖുത്ബയുടെ ഭാഷയിലേക്ക് ചാടും, ഖുത്ബ ചർച്ച ചെയ്യുമ്പോൾ വേറൊന്നിലേക്ക് ചാടും... ഒന്നിലും ഉറച്ചുനിൽക്കില്ല.

നബിദിനം ചർച്ച ചെയ്ത് ഒരു തെളിവും കിട്ടാതായപ്പോൾ മെല്ലെ വിഷയം മാറ്റി തല മറയ്ക്കുന്നതിലേക്ക് കൊണ്ടുപോയ ഒന്നുരണ്ട് അനുഭവങ്ങളുണ്ടായി. 'പ്രവാചകന്റെ സുന്നത്തിനെ കുറിച്ച് വാചാലരാകുന്ന നിങ്ങളെന്താ തല മറയ്ക്കാത്തത്' എന്ന 'വമ്പിച്ച' ചോദ്യം വന്നു.

ഉത്തരം: "നിങ്ങൾ പിരടിയിൽ ഒന്നുമില്ലാതെ നിസ്കരിക്കരുത്' എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്. എന്നാൽ തല മറയ്ക്കാതെ നിസ്കരിക്കരുതെന്ന് പറഞ്ഞിട്ടില്ല. ഇനി നബി(സ്വ) തല മറച്ചിട്ടിട്ടുണ്ടോ എന്നാണ് ചോദ്യമെങ്കിൽ ഉത്തരം 'ഉണ്ട്' എന്നാണ്."

"അപ്പോൾ തല മറയ്ക്കൽ സുന്നത്തല്ലേ?"

ഉത്തരം: "നബി(സ്വ) തല മറച്ചിട്ടുണ്ട്, നീളക്കുപ്പായവും ഇട്ടിട്ടുണ്ട്. അപ്പോൾ അതും സുന്നത്തല്ലേ? പിന്നെ നബി(സ്വ) നിസ്കരിക്കുമ്പോൾ മാത്രമല്ല തലമറച്ചത്, എല്ലാ സമയത്തും മറച്ചിട്ടുണ്ട്. പിന്നെങ്ങനെയാണ് നിസ്കാരത്തിൽ മാത്രമൊരു തല മറയ്ക്കൽ വരുന്നത്?"

ഇത് പണ്ഡിതന്മാർ ചർച്ച ചെയ്ത വിഷയമാണ്. അതിനെ അവർ പെടുത്തിയത് നാട്ടുനടപ്പായ ചര്യ എന്നതിലാണ്. മതപരമായി അത് സുന്നത്താണെന്ന് പറയുകയാണെങ്കിൽ കന്തൂറയും (നീളക്കുപ്പായം) സുന്നത്താണെന്ന് പറയേണ്ടിവരും. ഇനി ഒരാൾ തലമറക്കുകയാണെങ്കിൽ യാതൊരു കുഴപ്പവുമില്ല. പക്ഷേ, നിസ്കാരത്തിൽ മാത്രമായി തൊപ്പിയിടലോ തല മറയ്ക്കലോ സുന്നത്താണെന്ന് പറയാൻ തെളിവില്ല. പിരടി മറയ്ക്കണമെന്ന് പറഞ്ഞ നബി(സ്വ) തല മറയ്ക്കണമെന്ന് പറയാൻ മറന്നതായിരിക്കില്ലല്ലോ.

തിരിച്ച് അങ്ങോട്ട് ചോദിച്ചു: 'നബി തങ്ങൾ തല മറച്ചിട്ടുണ്ടോ?'

നബിദിനക്കാരൻ: 'ഉണ്ട്.'

'അപ്പോൾ തല മറയ്ക്കൽ സുന്നത്താണോ?'

'അതെ.'

'നബിതങ്ങൾ കന്തൂറയിട്ടിട്ടുണ്ടോ?'

'ഉണ്ട്.'

'അപ്പോൾ കന്തൂറയിടൽ സുന്നത്തല്ലേ?'

'അത്... കന്തൂറ സുന്നത്തല്ല, തൊപ്പി സുന്നത്താണ്...'

"അതു ശരി! ഒന്ന് സുന്നത്തും ഒന്ന് സുന്നത്തല്ലാതാവുകയും ചെയ്യുന്നതിന്റെ ലോജിക്കെന്താണ്? തല മറയ്ക്കാത്ത നിസ്കാരത്തിന് വല്ല അപൂർണതയുമുണ്ടെങ്കിൽ നീളക്കുപ്പായമില്ലാത്ത നിസ്കാരത്തിനും അതേ അപൂർണതയുണ്ടെന്ന് പറയേണ്ടിവരും. തൽക്കാലം വിഷയം മാറ്റി രക്ഷപ്പെടല്ല; നബിദിനത്തിനുള്ള പ്രാമാണികമായ തെളിവുണ്ടെങ്കിൽ കൊണ്ടുവരിക...എന്നിട്ട് നമുക്ക് തൊപ്പിയിടാം."

**-ഹാഷിം കാക്കയങ്ങാട്**

# അറുതിയില്ലാത്ത ഇസ്റാഈൽ ഭീകരത

ജനിച്ചു വളർന്ന രാജ്യത്ത് കുടുംബത്തോടൊപ്പം സമാധാനത്തോടെ ജീവിക്കുക എന്നത് ഏതൊരു വ്യക്തിയുടെയും അഭിലാഷമാണ്. എന്നാൽ പതിറ്റാണ്ടുകളായി അതിനു സാധിക്കാതെ ജീവിക്കുന്നവരാണ് ഫലസ്തീൻ ജനത. ജനിച്ചുവളർന്ന ഫലസ്തീൻ നാട്ടിൽ സമാധാനത്തോടെ ജീവിച്ചിരുന്ന ജനങ്ങളെ ആട്ടിയോടിച്ച് അധിനിവേശം നടത്തിയവരാണ് ഇസ്റാഈല്യർ അഥവാ സയണിസ്റ്റ് ജൂതന്മാർ. ഈ അധിനിവേശത്തെ പിന്തുണച്ചുകൊണ്ട് 1948ൽ ഫലസ്തീൻ പ്രദേശങ്ങൾ രണ്ടായി പകുത്ത് ഇസ്റാഈൽ, ഫലസ്തീൻ എന്നീ രാഷ്ട്രങ്ങൾ രൂപീകരിക്കുകയാണ് ഐക്യരാഷ്ട്രസഭ ചെയ്തത്.

അന്നു തുടങ്ങിയതാണ് സ്വന്തം നാടിനു വേണ്ടിയുള്ള ഫലസ്തീൻ ജനതയുടെ പോരാട്ടം. മുക്കാൽ നൂറ്റാണ്ടിനിടയിൽ എത്രയോ ഫലസ്തീനികൾ ഇസ്റാഈൽ സൈനികരാൽ കൊല്ലപ്പെട്ടു. എന്നാൽ ഫലസ്തീൻ ജനതയുടെ പോരാട്ടവീര്യത്തെ നേർപ്പിക്കാൻ അവർക്കായിട്ടില്ല. ഫലസ്തീനികളായ ബാലന്മാരെ തെരഞ്ഞുപിടിച്ച് കൊല്ലുക എന്നത് ഇസ്റാഈൽ സൈന്യത്തിന്റെ അജണ്ടയിൽ പെട്ടതാണ്. ഫലസ്തീനികളെ നിശ്ശബ്ദരാക്കുക, അവരുടെ എണ്ണം വർധിക്കുന്നതിന് തടയിടുക എന്നതൊക്കെയാണ് അതിന്റെ ലക്ഷ്യം. എന്നിട്ടും മെഷീൻ ഗണ്ണുമായി നിരന്നുനിൽക്കുന്ന ഇസ്റാഈൽ സൈനികർക്കു നേരെ കല്ലെടുത്തെറിഞ്ഞ് രോഷം തീർക്കുന്ന ഫലസ്തീൽ ബാലന്മാർ ലോകത്തിനു മുന്നിൽ ഒരു വിസ്മയം തന്നെയാണ്. തങ്ങൾ ഏതു നിമിഷവും വെടിയുണ്ടയേറ്റ് കൊല്ലപ്പെട്ടേക്കാം എന്ന അവസ്ഥയിൽ ജീവിക്കുന്ന ഒരു ജനതയുടെ അവസ്ഥ എന്തുമാത്രം ഭീതിതമാണ്!

ഏതാനും ദിവസം മുമ്പ് മാധ്യമങ്ങൾ ഒരു ഫലസ്തീൻ ബാലനെ ഇസ്റാഈൽ സൈനികർ നിഷ്ഠൂരമായി വെടിവച്ചു കൊന്ന വാർത്ത റിപ്പോർട്ട് ചെയ്യുകയുണ്ടായി. അധിനിവേശ വെസ്റ്റ് ബാങ്കിലെ ജെനീൻ അയാർഥി ക്യാമ്പിലേക്ക് നുഴഞ്ഞുകയറിയ ഇസ്റാഈൽ സൈനികർ പതിനഞ്ചു വയസ്സുള്ള റഫാത് അഹ്മദിനെയാണ് ഓടിച്ചിട്ട് വെടിവച്ചു കൊന്നത്. ഇസ്റാഈൽ സൈനികർ സാധാരണ വേഷത്തിൽ ക്യാമ്പിലേക്ക് നുഴഞ്ഞുകയറുന്നത് റഫാത് കണ്ടു. കുട്ടി തങ്ങളെ കണ്ടുവെന്ന് മനസ്സിലായപ്പോഴാണ് സൈനികർ ഓടിച്ചിട്ട് വെടിവച്ചതെന്ന് ജനീവ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഡിഫൻസ് ഫോർ ചിൽഡ്രൻ ഇന്റർനാഷണൽ' എന്ന മനുഷ്യവകാശ സംഘടന പറയുന്നു.

ഫലസ്തീൻ ലൈസൻസുള്ള മൂന്ന് കാറുകളിലാണ് ഇസ്റാഈൽ സൈനികർ ക്യാമ്പിലെത്തിയത്. തുടർന്ന് ഒരു ഫലസ്തീനിയുടെ വീട് വളയുകയും ചെയ്തു. ഇസ്റാഈൽ സൈനികരാണ് കാറിലുള്ളതെന്ന് മനസ്സിലാക്കിയ കുട്ടി 'സൈന്യം, സൈന്യം' എന്ന് ഉച്ചത്തിൽ വിളിച്ച് ഓടി. ഉടൻതന്നെ ഒരു സൈനികൻ റഫാതിന്റെ പിന്നാലെ ഓടി 10 മീറ്റർ അകലെ വച്ച് വെടിവയ്ക്കുകയായിരുന്നു. കുട്ടിയുടെ വയറിനാണ് വെടിയേറ്റത്. നിലത്തു വീണ റഫാതിനെ സഹായിക്കാൻ ഒരു ഫലസ്തീനി എത്തിയെങ്കിലും സൈനികർ വീണ്ടും വെടിവച്ചു.

ഒടുവിൽ സഹായത്തിനെത്തിയ ഫലസ്തീനിയും കുടുംബവും റഫാതിനെ തങ്ങളുടെ വീട്ടിലേക്ക് എടുത്തു കൊണ്ടുപോയി. ജെനീൻ അയാർഥി ക്യാമ്പിലേക്ക് ആംബുലൻസുകൾ വരുന്നത് ഇസ്റാഈൽ സൈനികർ തടഞ്ഞതോടെ ഒന്നര മണിക്കൂറോളം റഫാത് വീട്ടിൽ രക്തംവാർന്നു കിടന്നു. പിന്നീട് ആംബുലൻസ് എത്തി ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പുതന്നെ കുട്ടി മരിച്ചു. കുട്ടിയുടെ വയറ്റിൽ തറച്ച വെടിയുണ്ട ശരീരത്തിന്റെ മറുഭാഗത്തുകൂടി തെറിച്ചുപോയതായി ദൃക്സാക്ഷികൾ പറയുന്നു. ഫലസ്തീനിൽ ഇസ്റാഈൽ സേന കുട്ടികളെ മനഃപൂർവം കൊല്ലുകയാണെന്ന് സംഘടന പറയുന്നു. ഈ വർഷം ഇതുവരെ 46 കുട്ടികളടക്കം 240 ഫലസ്തീനികളെ ഇസ്റാഈൽ കൊലപ്പെടുത്തിയിട്ടുണ്ട്.

ഫലസ്തീനികളെ ഉന്മൂലനാശം വരുത്തി മുഴുവൻ പ്രദേശവും തങ്ങളുടേതാക്കുക എന്ന ലക്ഷ്യമാണ് ഇസ്റാഈലിനുള്ളത്. ഫലസ്തീനി ബാലന്മാരെ തിരഞ്ഞുപിടിച്ച് വധിക്കുന്നതിനു പിന്നിൽ ഈയൊരു ലക്ഷ്യം കൂടിയുണ്ട്.





# പ്രതീക്ഷയുടെ ചിറകുവിടർത്തി ഇന്ത്യ

**നബീൽ പയ്യോളി**
: +966 55 771 0981

രാജ്യം ആവശ്യപ്പെടുന്ന മുന്നേറ്റത്തിന് 'ഇന്ത്യ'യെന്നു പേരിട്ടതു മുതൽ പ്രതീക്ഷകളുടെ ചിറകുവിടർത്തുകയാണ് നമ്മുടെ ജനാധിപത്യ സമൂഹം. ഫാസിസ്റ്റ് ശക്തികൾക്ക് അജയ്യമായി തുടരാമെന്ന വ്യാമോഹത്തിന് കനത്ത തിരിച്ചടിയാണ് രാജ്യത്തെ മതേതര കക്ഷികളുടെ കൈകോർക്കലിലൂടെ സംഭവിക്കുന്നത്. പ്രതിപക്ഷ കക്ഷികളുടെ ഐക്യപ്രഖ്യാപനം ബിജെപിയെ എൻഡിഎ എന്നൊരു മുന്നണിയുടെ ഭാഗം മാത്രമാണ് എന്ന് ഓർമിപ്പിക്കും വിധം സമ്മർദത്തിലാക്കാൻ സാധിച്ചിട്ടുണ്ട് എന്നത് ശുഭസൂചകമാണ്.

വെറുപ്പിന്റെ ശക്തികൾക്കെതിരെ രാജ്യത്തെ ജനാധിപത്യ ബോധമുള്ള 28 രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൈകോർക്കുന്നത് നിസ്സാരമായി കാണാവതല്ല, അത് ഗൗരവതരമായ നീക്കമാണെന്ന് ചുറ്റുപാടുകളെ നിരീക്ഷിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും. വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങൾ മുതൽ കുടുംബം, സമൂഹം, നാട്, ജോലി, സംഘടനകൾ തുടങ്ങി മനുഷ്യർ ഇടപെടുന്ന ഇടങ്ങളിലെല്ലാം അഭിപ്രായ വ്യത്യാസങ്ങളുള്ള മനുഷ്യരെയാണ് ചുറ്റുപാടും നമ്മൾ കണ്ടുവരുന്നത്. അൽപം പോലും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത വിധം സ്വാർഥതയുടെ നേർക്കാഴ്ചകൾ ദിനേന നാം കാണുന്നു. ഈ സന്ദർഭത്തിൽ വ്യത്യസ്ത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഒന്നിച്ചിരിക്കാനും ഒന്നിച്ചു മുന്നോട്ട് പോകാനും തീരുമാനിക്കുന്നത് ശക്തമായ പിന്തുണ നൽകേണ്ട അഭിനന്ദനർഹമായ നീക്കം തന്നെയാണ്.

സൂര്യനസ്യതമിക്കാത്ത സാമ്രാജ്യത്തിനുടമകളാ

**വെറുപ്പിന്റെ ശക്തികൾക്കെതിരെ രാജ്യത്തെ ജനാധിപത്യ ബോധമുള്ള 28 രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൈകോർക്കുന്നത് നിസ്സാരമായി കാണാവതല്ല, അത് ഗൗരവതരമായ നീക്കമാണെന്ന് ചുറ്റുപാടുകളെ നിരീക്ഷിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും. വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങൾ മുതൽ കുടുംബം, സമൂഹം, നാട്, ജോലി, സംഘടനകൾ തുടങ്ങി മനുഷ്യർ ഇടപെടുന്ന ഇടങ്ങളിലെല്ലാം അഭിപ്രാ യ വ്യത്യാസങ്ങളുള്ള മനുഷ്യരെയാണ് ചുറ്റുപാടും നമ്മൾ കണ്ടുവരുന്നത്. അൽപം പോലും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത വിധം സ്വാർഥതയുടെ നേർക്കാഴ്ചകൾ ദിനേന നാം കാണുന്നു. ഈ സന്ദർഭത്തിൽ വ്യത്യസ്ത രാഷ്ട്രീ യ പ്രസ്ഥാനങ്ങൾ ഒന്നിച്ചിരിക്കാനും ഒന്നിച്ചു മു ന്നോട്ട് പോകാനും തീരുമാനിക്കുന്നത് ശക്ത മായ പിന്തുണ നൽകേണ്ട അഭിനന്ദനർഹമായ നീക്കം തന്നെയാണ്.**

യിരുന്ന ബ്രിട്ടീഷുകാരെ അധികാരത്തിന്റെ അന്തഃപുരങ്ങളിൽനിന്നും വലിച്ചിറക്കി സ്വാതന്ത്ര്യം പിടിച്ചുവാങ്ങിയ പാരമ്പര്യമുള്ള നമ്മുടെ രാജ്യത്തിന് അതേ അധികാര ഭ്രമത്തിൽ ഉന്മത്തരായവരെ താഴെയിറക്കാൻ ഒന്നിക്കാതിരിക്കാനാവില്ല. സർവവിധ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവച്ച് ഒന്നിച്ചുള്ള മുന്നേറ്റത്തിന് തീരുമാനിക്കുകയും അത് പ്രഖ്യാപിക്കുകയും മുഴുവൻ ജനങ്ങളുടെയും പിന്തുണ ആവശ്യപ്പെടുകയും ചെയ്യുന്നതോടൊപ്പം രാജ്യത്തുടനീളം ഇന്ത്യ സഖ്യം പൊതുയോഗങ്ങൾ സംഘടിപ്പിച്ചു ജനകീയ മുന്നേറ്റം സാധ്യമാക്കും. ഒക്ടോബർ ആദ്യ വാരത്തിൽ ഭോപ്പാലിലാണ് ആദ്യ പൊതുയോഗം. തുടർന്ന് വിവിധയിടങ്ങളിൽ നടക്കുന്ന സംയുക്ത പൊതു സമ്മേളനങ്ങളിൽ ബിജെപി സർക്കാരിനെതിരായ പ്രചാരണ പരിപാടികൾക്ക് ജനകീയ മുഖം കൈവരിക്കും. സാധാരണ ജനങ്ങളെ ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെ ഉയർത്തിയാവും പ്രചാരണങ്ങൾ സംഘടിപ്പിക്കുക.

വിലക്കയറ്റം, തൊഴിലില്ലായ്മ, ക്രമസമാധാന പ്രശ്നങ്ങൾ, സ്ത്രീകൾക്ക് നേരെറ്റിയുള്ള അതിക്രമം തുടങ്ങിയ അടിസ്ഥാന വിഷയങ്ങൾക്ക് ഊന്നൽ നൽകിയുള്ള പ്രചാരണങ്ങൾക്ക് ജനങ്ങൾക്കിടയിൽനിന്നും ലഭിച്ച പിന്തുണയും സ്വീകാര്യതയുമാണ് കർണാടക നിയമസഭ തെരഞ്ഞെടുപ്പിലുണ്ടായ വൻവിജയത്തിനു കാരണം എന്നത് പ്രതിപക്ഷ നിരയിലെ കക്ഷികൾക്ക് ബോധ്യമായ യാഥാർഥ്യമാണ്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ജീവൽ പ്രശ്നങ്ങളെ കേൾക്കാനും പരിഹാരം കാണാനും സാധിക്കുന്നവർക്ക് മാത്രമെ അവരെ ചേർത്തുനിർത്താനും അവരുടെ പ്രതിനിധികളായി മാറുവാൻ സാധിക്കുംവിധം പ്രവർത്തിക്കാനും കഴിയൂ എന്ന തിരിച്ചറിവിലേക്ക് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മാറിയിട്ടുണ്ട് എന്നുവേണം കരുതാൻ.

വിദ്വേഷത്തിന്റെ വിഷലിപ്ത വാർത്താമുഖങ്ങളായ 14 മാധ്യമ പ്രവർത്തകരെ ബഹിഷ്കരിക്കാനുള്ള സഖ്യത്തിന്റെ തീരുമാനം രാജ്യത്തെ മാധ്യമ പ്രവർത്തകർക്ക് പുനർവിചിന്തനം നടത്താനുള്ള സന്ദേശമാവും എന്ന് പ്രത്യാശിക്കാം. വായിൽ തോന്നിയത് വിളിച്ചുപറയാനും സത്യത്തിന്റെ വക്താക്കളെ വ്യക്തിഹത്യയും നുണപ്രചാരണങ്ങളും നടത്തി ഇല്ലായ്മ ചെയ്യാനുമുള്ള നീചശ്രമങ്ങൾക്ക് ഇടം നൽകാൻ തയ്യാറല്ലെന്ന ശക്തമായ സന്ദേശമാണ് ഈ ബഹിഷ്കരണ തീരുമാനത്തിലൂടെ സഖ്യം നൽകുന്നത്. ഫാസിസ്റ്റ് മെഗാഫോണുകളെ അവഗണിക്കുകയും ജനാധിപത്യ-മതനിരപേക്ഷ ആശയവിനിമയ സംവിധാനങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതുതന്നെയാണ് ഇന്നിന്റെ ചുറ്റുപാട് ആവശ്യപ്പെടുന്നത്. അതിൽ സഖ്യത്തിന്റെ നിലപാടും കാഴ്ചപ്പാടുകളും ഒറ്റക്കെട്ടായ തീരുമാനവുമെല്ലാം ശുഭസൂചകമാണ്. വിഷപ്രചാരകർക്ക് മുഖംകൊടുക്കാൻ മനസ്സില്ലെന്ന് പ്രഖ്യാപിക്കുകവഴി വരുംദിനങ്ങളിലെ അജണ്ടകൾ തീരുമാനിക്കുന്നത് ഞങ്ങളാണ് എന്നുകൂടി പറയുകയാണ് സഖ്യം.




ഇതെല്ലാം രാജ്യത്തെ ജനാധിപത്യത്തിന്റെ പുതിയ അധ്യായത്തിന്റെ തുടക്കമാണ്. വൈവിധ്യങ്ങളെ ചേർത്തുനിർത്തി കോർത്തിണക്കിയ ഇന്ത്യയെന്ന പൂമാലയിലെ ഓരോ കണ്ണിയും നൽകുന്ന മനോഹാരിതയെ തല്ലിത്തകർത്ത് ഏകശിലാത്മക രാജ്യം സ്വപ്നം കാണുകയും അതിനുവേണ്ടി പണിയെടുക്കുകയും ചെയ്യുന്ന സംഘപരിവാരം തങ്ങളുടെ സർവ കുതന്ത്രങ്ങളും പ്രയോഗിക്കുമെന്നത് തിരിച്ചറിഞ്ഞുകൊണ്ട് തന്നെയാണ് വിവിധ കക്ഷികൾ ഐക്യപ്പെട്ടിരിക്കുന്നത്. അന്വേഷണ ഏജൻസികളെ വിട്ട് ഭയപ്പെടുത്താനും നിയമക്കുരുക്കിൽ പെടുത്തി കർമശേഷിയെ ഇല്ലാതാക്കാനും ശ്രമിക്കുമ്പോൾ ഒരേ മനസ്സോടെ ഒന്നിച്ചുനിന്ന് സർവ കുതന്ത്രങ്ങളെയും തകർത്തു കളയാൻ സാധിക്കുമെന്ന് കാണിച്ചുകൊടുക്കുകയാണ് രാജ്യം ചെയ്യേണ്ടത്.

ഒന്നും നടക്കില്ലെന്ന് തീർത്തു പറഞ്ഞവർക്ക് മുമ്പിൽ രാജ്യത്തുടനീളം നടന്ന് വിവിധ ജനവിഭാഗങ്ങളെ കേട്ടും കണ്ടും ചേർത്തുനിർത്തിയും രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ ഭാരത് ജോഡോ

യാത്ര രാജ്യത്തെ അടിസ്ഥാന ജന വിഭാഗങ്ങളുടെ ജീവിത യാഥാർ ഥ്യങ്ങളിലേക്കുള്ള യാത്രകൂടി യായിരുന്നു. വൈവിധ്യങ്ങളെ മനോഹരമായി ചേർത്തുനിർത്തി, അസാധ്യമെന്ന് വിമർശകർ പരി ഹസിച്ച പല നേട്ടങ്ങളും സാധ്യ മാക്കിയ പാരമ്പര്യമുള്ളവരാണ് നമ്മൾ. കോടിക്കണക്കിന് അരപ്പ ട്ടിണിക്കാരും മുഴുപ്പട്ടിണിക്കാരു മായവരെ ബാക്കിയാക്കിയാണ് രാജ്യത്തെ കൊള്ളയടിച്ച ബ്രിട്ടീ ഷുകാർ രാജ്യം വിട്ടത്. അതിനു ശേഷം അതിവേഗം വളർന്ന് ലോ കത്തിന്റെ നെറുകയിലെത്തിയ രാജ്യമാണ് ഇന്ത്യ. ഇന്ന് 'ചന്ദ്ര യാൻ' നേട്ടത്തിൽ നാം അഭിമാനം കൊള്ളുന്നു. രാജ്യത്തെ ജനങ്ങളെ ചേർത്തു നിർത്തി വളർത്തിയെടു ത്ത ജനാധിപത്യ നായകരുടെ ദീർ ഘവീക്ഷണത്തോടെയുള്ള പ്രവർ ത്തനങ്ങളെ കൂടുതൽ സ്മരിക്കേണ്ട സന്ദർഭമാണിത്.

അതെ, സർവത്ര തകർന്ന; പ്രതീക്ഷയുടെ നാമ്പുപോലും അവശേഷിക്കുന്നില്ലെന്ന് കരുതി യിടത്തു നിന്നാണ് നമ്മൾ അഭി മാനംകൊള്ളുന്ന നേട്ടങ്ങളുടെ നീണ്ട പട്ടിക സാധ്യമാക്കിയത്. വെറുപ്പിന്റെ, സ്വാർഥതയുടെ, നശീ കരണത്തിന്റെ ശക്തികൾക്ക് ജന തയെ പ്രതീക്ഷയോടെ മുന്നോട്ട് നയിക്കാൻ സാധ്യമല്ല. വെറുപ്പും ഭയവും വിദ്വേഷവും മാത്രമെ അത്തരം ശക്തികൾ എന്നും കൈ മാറിയിട്ടുള്ളൂ. ദീർഘവീക്ഷണവും ജനാധിപത്യബോധ്യവും ചേർത്ത് മുൻഗാമികൾ ഉണ്ടാക്കിയെടുത്ത നേട്ടങ്ങൾ തങ്ങളുടെ അക്കൗണ്ടി ലേക്ക് വരവുവയ്ക്കാൻ ശ്രമിക്കുക യും ചരിത്രയാഥാർഥ്യങ്ങളെ തിരു ത്തി നേട്ടങ്ങളുടെ വീരപരിവേഷം അണിയാൻ ശ്രമിക്കുകയും ചെയ്യു ന്നവർ സ്വയം പരിഹാസ്യരാവും എന്നത് തീർച്ച; ചരിത്രം സാക്ഷി.

പ്രതീക്ഷയുടെ ചിറകിലേക്കാ ണ് 'ഇന്ത്യ' രാജ്യത്തെ മുഴുവൻ ജനതയെയും വിളിക്കുന്നത്. വി ലക്കയറ്റവും പട്ടിണിയും തൊഴി ലില്ലായ്മയും വർഗീയതയും പെ രുകുകയാണ്. മണിപ്പൂരിന്റെയും ഹരിയാനയുടെയും ഉത്തർപ്രദേ ശിന്റെയും തെരുവീഥികളിൽനി ന്ന് ഉയരുന്ന പുകയും സഹോദ രങ്ങളുടെ തേങ്ങിക്കരച്ചിലുകളും പിച്ചിച്ചീന്തപ്പെടുന്ന പെൺകുട്ടി കളുടെ ആർത്തനാദങ്ങളും അട ങ്ങിയിട്ടില്ല. ചരിത്രത്തിലെ മറ്റൊ രു നിർണായകമായ ഘട്ടത്തിലൂടെ രാജ്യം കടന്നുപോകുകയാണ്. നമുക്ക് നമ്മുടെ അഭിമാനവും മത നിരപേക്ഷ പാരമ്പര്യവും മുന്നേ റ്റവും തിരിച്ചുപിടിച്ച് നേട്ടങ്ങളു ടെ നെറുകയിലേക്ക് കുതിക്കാൻ സാധിക്കണം. അതിനുള്ള, യാ ഥാർഥ്യബോധ്യത്തിലൂന്നിയ പ്ര തീക്ഷയുടെ ചിറകാണ് ഇന്ത്യ മുന്നണി രാജ്യത്തിന് മുകളിൽ വി രിക്കുന്നത്. ആ തണലിനെ വിശ്വ സിക്കാനും അതിൽ പ്രതീക്ഷയർ പ്പിക്കാനും പരമാവധി പിന്തുണ നൽകാനും സാധ്യമാവുമ്പോഴേ മിനിമം ജാനാധിപത്യബോധ്യമെ ങ്കിലും നമ്മുടെ ഉള്ളിലുണ്ടെന്ന് വി ശ്വസിക്കാൻ കഴിയൂ.

ഫാസിസം സർവായുധ സജ്ജ രായി ഈ ഐക്യനീക്കത്തെ തകർ ക്കാൻ ശ്രമിക്കുമെന്ന തിരിച്ചറിവിൽ നിന്നുതന്നെ അവരുടെ വിദ്വേഷ ഫാക്ടറിയിൽനിന്നും വമിക്കുന്ന വിഷവാതകങ്ങളെ അവഗണി ച്ചും അതിനെതിരെ നിതാന്ത ജാ ഗ്രതപാലിച്ചും നമ്മുടെ അജണ്ടക ളെ ആർക്കും വഴിതിരിച്ചുവിടാൻ സാധിക്കില്ലെന്ന ഉറച്ച ബോധ്യ മുണ്ടാക്കിയും അത് ഓരോ നിമി ഷവും ബോധ്യപ്പെടുത്തിയും മു ന്നോട്ട് പോവുക എന്നതാണ് ഇന്ന് നമ്മുടെ രാജ്യം നമ്മോട് ആവശ്യ പ്പെടുന്നത്. എന്റെയും നിങ്ങളു ടെയും രാജ്യത്തിന്റെയും നിലനി പ്പിന് അത് അനിവാര്യമാണെന്ന തിരിച്ചറിവിൽനിന്ന് നിലപാടുക ളും അഭിപ്രായങ്ങളും ആശയങ്ങ ളും രൂപപ്പെടുത്തിയെടുക്കാനുള്ള വിവേകമതികളായി നാം സ്വയം മാറുക. നമ്മുടെയും സമൂഹത്തി ന്റെയും രാജ്യത്തിന്റെയും നില നിൽപിന് അത് അനിവാര്യമായ ഇന്നിന്റെ സാഹചര്യത്തിൽ; പ്ര തീക്ഷയാണ് ഇന്ത്യ, നമുക്കും രാജ്യത്തിനും. ■



ഹിജ്റ വർഷം പതിമൂന്നിൽ രണ്ട് ലക്ഷത്തിലധികം വരുന്ന റോമൻ സൈന്യത്തോട് ഏറ്റുമുട്ടാൻ ഖാലിദ് ബിൻ വലീദി(റ)ന്റെ നേതൃത്വത്തിലുള്ള കൊച്ചുസംഘം വിശ്വാസത്തിന്റെ ശക്തികൊണ്ട് യർമൂക്കിന്റെ രണഭൂമിയിൽ തമ്പടിച്ചിരിക്കുകയാണ്.

പാരാവാരം പോലെ പരന്നുനിൽക്കുന്ന ബയ്സന്റിയൻ പടയാളികളിൽനിന്ന് ജൂർജ എന്ന പോരാളി ഖാലിദ് ബിൻ വലീദി(റ)ന്റെ അരികിലെത്തി പറഞ്ഞു: 'നിങ്ങളെന്നെ വിശ്വസിക്കണം. ഞാൻ നിങ്ങളോട് കളവുപറഞ്ഞ് ചിതിക്കാൻ വന്നതല്ല...'

അവർ സംസാരിച്ചു തുടങ്ങി. അദ്ദേഹം ചോദിച്ചു: 'എനിക്കൊരു കാര്യമറിയണം, അല്ലാഹു നിങ്ങളുടെ പ്രവാചകന് ആകാശത്തുനിന്ന് ഒരു വാൾ ഇറക്കിക്കൊടുത്ത് അദ്ദേഹം അത് താങ്കൾക്ക് നൽകുകയും അതുമായി പോരാടുന്നവരെയൊക്കെ പരാജയപ്പെടുത്താൻ നിങ്ങൾക്ക് സാധിക്കുകയും ചെയ്യുമോ?'

ഖാലിദ്(റ) പറഞ്ഞു: 'ഇല്ല, അങ്ങനെയില്ല.'

ജുർജ: 'പിന്നെ എങ്ങനെയാണ് നിങ്ങൾക്ക് സൈഫുല്ലാഹ് (അല്ലാഹുവിന്റെ വാൾ) എന്ന നാമം ലഭിച്ചത്?'

ഖാലിദ്(റ): 'അല്ലാഹു ഞങ്ങളിലേക്ക് പ്രവാചകനെ നിയോഗിച്ചു. അദ്ദേഹം ഞങ്ങളെയെല്ലാം ദീനിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. ഞങ്ങൾ നബിയെ കളവാക്കുകയും അകറ്റിനിർത്തുകയും ചെയ്തു. എന്നാൽ ചിലരാവട്ടെ



# റോമൻ പടയാളിയായ ജുർജയുടെ മനംമാറ്റത്തിന്റെ കഥ

നൂറുദ്ദീൻ സ്വലാഹി, വെട്ടത്തൂർ

സത്യപ്പെടുത്തുകയും പിൻപറ്റുകയും ചെയ്തു. പക്ഷേ, അപ്പോഴൊക്കെ ഞാൻ ശക്തമായി അദ്ദേഹത്തിൽ അവിശ്വസിക്കുകയും അദ്ദേഹത്തിനെതിരിൽ പോരാടുകയുമായിരുന്നു. പിന്നീട് അല്ലാഹു എനിക്ക് ഹിദായത്തിന്റെ വെളിച്ചം നൽകി. അപ്പോൾ പ്രവാചകൻ (സ്വ) എന്നോട് പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിന്റെ വാളുകളിൽ പെട്ട ഒരു വാളാണ്.' തുടർന്ന് എനിക്കു വേണ്ടി അദ്ദേഹം പ്രാർഥിച്ചു. അങ്ങനെയാണ് എനിക്ക് ഈ പേര് കിട്ടിയത്.

ജുർജ: 'ഖാലിദ്! ഏത് ആദർശത്തിലേക്കാണ് പ്രവാചകൻ നിങ്ങളെ ക്ഷണിക്കുന്നത്?'

ഖാലിദ്(റ): 'അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനല്ലന്നും മുഹമ്മദ്(സ്വ) അവന്റെ ദൂതനാണെന്നും വിശ്വസിക്കുകയും അല്ലാഹുവിന്റെ കൽപനകൾ പൂർണമായും അനുസരിക്കുകയും ചെയ്യണം എന്നതിലേക്കാണ് പ്രവാചകൻ ഞങ്ങളെ ക്ഷണിക്കുന്നത്.'

ജുർജ: 'ഖാലിദ്! ഇന്ന് ഇസ്‌ലാം ആശ്ലേഷിക്കുന്നവന് നിങ്ങൾക്ക് ലഭിക്കുന്നതു പോലുള്ള പ്രതിഫലം ലഭിക്കുമോ?'

ഖാലിദ്(റ): 'അതെ, അതിലേറെ ലഭിക്കും!'

ജുർജ: 'അതെങ്ങനെ ഖാലിദ്? നിങ്ങൾ ഒരുപാട് മുൻകടന്നുവരല്ലേ?'

ഖാലിദ്(റ): 'ഞങ്ങൾ പ്രവാചകന്റെ കൂടെ ജീവിച്ച് അവിടത്തെ മുഅ്ജിസത്തുകളെ നേരിൽ കണ്ടും വഹ്‌യിനെ നേരിൽ അനുഭവിച്ചും അദ്ദേഹത്തിൽ വിശ്വസിച്ചവരാണ്. എന്നാൽ അതെല്ലാം കേട്ടറിഞ്ഞ് മാത്രം അതിൽ വിശ്വസിക്കുന്ന നിങ്ങൾ സദുദ്ദേശ്യത്തോടെയാണെങ്കിൽ എത്രയോ ഉത്തമരാണ്.'

ജുർജയുടെ മനസ്സിൽ പുതിയ വെളിച്ചം വീശിത്തുടങ്ങി. ധൃതിയിൽ അദ്ദേഹം ഖാലിദി(റ)നോട് പറഞ്ഞു: 'ഖാലിദ്! നിങ്ങൾ എനിക്ക് ഇസ്‌ലാമിനെ അറിയിച്ചുതരൂ.'

ഖാലിദ്(റ) പറഞ്ഞു: 'നിങ്ങൾ അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് എന്നുരുവിട്ട് ഇസ്‌ലാമിലേക്ക് വന്നോളൂ.'

അദ്ദേഹം വേഗത്തിൽ അപ്രകാരം ചെയ്തു. സൈന്യങ്ങൾ സർവസജ്ജരായി നിൽക്കുന്ന രണഭൂമിയിലെ പോരാട്ടത്തിന് തൊട്ടുമുമ്പുള്ള നിമിഷങ്ങളിലാണ് ഇതെല്ലാം സംഭവിക്കുന്നത്. ഇനി മറ്റൊന്നിനും സമയമില്ല. കിട്ടിയ വിശ്വാസത്തിന്റെ തെളിച്ചത്തിൽ അദ്ദേഹം രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ചു. ശേഷം പോരാട്ട ഭൂമിയിലിറങ്ങി. യുദ്ധം കൊടുമ്പിരികൊണ്ടു. ആയിരങ്ങൾക്ക് മുമ്പിൽ ലക്ഷങ്ങൾ വരുന്ന ബയ്സന്റിയൻ പട പരാജയപ്പെട്ടു. സിറിയൻ മണ്ണിൽ നിന്ന് അവർ തുടച്ചുനീക്കപ്പെട്ടു

രക്തസാക്ഷികളായ മുസ്‌ലിം സൈനികരുടെ കൂട്ടത്തിൽ അന്ന് വിശ്വാസിസമൂഹം ജുർജയെയും കണ്ടു. അൽപം മുമ്പുവരെ അവിശ്വാസിയായിരുന്ന അദ്ദേഹത്തെ അവർ വിശ്വാസികളിലെ ശുഹദാക്കളുടെ കൂടെ മറവു ചെയ്തു. വിശ്വാസത്തിന്റെയും ശഹാദത്തിന്റെയും ഇടയിൽ അദ്ദേഹത്തിന് ലഭിച്ചത് രണ്ടു റക്അത്ത് നമസ്കരിക്കാനുള്ള സമയം മാത്രമായിരുന്നു...'' (ഇബ്നുകസീർ-ബിദായ, താരീഖു ത്വബ്‌രി).

എത്രകാലം ജീവിച്ചു എന്നതല്ല, ജീവിതകാലത്തെ എങ്ങനെ ചെലവഴിച്ചു എന്നതും നമ്മുടെ അന്ത്യം എപ്രകാരമാവണമെന്നതുമാണ് ഈ ചരിത്രം നമുക്ക് നൽകുന്ന പാഠം. വിശ്വാസികളായി ജീവിച്ച് പിന്നീട് പാടെ അകന്നു പോയവരും തെറ്റുകളിലും തെമ്മാടിത്തരങ്ങളിലും ദൈവനിഷേധത്തിലും മുങ്ങിക്കുളിച്ച് എവിടെനിന്നോ ലഭിച്ച ഒരു സ്പാർക്കിൽ ജീവിതം പ്രശോഭിതമായ എത്രയോ ആളുകളും നമുക്കിടയിൽ ജീവിക്കുന്നുണ്ട്.

യൂസുഫ് നബി(അ)യുടെ പ്രാർഥന ഖുർആൻ വിവരിച്ചുതന്നത് നമുക്കും പ്രവർത്തികമാക്കാൻ വേണ്ടിയാണ്. '...എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സൽവൃത്തരുടെ കൂടെ ചേർക്കുകയും ചെയ്യണമേ.' അല്ലാഹു അനുഗ്രഹമായി നൽകിയ വിശ്വാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് അതിൽ നില നിൽക്കാൻ വേണ്ടി സദാ പ്രാർഥിച്ചുകൊണ്ടിരിക്കാം.

കവർ സ്റ്റോറി

# ‘തൃപ്പനച്ചിയിലെ രാജകിളി’യും സമസ്തയുടെ ശീഈ ബന്ധവും

**മൂസ സ്വലാഹി കാര**
:97473 45768

**ചൂഷണത്തിനെതിരെ ശക്തമായ നിലപാടെടുത്ത മതമാണ് ഇസ്‌ലാം. എന്നാൽ അന്ധവിശ്വാസങ്ങളിലൂടെയും അനാചാരങ്ങളിലൂടെയും ഉദരപൂരണം നടത്തുന്ന പൗരോഹിത്യം മുസ്‌ലിംകൾക്കിടയിലും കടന്നുകയറി. സാത്വികമായ ഔലിയാഅ് എന്ന ആശയത്തെ അവർ പൊതുസമൂഹത്തിന് മുമ്പിൽ അപഹാസ്യമാക്കി. നമുക്കിടയിൽ ജീവിച്ചു മരിച്ച സാധാരണക്കാരെപ്പോലും ‘അപദാന’ങ്ങളിലൂടെ അപമാനിക്കുന്ന പൗരോഹിത്യത്തിന്റെ വീരസ്യങ്ങൾ കേട്ട് പൊതുജനങ്ങൾ തലയറഞ്ഞ് ചിരിക്കുമ്പോൾ സമുദായം ലജ്ജിച്ച് തലതാഴ്ത്തുകയാണ്.**

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വിരുന്നൊരുക്കിയാണ് സമസ്തക്കാർ ഒരു നൂറ്റാണ്ടുകാലം സമുദായത്തിൽ ഇഴുകിച്ചേർന്നത്. മതത്തോടുള്ള അവജ്ഞയും പ്രമാണങ്ങളോടുള്ള മതിപ്പില്ലായ്മയും ഇവരെ നിന്ദ്യതയിലേക്ക് നയിച്ചുകൊണ്ടേയിരുന്നു. പൂർവകാല പുരോഹിതന്മാർ ശിയാക്കളിൽനിന്ന് കൈപ്പറ്റിയ പിഴച്ച ചിന്തകളെ വാരിപ്പുണർന്ന വർത്തമാനകാല മുസ്‌ലിയാക്കന്മാരിൽനിന്ന് ഈയിടെയായി അതിനുവേണ്ടി ശബ്ദിക്കാനുള്ള ശുഷ്കാന്തിയും വീര്യവുമൊക്കെ ചോർന്നുപോയിട്ടുള്ളതായി കാണുന്നു.

> പൂർവകാല പുരോഹിതന്മാർ ശിയാക്കളിൽനിന്ന് കൈപ്പറ്റിയ പിഴച്ച ചിന്തകളെ വാരിപ്പുണർന്ന വർത്തമാനകാല മുസ്‌ലിയാക്കന്മാരിൽ നിന്ന് ഈയിടെയായി അതിനുവേണ്ടി ശബ്ദിക്കാനുള്ള ശുഷ്കാന്തിയും വീര്യവുമൊക്കെ ചോർന്നുപോയിട്ടുള്ളതായി കാണുന്നു.

സമസ്ത മുശാവറയുടെ അറിവോടെ നടത്തപ്പെട്ട ഉലമാ സമ്മേളങ്ങൾ നാളിതുവരെ അവർ കൊണ്ടുനടന്ന ആശയാദർശങ്ങളെ തകർക്കുന്നതും അണികളെ തളർത്തുന്നതുമാണ്. സമ്മേളന കൈപ്പുസ്തകത്തിൽ ചേർത്ത പുതിയ ആദർശങ്ങളിൽ ഒന്ന് ഇങ്ങനെയാണ്: “എല്ലാ സത്യവും എല്ലാവരോടും പറയാനുള്ളതല്ല. വിശ്വാസത്തിലും കർമത്തിലും തെറ്റിദ്ധാരണക്ക് വഴിവെക്കുന്നത് പറയാതിരിക്കണം. സോഷ്യൽ മീഡിയ യുഗത്തിൽ എവിടെ പറഞ്ഞാലും പരസ്യമാണ്. അതിനാൽ പ്രബോധകർ പ്രത്യേകം ശ്രദ്ധിക്കണം”(പേജ് 5).

ഇസ്‌ലാമിനെ അവഹേളിക്കുംവിധം മുശാവറയുടെ കാര്യദർശികൾ പോലും വ്യാജ ഔലിയാക്കളെ പരിധി



ഇസ്‌ലാമിനെ അവഹേളിക്കുംവിധം മുശാവറയുടെ കാര്യദർശികൾ പോലും വ്യാജ ഔലിയാക്കളെ പരിധിയില്ലാതെ വാഴ്ത്തുകയും 'അമ്പരപ്പിക്കുന്ന കറാമത്ത് കഥകൾ' വാതോരാതെ പ്രചരിപ്പിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ സമസ്ത കുത്തിയൊലിച്ചുപോകാൻ ഇത് കാരണമാകുമെന്ന് മണത്തറിഞ്ഞ ചില മുസ്‌ലിയാക്കന്മാർ പൊടുന്നനെ ആശയങ്ങൾക്ക് അതിർ വരമ്പിടുകയാണുണ്ടായത്. ഇതുൾക്കൊള്ളാൻ കഴിയാത്ത പലരുടെയും മുഖം കരുവാളിച്ചതിനാൽ മുശാവറക്കകത്ത് പുതിയ തത്ത്വങ്ങൾ ആളിപ്പടരുകയും പുറത്ത് പുകഞ്ഞ് നിൽക്കുകയുമാണ്.

യില്ലാതെ വാഴ്ത്തുകയും 'അമ്പരപ്പിക്കുന്ന കറാമത്ത് കഥകൾ' വാതോരാതെ പ്രചരിപ്പിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ സമസ്ത കുത്തിയൊലിച്ചുപോകാൻ ഇത് കാരണമാകുമെന്ന് മണത്തറിഞ്ഞ ചില മുസ്‌ലിയാക്കന്മാർ പൊടുന്നനെ ആശയങ്ങൾക്ക് അതിർവരമ്പിടുകയാണുണ്ടായത്. ഇതുൾക്കൊള്ളാൻ കഴിയാത്ത പലരുടെയും മുഖം കരുവാളിച്ചതിനാൽ മുശാവറക്കകത്ത് പുതിയ തത്ത്വങ്ങൾ ആളിപ്പടരുകയും പുറത്ത് പുകഞ്ഞ് നിൽക്കുകയുമാണ്. സത്യത്തെ മൂടിവച്ചും പൊള്ളവാദങ്ങളെ സത്യത്തിൽ കലർത്തിയും പുരോഹിതന്മാർ അവരുടെ വിശ്വാസം സമൂഹത്തിൽ വേരോടിച്ചതിനാൽ ഒട്ടേറെ കളവുകളെ 'സത്യം' എന്ന പാത്രത്തിൽ അവർക്ക് വിളമ്പേണ്ടി വന്നു. ക്വുർആനിന്റെ ഈ മുന്നറിയിപ്പിനെ കൂസാതെയാണിവർ മുന്നോട്ടു പോകുന്നത്: "നിങ്ങൾ സത്യത്തെ അസത്യവുമായി കൂട്ടിക്കുഴക്കരുത്. അറിഞ്ഞുകൊണ്ട് സത്യം മറച്ചുവയ്ക്കുകയും ചെയ്യരുത്" (2:42).

സകല സമസ്തക്കാർക്കും പ്രിയപ്പെട്ട, അവരുടെ 'മുറബ്ബി'യും അജ്മീർ, നാഗൂർ, ഏർവാടി, മുത്തുപ്പേട്ട, മമ്പുറം, ഓമാനൂർ, പുത്തൻപള്ളി, പാറപ്പള്ളി, ഉള്ളാൾ, മടവൂർ, അമ്പംകുന്ന് തുടങ്ങിയ എല്ലാ അന്ധവിശ്വാസ കേന്ദ്രങ്ങളുമായി ആത്മീയബന്ധം ഉണ്ടായിരുന്നതും ശിയാഇസത്തെ പുൽകുകയും സർവോപരി മനോനില തെറ്റി ജീവിക്കുകയും ചെയ്തിരുന്ന തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാരുടെ ജീവചരിത്രം ക്രോഡീകരികരിക്കപ്പെട്ട 'ഔലിയാഉൽ രാജകിളി, തൃപ്പനച്ചി ഉസ്താദ്' എന്ന പുസ്തകം സ്പർശിക്കാൻ പറ്റാത്തവിധം

ഇസ്‌ലാമിക വിരുദ്ധമായ കാര്യങ്ങൾ എഴുതിപ്പിടിപ്പിച്ചതാണ്.


ജിഫ്‌രി മുത്തുക്കോയ തങ്ങൾ, ആലിക്കുട്ടി മുസ്‌ലിയാർ, നാസിർ അബ്ദുൽഹയ്യ് തങ്ങൾ, എം.ടി അബ്ദുല്ലമുസ്‌ലിയാർ, അബ്ബാസലി ശിഹാബ് തങ്ങൾ, ഹമീദലി ശിഹാബ് തങ്ങൾ, മുനവ്വറലി ശിഹാബ് തങ്ങൾ, മൊയ്തീൻകുട്ടി മുസ്‌ലിയാർ, കുഞ്ഞിക്കോയ മുസ്‌ലിയാർ എന്നീ സമസ്തയിലെ പ്രമുഖരുടെ ആശീർവാദത്തോടെ പുറത്തിറക്കിയ ഈ കൃതി വിമർശനങ്ങൾക്കും ചോദ്യം ചെയ്യപ്പെടലിനും മുമ്പിൽ അപ്രത്യക്ഷമായിട്ടുണ്ട്.

നേർവഴിയിൽനിന്നകന്ന് ക്വാദിരിയ്യ, രിഫാഇയ്യ, കൊണ്ടോട്ടി പോലെയുള്ള പൊള്ളയായ ത്വരീഖത്തുകളിൽ മുങ്ങിക്കുളിച്ച തൃപ്പനച്ചി മുസ്‌ലിയാർ 'ഔലിയാഇൽ രാജകിളി'യായതിന്റെ രഹസ്യം അയാൾതന്നെ പറയുന്നത് കാണുക: "ഞാൻ വേറെ പടപ്പാണ്! എന്റെ സൃഷ്ടിപ്പിൽതന്നെ പ്രത്യേക പ്രകൃതിയുണ്ട്. ഞാൻ ജനിക്കുന്നതിന് മുമ്പേ ഇബാദത്തിലായിരുന്നു. ഞാൻ ഒരു സ്ഥലത്ത് ഇരുന്നാൽ അവിടെ അല്ലാഹുവിന്റെ റഹ്‌മത്തും ബറകത്തും ഇറങ്ങും. ഞാൻ ഒരാളുടെ കയ്യിൽനിന്നും ചായ വാങ്ങി കുടിച്ചാൽ അയാളുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാകും, രോഗം സുഖപ്പെടും" (പേജ് 439).

സ്വയം പ്രശംസിക്കുകയും അമാനുഷികമായ കഴിവുണ്ടെന്ന് അഭിമാനംകൊള്ളുകയും സ്വയം പ്രഖ്യാപിത 'ഔലിയ' ആയി മാറുകയും ചെയ്ത ഈ വ്യക്തിക്ക് അല്ലാഹുവും നബി(സ്വ)യും മനസ്സിലാക്കിത്തന്ന ഔലിയാക്കളിൽ ഉൾപ്പെടാൻ യാതൊരു അർഹതയുമില്ലെന്ന് ഈ ലേഖനം മുഴുവനായി വായിക്കുമ്പോൾ വ്യക്തമാകും, ഇൻ ശാ അല്ലാഹ്.

'പ്രഗത്ഭരുടെ' കൈയൊപ്പോടെ പുറത്തിറക്കിയ ഈ പുസ്തകത്തിൽ വെളിപ്പെടുത്തുന്ന തൃപ്പനച്ചി മുസ്‌ലിയാരുടെ കറാമത്ത് കഥകളും സമസ്തയെ കുരുക്കിൽ

**കിഴക്കിനും പടിഞ്ഞാറിനുമിടയിൽ ഒരു സൂചി വീണാൽ തൃപ്പനച്ചി മുസ്‌ലിയാർ അറിയുമത്രെ! ഇങ്ങനെയൊരു കഴിവ് അല്ലാഹുവിന്റെ റസൂലി (സ്വ)നോ വലിയ്യുകളായ സ്വഹാബിമാർക്കോ പോലും അല്ലാഹു നൽകിയിട്ടില്ല. അല്ലാഹുവിന്റെ മാത്രം കഴിവാണത് എന്നാണ് അല്ലാഹു പറയുന്നത്.**


ഔലിയാഇൽ രാജകിളി: തൃപ്പനച്ചി ഉസ്താദ്

ണ്ട് വരാൻ ഉസ്താദ് പറഞ്ഞിരുന്നു. അതനുസരിച്ച് ബാംഗ്ലൂരിൽ നിന്ന് കൊടി അടിപ്പിച്ചു കൊണ്ടു വന്നു. മേൽ പറഞ്ഞ മൗലിദിന്റെ പുറം ചട്ടയിലെ വരികളാണ് അതിൽ എഴുതിയിരുന്നത്. ഇതാണാവരികൾ:


لِى خَمْسَةٌ أُطْفِي بِهَا — حَرَّ الْوَبَاءِ الْحَاطِمَةِ

اَلْمُصْطَفَى وَالْمُرْتَضَى — وَابْنَاهُمَا وَالْفَاطِمَةِ

2001 മാർച്ച് 26 തിങ്കളാഴ്ച്ച രാവിലെ (ഹിജ്റ: 1422 മുഹർറം 1ന്) കൊടിമരം നാട്ടി. അന്ന് വൈകുന്നേരം, അസ്വറിന് ശേഷം നേരത്തെ അടിപ്പിച്ചു കൊണ്ടു വന്ന കൊടി, ഉസ്താദിന്റെ സാന്നിധ്യത്തിൽ ഖാദിം കയറ്റുകയും ചെയ്തു. ഈ ചരിത്ര സംഭവത്തിന് സാക്ഷ്യം വഹിക്കാൻ ആയിരക്കണക്കായ ആളുകൾ ഒരു അറിയിപ്പും ഇല്ലാതെ അന്നവിടെ എത്തിച്ചേർന്നു! ഉസ്താദ് കൊടിമരത്തറയിൽ കയറി നിന്ന് ജലാലിയ്യ: റാതീബ് ചൊല്ലിക്കൊടുത്തു. പത്ത് ദിവസം തുടർച്ചയായി മതപ്രഭാഷണവും റാത്തീബ് പരിപാടികളും സംഘടിപ്പിച്ചു. പതിനായിരക്കണക്കായ ആളുകൾ യാതൊരു പ്രചാരണവും ഇല്ലാതെ ആ പരിപാടികളിൽ വന്ന് പങ്കുചേർന്നു!

ഹദ്ദാദ് റാത്തീബ് ഉസ്താദ് കൊടിമരത്തിങ്ങൽ വെച്ച് ചൊല്ലിക്കൊടുക്കുകയും പതിനായിരക്കണക്കായ ആളുകൾ അത് ഏറ്റ് ചൊല്ലുകയും ചെയ്തു. അക്കാലത്ത് കേരളത്തിൽ, പ്രത്യേകിച്ച് മലബാറിൽ ഭൂമികുലുക്കവും കിണർ താഴ്ന്ന് പോകുന്ന പ്രതിഭാസവും മറ്റും ഉണ്ടായിരുന്നു. ഹദ്ദാദ് ചൊല്ലിത്തീർന്ന ശേഷം ഉസ്താദ് ചോദിച്ചു: "ഭൂമി കുലുങ്ങിയോ...? ഭൂമി കുലുങ്ങിയോ...? എന്നാൽ ഈ ഹദ്ദാദ് റാത്തീബ് പതിവായി ചൊല്ലണം." അങ്ങനെ പതിനായിരക്കണക്കായ, തടിച്ച് കൂടിയ ജനാവലിക്ക് ഹദ്ദാദ് റാത്തീബ് ചൊല്ലാനുള്ള അനുമതി (ഇജാസത്ത്) നൽകി.

183




പെടുത്തിയ പുതിയ ആദർശവും തമ്മിലൊന്ന് താരതമ്യം ചെയ്യാം:

അല്ലാഹുവിന്റെ കഴിവുകളും വിശേഷണങ്ങളും തനിക്കുള്ളതായി ഇയാൾ അവകാശപ്പെട്ടിരുന്നു എന്ന് ഗ്രന്ഥകർത്താവ് എഴുതിയത് കാണുക: "(ഒരു പണ്ഡിതനോട്) മശ്‌രിഖ്-മഗ്‌രിബിന്നിടയിലെ ഹാലാണ് എനിക്ക്. (അതിനാൽ) എന്റെ അടുത്തേക്ക് വരുന്നത് സൂക്ഷിച്ചുവേണം. (അല്ലാഹുവിന്റെ ഹിതത്താൽ) മശ്‌രിഖ്-മഗ്‌രിബിന്നിടയിൽ ഒരു സൂചി വീണാൽ ഞാനറിയും. ഞാൻ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറിയിരുന്നാൽ കാര്യങ്ങളുടെ ഗതിവിഗതികൾ മാറിമറിയും. ഇങ്ങനെ ഖുതുബിന്റെ പദവിയിലേക്ക് സൂചിപ്പിക്കുന്ന വാക്കുകൾ ഉസ്താദ് പലപ്പോഴായി പലരോടും പറഞ്ഞിട്ടുണ്ട്. മലക്കുകൾ, ജിന്നുകൾ, മനുഷ്യർ, ഭൂമി ഇവയ്ക്കുമേൽ തനിക്കുള്ള അധികാരത്തിലേക്ക് സൂചിപ്പിക്കുന്ന വാചകങ്ങൾ ചില പരീക്ഷണ പ്രതിസന്ധി ഘട്ടങ്ങളിൽ ഉസ്താദിൽ നിന്ന് ഉണ്ടായിട്ടുണ്ട്" (പേജ് 440).

കിഴക്കിനും പടിഞ്ഞാറിനുമിടയിൽ ഒരു സൂചി വീണാൽ ഇയാൾ അറിയുമത്രെ! ഇങ്ങനെയൊരു കഴിവ് അല്ലാഹുവിന്റെ റസൂലി (സ്വ)നോ വലിയ്യുകളായ സ്വഹാബിമാർക്കോ പോലും അല്ലാഹു നൽകിയിട്ടില്ല. അല്ലാഹുവിന്റെ മാത്രം കഴിവാണത് എന്നാണ് അല്ലാഹു പറയുന്നത്:

"അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടടാവില്ല" (ക്വുർആൻ 6:59).

നബി(സ്വ)യെ അനാദരിക്കുന്ന നിലയ്ക്കുള്ള വാക്കുകൾ നോക്കൂ: "തൃപ്പനച്ചിയിലെ ഒരു പീടികത്തി

ണ്ണയിൽ ഇരിക്കുമ്പോൾ ഒരിക്കൽ ഉസ്താദ് തന്റെ ഒരു ഖാദിമിനോട്: 'ഇവിടെ ഇരിക്കുമ്പോൾ എന്റെ കണ്ണൊന്ന് മാളി. ഒരു മന്ദമാരുതൻ വന്നു എന്നെ മദീന റൗളാ ശരീഫിലേക്ക് കൊണ്ടുപോയി. അവിടെ വെച്ച് ഞാൻ നബിതങ്ങളുമായി ദീർഘനേരം സംസാരിച്ചു. പിന്നീട് ആ കാറ്റ് എന്നെ ഇങ്ങോട്ടുതന്നെ കൊണ്ടുവന്നു, എല്ലാം നിമിഷങ്ങൾക്കുള്ളിൽ!''

വിശ്വാസത്തിൽ അടിയുറച്ചൊരു മുസ്‌ലിം ഇങ്ങനെ പറയുമോ? ശഹാദത്ത് കലിമക്ക് ഇവർ എന്ത് പരിഗണനയാണ് നൽകുന്നത്? സമസ്തയുടെ പുതിയ തത്ത്വപ്രകാരം അവിശ്വാസത്തെ വിലകൊടുത്ത് വാങ്ങുന്ന ഈ പ്രവണതയിൽ ഭാഗവാക്കായവരുടെ വിധിയെന്താണ്?

അല്ലാഹു പറയുന്നു: "തീർച്ചയായും സത്യവിശ്വാസം വിറ്റു സത്യനിഷേധം വാങ്ങിയവർ അല്ലാഹുവിന് ഒരു ദ്രോഹവും വരുത്താൻ പോകുന്നില്ല. വേദനയേറിയ ശിക്ഷയാണവർക്കുള്ളത്'' (3:177).

രണ്ടാം ബാഗ്ദാദെന്ന് 'രാജകിളി' വിശേഷിപ്പിച്ച ഈ ജാറത്തിലെ വ്യത്യസ്ത അനാചാരങ്ങളെ സംബന്ധിച്ച് ഗ്രന്ഥകർത്താവ് എഴുതിയത് വായിക്കാം: "കൊടിമരത്തിങ്ങൽ എന്നത് ഒട്ടും വൈകാതെ ഒരു വലിയ തീർത്ഥാടന കേന്ദ്രമായി വികാസം പ്രാപിക്കുന്നതായാണ് കണ്ടത്. അവിടെ ഖുർആൻ പാരായണം, സ്വലാത്ത് മജ്‌ലിസ്, ദിക്റ് ഹൽഖ, മൗലിദ്, ബൈത്ത്, റാത്തീബ്, ഹദ്ദാദ് തുടങ്ങിയവയിലെല്ലാം വിതുമ്പുന്ന ഹൃദയവുമായി ധാരാളം ആളുകൾ വന്ന് പങ്കെടുത്ത് മനസ്സംതൃപ്തിയോടെ മടങ്ങുന്നു. ഉസ്താദിന്റെ വഫാത്തിന് മുമ്പും പിമ്പും ഒരുപോലെ ഹദ്ദാദും റാത്തീബും ബൈത്തും ദിക്റും സ്വലാത്തും ദുആ മജ്‌ലിസുമൊക്കെ മുസ്‌ലിമിന് മോചന മാർഗങ്ങളായിട്ടാണെന്ന് ഉസ്താദ് തറപ്പിച്ചു പറഞ്ഞിരുന്നു'' (പേജ് 32).

ഇസ്‌ലാം പ്രത്യേകത കൽപിക്കാത്ത ഒരു സ്ഥലമെങ്ങനെ തീർഥാടന കേന്ദ്രമാകും? നബി(സ്വ) സന്ദർശിച്ചതും യാത്ര ചെയ്തതുമായ ഒട്ടേറെ സ്ഥലങ്ങൾക്കില്ലാത്ത സ്ഥാനം ഈ ജാറത്തിന് കാണുന്നത് തെറ്റിദ്ധാരണയുണ്ടാക്കലല്ലേ? വിശ്വാസത്തെ മരവിപ്പിക്കും വിധം കൊടിമരത്തിങ്ങൽ നടക്കുന്ന ഈ ഏർപ്പാടുകളെ വിശ്വസിച്ചാചരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്? ജാറത്തിങ്കലുള്ള ഹദ്ദാദും റാത്തീബും ബൈത്തും ദിക്റും സ്വലാത്തും ദുആ മജ്‌ലിസുമൊക്കെ മുസ്‌ലിമിന് മോചന മാർഗങ്ങളാണെന്ന് അരാണു പഠിപ്പിച്ചത്?

അല്ലാഹു പറയുന്നു: "ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിന്നുവേണ്ടി അതിന്റെതായ പരിശ്രമം നടത്തുകയും ചെയ്യുന്ന പക്ഷം അത്തരക്കാരുടെ പരിശ്രമം സ്വീകരിക്കപ്പെടുന്നതാകും'' (17:19).

**ഇസ്‌ലാം പ്രത്യേകത കൽപിക്കാത്ത ഒരു സ്ഥലമെങ്ങനെ തീർഥാടന കേന്ദ്രമാകും? നബി(സ്വ) സന്ദർശിച്ചതും യാത്ര ചെയ്തതുമായ ഒട്ടേറെ സ്ഥലങ്ങൾക്കില്ലാത്ത സ്ഥാനം ജാറത്തിന് കാണുന്നത് തെറ്റിദ്ധാരണയുണ്ടാക്കലല്ലേ? വിശ്വാസത്തെ മരവിപ്പിക്കും വിധം കൊടിമരത്തിങ്ങൽ നടക്കുന്ന ഈ ഏർപ്പാടുകളെ വിശ്വസിച്ചാചരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്? ജാറത്തിങ്കലുള്ള ഹദ്ദാദും റാത്തീബും ബൈത്തും ദിക്റും സ്വലാത്തും ദുആ മജ്‌ലിസുമൊക്കെ മുസ്‌ലിമിന് മോചന മാർഗങ്ങളാണെന്ന് അരാണു പഠിപ്പിച്ചത്?**

ഇമാം റാസി(റഹ്) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "സത്യസന്ധതയും പ്രവാചകാനുധാവനവും വിട്ട് ബാലിശമായ അഭിപ്രായങ്ങളും തെറ്റായ വാക്കുകളും പിഴച്ച പ്രവർത്തനങ്ങളുംകൊണ്ട് അല്ലാഹുവിലേക്ക് അടുക്കാൻ തുനിയുന്ന മുഴുവൻ വ്യാജവിഭാഗങ്ങളുടെയും വാക്ക് ഉപകാരപ്പെടുകയില്ല'' (തഫ്സീറു റാസി).

അനിസ്‌ലാമിക ആഘോഷങ്ങൾക്ക് 'കൊടിമരത്തിങ്ങൽ' വേദിയാകാറുണ്ടെന്നും മുസ്‌ലിയാർ അതിന് പ്രത്യേകം നിർദേശിച്ചിരുന്നതായും പുസ്തകത്തിൽ പറയുന്നു: "മുഹർറം മാസത്തിൽ അഹ്‌ലുൽ കസാഇന്റെ ആണ്ട് വിപുലമായി ഉസ്താദ് കഴിക്കാറുണ്ട്. അതുപോലെ റബീഉൽ അവ്വൽ മാസത്തിൽ റസൂലുല്ലാഹി(സ)യുടെ ജന്മദിന ആഘോഷവും റബീഉൽ ആഖിർ മാസത്തിൽ മുഹ്‌യിദ്ദീൻ ശൈഖ് (റ) തങ്ങളുടെ ആണ്ടും ജമാദുൽ അവ്വൽ മാസത്തിൽ രിഫാഈ ശൈഖ്(റ) തങ്ങളുടെ ആണ്ടും ജമാദുൽ ആഖിർ മാസത്തിൽ നാഗൂർ ശാഹുൽ ഹമീദ്(റ) തങ്ങളുടെ ആണ്ടും റജബ് മാസത്തിൽ അജ്മീർ ഖാജാ മുഈനുദ്ദീൻ ചിശ്തി(റ) തങ്ങളുടെ ആണ്ടും വളരെ വിപുലമായി ഉസ്താദ് കഴിച്ചിരുന്നു. ഈ പരിപാടികൾ വളരെ വിപുലമായി കൊടിമരത്തിങ്ങൽ വെച്ച് കഴിക്കാൻ ഉസ്താദ് പ്രത്യേകം പറഞ്ഞിട്ടുണ്ട്''(പേജ് 141).

ശിയാക്കളും സൂഫികളും താളമേളങ്ങളോടെ കൊണ്ടാടുന്ന ഇത്തരം ഉത്സവങ്ങൾക്ക് കളമൊരുക്കിയ വ്യക്തി വിനാശത്തിന്റെ കവാടമല്ലേ തുറന്നിട്ടത്? നബി(സ്വ)യുടെയോ സ്വഹാബത്തിന്റെയോ ജനന-മരണ ദിവസങ്ങൾ പ്രമാണിച്ച് ഒരാഘോഷ പരിപാടിയും ഇസ്‌ലാം പഠിപ്പിച്ചതായി കാണുവാൻ സാധ്യമല്ല. അഹ്‌ലുസ്സുന്നവൽജമാഅയുടെ പണ്ഡിതന്മാരാരും അത് ചെയ്തിട്ടുമില്ല.

അല്ലാഹുവിന്റെ കാരുണ്യമായി പൂർത്തിയാക്കപ്പെട്ട മതത്തിന്റെ യഥാർഥ അനുയായികൾക്ക്

ഇത് വിശ്വസിക്കാനും കൊണ്ടാടാനും കഴിയില്ലെന്ന് ഉറപ്പായിരിക്കെ പുതിയ തത്ത്വപ്രകാരം മതത്തെ ഇപ്രകാരം വികലമാക്കുന്നവരുടെ വിധി എന്താകും? ഇസ്‌ലാം ആഘോഷ ദിനങ്ങളായി നിശ്ചയിച്ചതിനെക്കാൾ മഹത്ത്വം സ്വയം നിർമിച്ചുണ്ടാക്കിയ ആഘോഷങ്ങൾക്ക് കൊടുക്കുന്നവരോട് ചോദിക്കാനുള്ളത് ക്വുർആനിന്റെ ഈ ചോദ്യത്തെ നിങ്ങൾ ഭയക്കുന്നില്ലേ എന്നാണ്:

അല്ലാഹു പറയുന്നു: "അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്'" (42:21).

ഇസ്‌ലാമിന്റെ പ്രകട ശത്രുക്കളായ ശിയാക്കളുടെ ആദർശം സ്വീകരിച്ച സമസ്തയുടെ 'മഹാപുരുഷനാണ്' തൃപ്പനച്ചി എന്നതിന്റെ തെളിവുകൂടിയാണ് ഈ പുസ്തകം.

ശിയാക്കൾ പേരിന് മാത്രം കൂടെ നിർത്തുന്ന അഞ്ച് പേരടങ്ങുന്ന അഹ്‌ലുൽ കസാഇനെ കുറിച്ച് പറഞ്ഞത് കൂടിയൊന്ന് വായിക്കാം: "ഒന്നാം കൊടിമരത്തിനു നേരെ ചൂണ്ടിക്കൊണ്ട് ഒരിക്കൽ ഉസ്താദ് പറഞ്ഞു: 'അഹ്‌ലുൽ കസാഇന്റെ പേരിൽ നാട്ടിയ കൊടിമരമാണത്. മുഹ്‌യിദ്ദീൻശൈഖ് തങ്ങൾ അവരുടെ കുടുംബക്കാരനാണ്. മഹാനും അവരിലേക്ക് വരും.' അഹ്‌ലുൽ കസാഇനെക്കുറിച്ച് തൃപ്പനച്ചി മുത്തന്നൂർ സ്വദേശി മണ്ണിൽതൊടിക അഹ്മദ് കുട്ടി മൗലവി രചിച്ച മൗലിദ്, മുഹർറം ഒന്ന് മുതൽ പത്ത് വരെ കൊടിമരത്തിങ്ങൽ വെച്ച് ചൊല്ലാനും അവരുടെ ആണ്ട് കഴിക്കാനും ഉസ്താദ് പറഞ്ഞിട്ടുണ്ട്" (പേജ് 83).

ഈ ജാറത്തിൽ തൂങ്ങിക്കിടക്കുന്ന കൊടിയിൽ ശിയാവിശ്വാസത്തിന്റെ കാതലായിട്ടുള്ള

**ശിയാക്കളും സൂഫികളും താളമേളങ്ങളോടെ കൊണ്ടാടുന്ന ഉത്സവങ്ങൾക്ക് കളമൊരുക്കിയ വ്യക്തി വിനാശത്തിന്റെ കവാടമല്ലേ തുറന്നിട്ടത്? നബി (സ്വ)യുടെയോ സ്വഹാബത്തിന്റെയോ ജനന-മരണ ദിവസങ്ങൾ പ്രമാണിച്ച് ഒരാഘോഷ പരിപാടിയും ഇസ്‌ലാം പഠിപ്പിച്ചതായി കാണുവാൻ സാധ്യമല്ല. അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാരാരും അത് ചെയ്തിട്ടുമില്ല. അല്ലാഹുവിന്റെ കാരുണ്യമായി പൂർത്തിയാക്കപ്പെട്ട മതത്തിന്റെ യഥാർഥ അനുയായികൾക്ക് ഇത് വിശ്വസിക്കാനും കൊണ്ടാടാനും കഴിയില്ലെന്ന് ഉറപ്പായിരിക്കെ പുതിയ തത്ത്വപ്രകാരം മതത്തെ ഇപ്രകാരം വികലമാക്കുന്നവരുടെ വിധി എന്താകും? ഇസ്‌ലാം ആഘോഷ ദിനങ്ങളായി നിശ്ചയിച്ചതിനെക്കാൾ മഹത്ത്വം സ്വയം നിർമിച്ചുണ്ടാക്കിയ ആഘോഷങ്ങൾക്ക് കൊടുക്കുന്നവരോട് ചോദിക്കാനുള്ളത് ക്വുർആനിന്റെ ഈ ചോദ്യത്തെ നിങ്ങൾ ഭയക്കുന്നില്ലേ എന്നാണ്:**

അഹ്‌ലുൽ കസാഇന്റെ നാമങ്ങൾ അഥവാ മുഹമ്മദ്(സ), അലി(റ), ഫാത്വിമ(റ), ഹസൻ(റ), ഹുസൈൻ(റ) അടങ്ങുന്ന വരികളാണ് എഴുതിയിട്ടുള്ളതെന്ന് പുസ്തകത്തിന്റെ 183ാം പേജിൽ പറയുന്നു.

"അഹ്‌ലുൽ കസാഅ്(റ) സമുദായത്തിന്റെ ഇമാമുമാരാണ്. അവരുടെ മൗലിദും ആണ്ടും നാം കഴിക്കേണ്ടതാണ്" (പേജ് 389).

നബി(സ്വ)യെയും (മകൾ, മരുമകൻ, രണ്ടു പേരക്കുട്ടികൾ അടങ്ങുന്ന) സ്വഹാബികളിൽ നാലു പേരെയും ചേർത്ത് 'അഹ്‌ലുൽ കസാഅ്' എന്നൊരു പ്രത്യേക വേർതിരിവ് പ്രമാണങ്ങളിലെവിടെയുമില്ല. സച്ചരിതരായ നാലു ഖലീഫമാരോ ഇവർ തന്നെയുമോ ഇത് അംഗീകരിച്ചിട്ടില്ല. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ഇങ്ങനെയൊരു വിശ്വാസം രേഖപ്പെടുത്തിയിട്ടുമില്ല. കറകളഞ്ഞ ശിയാ സൃഷ്ടിയാണിത്.

മുസ്‌ലിംകൾക്കിടയിൽ ശിയാഇസത്തിന് വേരോട്ടമുണ്ടാക്കിയ കൊണ്ടോട്ടി മുഹമ്മദ് ഷാ തങ്ങൾക്കെതിരെ ഫത്‌വയിറക്കിയ ഞങ്ങൾക്ക് ശിയാക്കളുമായി ഒരുതരത്തിലും ബന്ധമില്ലെന്ന് ആണയിട്ട് നടക്കുന്ന മുസ്‌ലിയാക്കന്മാരുടെ തലമണ്ടക്ക് ഇരുമ്പുലക്കകൊണ്ടുതന്നെയാണ് 'രാജകിളി' അടിക്കുന്നത്.

"കൊണ്ടോട്ടി തക്കിയക്കൽ ഖുബ്ബയിൽ അന്ത്യവിശ്രമം കൊള്ളുന്ന മുഹമ്മദ് ഷാ തങ്ങൾ ഹസൻ ബസ്വരി(റ)യിലേക്ക് എത്തിച്ചേരുന്ന ശൈഖ് പരമ്പരയുള്ള ശൈഖാണ്. ഉസ്താദ് പറഞ്ഞതാണിത്. അവിടെ സിയാറത്ത് ചെയ്യാൻ ഉസ്താദ് അനുയായികളിൽ പലരോടും പറയാറുണ്ട്. മുഹമ്മദ് ഷാ തങ്ങളുടെ ത്വരീഖത്ത് ശരിയായ ത്വരീഖത്താണെന്ന് ഉസ്താദ് പറഞ്ഞിട്ടുണ്ട്. ഉറൂസ് സമയത്ത് സിയാറത്തിന് പോകാൻ പ്രത്യേകം നിർദ്ദേശിക്കുമായിരുന്നു'' (പേജ് 510).

"ഒരിക്കൽ ഉസ്താദ് പറഞ്ഞു: 'അജ്മീർ തങ്ങളെപോലെയും നാഗൂർ തങ്ങളെപോലെയും ഒരു ശൈഖ് തന്നെയാണ് കൊണ്ടോട്ടി തങ്ങളും.' മറ്റൊരിക്കൽ ഉസ്താദ് ഒരാളോട് പറഞ്ഞു: 'നിനക്ക് മനസ്സമാധാനം വേണോ, എങ്കിൽ ജലാലിയ്യ റാതീബ് ചൊല്ലിയാൽ മതി. നിനക്ക് പണം വേണോ, എങ്കിൽ കൊണ്ടോട്ടി തങ്ങളോട് ചോദിച്ചാൽ മതി" (പേജ് 514).

സമസ്ത ശിയാഇസത്തിന്റെ വിളനിലമാണെന്നതിനും ഇടക്കണ്ണികൾ മുറിയാതെ മുസ്‌ലിയാക്കന്മാരുടെ പരമ്പര ശിയാഇസത്തിൽ ചെന്ന് ചേരുമെന്നതിനും ഇതിലും വലിയ തെളിവുകൾ ആവശ്യമില്ലല്ലോ! കാന്തപുരം മു

ശാവറയുടെ പുതിയ തത്ത്വപ്രകാരം അഴുകിയ ആശയങ്ങൾ അടങ്ങിയ ഈ കൃതിയെ പ്രകീർത്തിച്ചവരെ ശിയാ പട്ടികയിൽ ചേർത്ത് അവർക്കെതിരിൽ ഫത്‌വയിറക്കുമോ? അല്ലെങ്കിൽ അഹ്മദ് കോയ ശാലിയാത്തിയുടെ തട്ടിപ്പ് ഫത്‌വ പിൻവലിച്ച് കൊണ്ടോട്ടി തങ്ങളെ കുറ്റാരോപണ മുക്തനാക്കുമോ? അതുമല്ലെങ്കിൽ തൃപ്പനച്ചി വലിയ്യ് കാഫിറും മുശ്‌രിക്കും അന്ധവിശ്വാസിയുമാണെന്ന് പ്രഖ്യാപിക്കുമോ?

ശിയാ ആചാരങ്ങളെ കെട്ടിപ്പിടിച്ച് നടക്കുകയും വാക്കിൽ മാത്രം എതിർപ്പ് കാണിക്കുകയും ചെയ്യുന്ന മുസ്‌ലിയാക്കന്മാരോടു പറയാനുള്ളത് 'സമസ്തയെന്നത് കേരള ശിയാ ഫാക്ടറിയാണെന്ന് തൃപ്പനച്ചി ഇവിടെ തുറന്ന് കാണിച്ചിരിക്കെ അഹ്‌ലുസ്സുന്ന വൽജമാഅയെന്ന പവിത്ര നാമത്തെ ഇനിയെങ്കിലും നിങ്ങൾ ദുരുപയോഗം ചെയ്യരുത്' എന്നാണ്. മതത്തെയും അതിന്റെ പ്രമാണങ്ങളെയും പൂർവസരണിയെയും മുറുകെ പിടിക്കുന്നവർക്കേ ആ പേരിന് അർഹതയുള്ളൂ.

കൊടിമരവും കൊടിയും ഖുബ്ബകളുമൊക്കെ ശിയാക്കളുടെ പരസ്യ ചിഹ്നങ്ങളാണ്. സമസ്തയുടെ ജാറ വ്യവസായ കേന്ദ്രങ്ങളിൽ ഇത് വ്യാപകവുമാണ്. മുസ്‌ലിയാർ ശിയാഇസത്തെ സംരക്ഷിക്കാൻ മലയിലുണ്ടാക്കിയ കൊടിമരങ്ങൾ കൊണ്ടും അവിടെ നടത്തപ്പെടുന്ന അനാചാരങ്ങൾകൊണ്ടും തീർത്ത വൻമതിലിനെ തൗഹീദാക്കി മാറ്റുന്നത് കാണുക: "റസൂലുല്ലാഹി (സ)യും മറ്റു ഔലിയാഉം ഈ ലോകത്ത് സ്ഥാപിച്ച ദീനീ കാര്യങ്ങളല്ലാതെ പുതുതായി യാതൊന്നും ഉസ്താദ് മലയിൽ സ്ഥാപിച്ചിട്ടില്ല. അവരുടെ പാതയിൽ ജനങ്ങളെ നിറുത്താനാണ് ഉസ്താദ് കൊടിമരം സ്ഥാപിച്ചത്. അതിനാൽ സിറാത്വുൽ മുസ്തഖീമിന്റെ ഒരു വഴിയടയാളമാണ് കൊടിമരം. ദീനിന് ലോകത്ത് പല ചിഹ്നങ്ങളും ഉള്ള പോലെ കൊടിമരവും തൗഹീദിന്റെ ഒരു ചിഹ്നമാണ്" (പേജ് 202).

ശിയാ വിശ്വാസത്തിന്റെ അടയാളത്തെ ഒരു വിശിഷ്ട വസ്തുവായി സ്വീകരിച്ചവർക്ക് അത് ദീനിൽ പെട്ടതാണെന്ന് വരുത്തൽ അനിവാര്യമാണല്ലോ. ചൊവ്വായ പാത പഠിപ്പിച്ച നബി(സ്വ) പുണ്യം നേടാനുള്ള കൊടിമരത്തെക്കുറിച്ച് പറഞ്ഞുതന്നിട്ടുണ്ടോ? നാല് ഖലീഫമാരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ഇത്തരം വസ്തുക്കളൊന്ന് കാണിക്കാമോ? ഇതെല്ലാം മതചിഹ്നങ്ങളാണെങ്കിൽ ഉത്തമ തലമുറകളിലെ അവസാനക്കാരിൽനിന്ന് ഇതാരാണ് ഏറ്റുവാങ്ങിയത്?

കറാമത്തിന്റെ യാഥാർഥ്യം മറച്ചുവച്ച് അവാസ്തവം പറയുന്നതിനും ഇക്കൂട്ടർക്ക് മടിയില്ല: "മരണത്തിന് ശേഷം ഔലിയാഅ് കറാമത്തുകൾ തുടരുന്നതാണ്. ജീവിതവും മരണവും അവർക്ക് സമമാണ്. മരണശേഷം അവർ ആത്മാവുകളുടെ ലോകത്ത് ജീവിക്കുന്നവരാണ്. ജീവിതകാലത്ത് അവർ പ്രകടിപ്പിച്ചിരുന്ന കറാമത്തുകൾ മരണശേഷവും പ്രകടമാക്കും. മരണശേഷം കറാമത്തുകൾ വർധിക്കുകയാണ് പതിവ്. ഓരോരുത്തരുടെയും പദവികൾക്കനുസരിച്ചുള്ള കറാമത്തുകൾ അവരിൽനിന്നും വെളിവാക്കുന്നതാണ്.....തൃപ്പനച്ചി ഉസ്താദ് കറാമത്തിലൂടെ നിരവധി പേർക്ക് സേവനം നൽകി. അല്ലാഹുവിലും ഉസ്താദിലും സുദൃഢമായ വിശ്വാസവും നല്ല മനക്കരുത്തും ആത്മാർഥതയും ഉള്ള ഒരാൾക്ക് ഉസ്താദിനെ സമീപിക്കാനും തന്റെ ആവശ്യം പറയാനും യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല" (പേജ് 210, 211).

**ശിയാ ആചാരങ്ങളെ കെട്ടിപ്പിടിച്ച് നടക്കുകയും വാക്കിൽ മാത്രം എതിർപ്പ് കാണിക്കുകയും ചെയ്യുന്ന മുസ്‌ലിയാക്കന്മാരോടു പറയാനുള്ളത് 'സമസ്തയെന്നത് കേരള ശിയാ ഫാക്ടറിയാണെന്ന് തൃപ്പനച്ചി തുറന്ന് കാണിച്ചിരിക്കെ അഹ്‌ലുസ്സുന്ന വൽജമാഅയെന്ന പവിത്ര നാമത്തെ ഇനിയെങ്കിലും നിങ്ങൾ ദുരുപയോഗം ചെയ്യരുത്' എന്നാണ്. മതത്തെയും അതിന്റെ പ്രമാണങ്ങളെയും പൂർവസരണിയെയും മുറുകെ പിടിക്കുന്നവർക്കേ ആ പേരിന് അർഹതയുള്ളൂ.**

സമസ്തയുടെ പുതിയ തൗഹീദ് പ്രകാരം പ്രതിയാക്കപ്പെട്ട കള്ളക്കറാമത്ത് കഥകളുടെ വിധിയൊന്ന് പുറത്ത് വിടുമോ? കുറ്റവാളിക്കൂട്ടിൽ നിൽക്കുന്ന പണ്ഡിതരെ മോചിപ്പിക്കാൻ സമയമായോ? അല്ലാഹുവിനെയും ഈ മുസ്‌ലിയാരെയും തുല്യമാക്കി എഴുതിയതിന്റെ ഭവിഷ്യത്ത് തിരിച്ചറിയാൻ മാത്രം ഈമാനിക വളർച്ച ഇവർക്കായിട്ടില്ല.

"ആകയാൽ അല്ലാഹുവിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല" (16:74).

തൃപ്പനച്ചിയുടെ കേമപ്പെട്ട വാക്കുകളായി ഗ്രന്ഥകാരൻ പറയുന്നത് കാണുക: "ഹറമിൽനിന്ന് ഒരു പ്രകാശം കേരളത്തിലേക്ക് വരുന്നത് ഞാൻ കണ്ടു. പിന്നീട് ആ സംഭവത്തെപറ്റി പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിയ്യ കോളേജിന് തറക്കല്ലിടുന്നതും പട്ടിക്കാട് കോളേജ് ഇൽമിന്റെ കേന്ദ്രമായി വളർന്നുവരുന്നതുമായ സംഭവമായിട്ടാണ് ഉസ്താദ് അതിനെ വ്യാഖ്യാനിക്കാറുണ്ടായിരുന്നത്" (പേജ് 161).

പുസ്തകത്തിന്റെ 543ാം പേജിൽ എഴുതിയതുകൂടി വായിക്കാം: "ഒരിക്കൽ പട്ടിക്കാട് കോളേജിന്റെ സമ്മേളന ദിവസം ഉസ്താദുമായി അടുപ്പമുള്ള ഒരാളോട് പറഞ്ഞു: 'പട്ടിക്കാട് സമ്മേളനത്തിന് പോയില്ലേ? പട്ടിക്കാട് സമ്മേളനത്തിന് പോയാൽ ഒരു മാസത്തെ ദോഷം പൊറുക്കും.' ഒരിക്കൽ ഒരു പണ്ഡി

തൻ ഉസ്താദിന്റെ അടുക്കൽ വന്നു ദുആ ചെയ്യണമെന്ന് പറഞ്ഞു. അപ്പോൾ ഉസ്താദ് പറഞ്ഞു: 'ഇന്ന് ഇവിടെയല്ല ദുആ. ഇന്ന് പട്ടിക്കാടാണ് ദുആ. ഇന്ന് സമാപന സമ്മേളന ദുആയിൽ പങ്കെടുക്കാൻ സയ്യിദുനാ ഖിള്ർ(അ) വരുന്നുണ്ട്. വേഗം അങ്ങോട്ട് പൊയ്ക്കോ"

"ഉസ്താദ് പറഞ്ഞു: മല എന്റെ ഉള്ളം കയ്യിലെ ഒന്നാണ്. അവിടെ ഒരു പുല്ല് ഇളകിയാൽ അത് ഒരു മലപോലെ എന്റെ അടുക്കൽ കാണിക്കപ്പെടും. ഇബ്രാഹീം നബി (അ) സ്ഥാപിച്ചതാണ് കഅ്ബാ ശരീഫ്. അതുപോലെ ഞാൻ സ്ഥാപിച്ചതാണ് കൊടിമരങ്ങളും അനുബന്ധ സ്ഥാപനങ്ങളും" (പേജ് 206).

"സ്വർഗ്ഗത്തിന്റെ നടുക്കാണ് ഞാൻ കെ.വി.യെ കണ്ടത്" (പേജ് 525).

"ഒരിക്കൽ മാവൂരിൽനിന്ന് വരികയാണെന്ന് പറഞ്ഞ് ഒരു സ്ത്രീ ഉസ്താദിനെ കാണാൻ വന്നു. അവരുടെ ചില പ്രയാസങ്ങൾ പറഞ്ഞു. അപ്പോൾ ഉസ്താദ് പറഞ്ഞു: 'ഇന്നലെ ഇക്കാര്യം പറഞ്ഞ് സി.എം എനിക്ക് ഇരിക്കപ്പൊറുതി തന്നിട്ടില്ല!" (പേജ് 528).

"ആദം നബി(അ) മുതൽ മുഴുവൻ നബിമാരുമായും ഗൗസുൽ അഅ്ളം അടക്കമുള്ള ഔലിയാഉമായും ആത്മീയബന്ധം സ്ഥാപിക്കാനും ദീനീകാര്യങ്ങൾ മുശാവറ ചെയ്യാനും അധികാരമുണ്ടായിരുന്നു ശംസുൽ ഉലമാക്ക്" (പേജ് 517).

വീമ്പൂർ മുഹമ്മദ് മുസ്‌ലിയാർ പറയുന്നു: "ഞാനൊരിക്കൽ ഉസ്താദിനെ കാണാൻ വന്നു. കടുത്ത വേനൽക്കാലം. ഉസ്താദ് മസ്ജിദുല്ലിവാഇന്റെ മുകളിലെ വരാന്തയിൽ നിൽക്കുന്നു. പെട്ടെന്ന് ഉസ്താദ് ആകാശത്തേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഒരു വട്ടം വരച്ചു. എന്നിട്ട് പറഞ്ഞു: 'ഇതാ മഴ വരുന്നു.' ഉടനെ വിരൽ ചൂണ്ടിയ ഭാഗത്തേക്ക് കാർമേഘങ്ങൾ കുതിച്ചെത്തി. ആകാശം ഇരുണ്ടു കൂടി. ശക്തമായ മഴ പെയ്തു" (പേജ് 237).

**മുസ്‌ലിം സമുദായമേ, ഉണരുക! മതത്തിന്റെ പേരിലുള്ള കള്ളനാണയങ്ങളെ തിരിച്ചറിയുക. അവ നമ്മുടെ പരലോക വിജയത്തിനു തടസ്സമാകും എന്ന് മനസ്സിലാക്കുക. മതാധ്യാപനങ്ങൾ പരലോക വിജയത്തിനുള്ളതാണ്. അവയെ വിസ്മരിച്ച് വഴികേടിലകപ്പെട്ട് ജീവിച്ചാൽ അതിന്റെ അനന്തരഫലം നാം തന്നെ അനുഭവിക്കണം. വഴിപിഴപ്പിച്ചവരാരും അന്ന് രക്ഷിക്കുവാനുണ്ടാകില്ല. അല്ലാഹു പറയുന്നു: "സത്യനിഷേധത്തിലേക്ക് ധൃതിപ്പെട്ട് മുന്നേറിക്കൊണ്ടിരിക്കുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. തീർച്ചയായും അവർ അല്ലാഹുവിന് ഒരു ദ്രോഹവും വരുത്താൻ പോകുന്നില്ല. പരലോകത്തിൽ അവർക്ക് ഒരു പങ്കും കൊടുക്കാതിരിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. കനത്ത ശിക്ഷയാണ് അവർക്കുള്ളത്"** (3:176).



മുസ്‌ലിയാക്കന്മാരും അവരുടെ അണികളും തൊണ്ടതൊടാതെ വിഴുങ്ങുന്ന ഇത്തരം കാര്യങ്ങളെ ശുദ്ധമായ 'ബഡായി' എന്നേ മതം മനസ്സിലാക്കിയവർക്ക് പറയാൻ കഴിയൂ. സമൂഹത്തെ ഇക്കോലത്തിൽ പിഴപ്പിക്കുന്നവർ നരകശിക്ഷയെ ഭയക്കട്ടെ. അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന്ന് ചില സമൻമാരെ ഉണ്ടാക്കിവച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ചുകൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്കുതന്നെയാണ്"(14:30).

കൊടിമരത്തിന് സമീപമുള്ള വെള്ളത്തെക്കുറിച്ച് ഇയാൾ പറഞ്ഞതിങ്ങനെയാണ്: "ഉസ്താദ് കൊടിമരത്തിന്റെ അൽപം താഴെയായി ഒരു കുളം കുഴിച്ചു. അതിൽ വെള്ളം കണ്ടു. സംസം വെള്ളം, നൈൽ നദിയിലെ വെള്ളം തുടങ്ങിയ ബർക്കത്തുള്ള വെള്ളങ്ങളുടെ പേര് പറഞ്ഞ് ഈ വെള്ളം അതിനൊക്കെ ഒക്കും എന്ന് ഉസ്താദ് പറയുകയുണ്ടായി. ഈ വെള്ളം ശിഫായുള്ളതാണെന്ന് പറയുകയും ജനങ്ങളോട് ബറക്കത്തിനും രോഗശമനത്തിനും എടുത്ത് കുടിക്കാൻ പറയുകയും ചെയ്തു. ശിഫാ വെള്ളത്തിനടുത്ത് ഒരു പള്ളിയും (ശിഫാ പള്ളി) ഉസ്താദ് സ്ഥാപിക്കുകയുണ്ടായി. ഈ വെള്ളം ഉറവെടുക്കുന്നത് കൊടിമരത്തിന്റെ ചുവട്ടിൽ നിന്നാണ്. മരണം ഒഴികെയുള്ള എല്ലാത്തിനും അതിൽ ശമനമുണ്ടെന്നും ഒരിക്കൽ ഉസ്താദ് പറയുകയുണ്ടായി" (പേജ് 185).

അല്ലാഹു പുണ്യം നിശ്ചയിച്ചതായ സംസം വെള്ളത്തിന്റെ പ്രത്യേകതകൾ സാധാരണ വെള്ളത്തിൽ ചാർത്തുന്നത് കച്ചവട തന്ത്രമാണ്. വ്യക്തമായ തട്ടിപ്പാണ്. രോഗശമനത്തിനായി ആ കുളത്തിൽനിന്ന് വെള്ളം കോരിക്കുടിക്കാൻ തലയ്ക്കു വെളിവുള്ളവർ മുതിരുമോ? പുതിയ ആദർശ പ്രകാരം ഈ വെള്ളത്തിന്റെ മഹിമയെ മുസ്‌ലിയാക്കന്മാർ മരവിപ്പി

ക്കുമോ?

അസുഖങ്ങളുമായി സമീപിക്കുന്നവരോട് 'അതിപ്പോൾ അങ്ങ് നീങ്ങി,' 'ഒരു വർഷത്തേക്ക് രോഗം വേണ്ട,' 'സുഖമായിക്കൊള്ളും,' 'ആശുപത്രിയിൽ കാണിക്കേണ്ട,' 'അങ്ങനെയായാൽ പറ്റില്ലല്ലോ, അത് സുഖമാവണം,' 'ആ കല്ല് പോയിക്കൊള്ളും, അത് മാറിപ്പോയി,' 'അസുഖമൊന്നും ഇല്ല,' 'വേദനയുണ്ടല്ലേ, പാറപ്പള്ളിയിലെ കുളത്തിൽ ചാടിയാൽ മാറിക്കൊള്ളും,' 'മലയിൽ കൊണ്ടുപോയി യാസീൻ ഓതുക,' 'ശിഫാ വെള്ളം കൊടുക്കുക,' 'നാഗൂർ പോവുക; കാഴ്ച തിരിച്ചുകിട്ടും,' 'അതിന് അസുഖമൊന്നുമില്ല,' 'അതൊക്കെ സുഖമായിക്കൊള്ളും' എന്നൊക്കെ പറഞ്ഞ് എല്ലാം മാറ്റിക്കൊടുക്കാൻ കഴിവുള്ളവനായി ചമഞ്ഞ ഈ വ്യക്തി കടുത്ത പനിയും ഛർദിയും കൊണ്ട് പലതവണ പരീക്ഷിക്കപ്പെട്ടു. ചൂണ്ടുവിരൽ കാറിന്റെ ഡോറിൽ കുടുങ്ങി ചതഞ്ഞ് മാസങ്ങളോളം ഉണങ്ങാത്ത മുറിവായി. പലപ്പോഴും ക്ഷീണിതനായി, അവസാനം തനിക്ക് ബാധിച്ച രോഗം നിമിത്തം കുഴഞ്ഞ് വീണപ്പോഴും ഇത്തരം പ്രയോഗങ്ങൾ കൊണ്ട് രക്ഷ പ്രാപിക്കാനായില്ല.

രോഗത്തിന് പൂർണ ശമനം നൽകുന്നവൻ അല്ലാഹുവാണെന്നും നബി(സ്വ) നിർദേശിച്ച പ്രാർഥനകൾ മുറുകെ പിടിക്കണമെന്നും അനുവദിക്കപ്പെട്ട ചികിത്സാരീതികളെ ആശ്രയിക്കണമെന്നുമുള്ള തിരിച്ചറിവു നേടാനും ക്വുർആനിക സന്ദേശത്തിന് കാതോർക്കാനും വിശ്വാസികൾക്കാകണം. അല്ലാഹു പറയുന്നു: "അവന്ന് പുറമെ പല ആരാധ്യരെയും അവർ സ്വീകരിച്ചിരിക്കുന്നു. അവർ (ആരാധ്യർ) യാതൊന്നും സൃഷ്ടിക്കുന്നില്ല. അവർതന്നെയും സൃഷ്ടിക്കപ്പെടുകയാകുന്നു. തങ്ങൾക്കുതന്നെ ഉപദ്രവമോ ഉപകാരമോ അവർ അധീനപ്പെടുത്തുന്നുമില്ല. മരണത്തെയോ ജീവിതത്തെയോ ഉയിർത്തെഴുന്നേൽപിനെയോ അവർ അധീനപ്പെടുത്തുന്നില്ല" (25:3).

പുരോഹിതവർഗം പരിശുദ്ധ ഇസ്‌ലാമിന് ഒട്ടും വില കൽപിക്കുന്നില്ലെന്നതിന് ഏറ്റവും വലിയൊരു തെളിവുകൂടി കാണുക: "മുഹ്‌യിദ്ദീൻശൈഖ്(റ)വിന്റെ കൊടിമരത്തിന്റെ രണ്ടാംനില വാർപ്പ് തുടങ്ങിയ സമയത്ത് ഉസ്താദ് പറഞ്ഞു: 'ഇപ്പോൾ ഈ പണി തുടങ്ങുന്നത് ഇബ്രാഹീം നബി(അ)ന്റെ നിർദ്ദേശപ്രകാരമാണ് (ദുൽഹജ്ജ് മാസത്തിൽ). ഈ പണിക്ക് കൂടിയവർക്ക് ഹജ്ജ് ചെയ്തതിനെക്കാൾ കൂലി കിട്ടും. ഈ രണ്ട് കൊടിമരങ്ങൾക്കിടയിൽ നടന്നാൽ സഫ-മർവ്വക്കിടയിൽ നടന്ന കൂലിയുണ്ട്.' ഉസ്താദ് പറഞ്ഞു: 'കൂലി നിങ്ങൾക്ക് കിട്ടിക്കോട്ടെ എന്ന് കരുതിയിട്ടാണ്, ഇതൊക്കെ ജിന്നുകളെ കൊണ്ട് ചെയ്യിക്കാൻ എനിക്കറിയാഞ്ഞിട്ടല്ല. ഈ പണിക്കെല്ലാം നബി(സ) അടക്കമുള്ള അമ്പിയാഇന്റെയും ഗൗസുൽ അഅ്ളം അടക്കമുള്ള ഔലിയാഇന്റെയും നിർദ്ദേശപ്രകാരമാണ് ചെയ്തിട്ടുള്ളത്" (പേജ് 187,188).


മുഹ്‌യിദ്ദീൻ ശൈഖി(റ)ന്റെ പേരിലുള്ള കൊടിമരം മുസ്‌ലിയാർ നിർമിച്ചത് ഇബ്‌റാഹീം നബി(അ) നിർദേശിച്ചിട്ടാണത്രെ! രണ്ട് കൊടിമരങ്ങൾക്കിടയിൽ നടന്നാൽ സഫ-മർവക്കിടയിൽ നടന്ന കൂലിയുണ്ടത്രെ! ഇസ്‌ലാമിനെയും അതിന്റെ ചിഹ്നങ്ങളെയും ഇയാൾ അവമതിക്കുന്നു. മഹാന്മാരായ മുഴുവൻ പ്രവാചകന്മാരുടെ പേരിലും കള്ളം പറയുന്നു! അല്ലാഹുവിനെത്തന്നെ അനാദരിക്കുന്ന ഇക്കൂട്ടർ ഇങ്ങനെയൊക്കെ പറയുന്നതിൽ അത്ഭുതപ്പെടാനില്ല.

അല്ലാഹു പറയുന്നു: "ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവയ്ക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ ഹജ്ജിനെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും. അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകുവാനും അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽകാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരി(ച്ചുകൊണ്ട് ബലികഴി)ക്കാനും വേണ്ടിയത്രെ അത്. അങ്ങനെ അവയിൽനിന്ന് നിങ്ങൾ തിന്നുകയും പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക" (22:2628).

ഇബ്‌റാഹീം നബി(അ)യോട് അല്ലാഹു കൽപിച്ചതാണിത്. ഇതുപോലെ തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാരോട് മുഹ്‌യിദ്ദീൻശൈഖിന്റെ പേരിൽ കൊടിമരം നിർമിക്കുവാൻ ഇബ്‌റാഹീം നബി(അ) കൽപിച്ചുവത്രെ!

മുസ്‌ലിം സമുദായമേ, ഉണരുക! മതത്തിന്റെ പേരിലുള്ള കള്ളനാണയങ്ങളെ തിരിച്ചറിയുക. അവ നമ്മുടെ പരലോക വിജയത്തിനു തടസ്സമാകും എന്ന് മനസ്സിലാക്കുക. മതാധ്യാപനങ്ങൾ പരലോക വിജയത്തിനുള്ളതാണ്. അവയെ വിസ്മരിച്ച് വഴികേടിലകപ്പെട്ട് ജീവിച്ചാൽ അതിന്റെ അനന്തരഫലം നാം തന്നെ അനുഭവിക്കണം. വഴിപിഴപ്പിച്ചവരാരും അന്ന് രക്ഷിക്കുവാനുണ്ടാകില്ല.

അല്ലാഹു പറയുന്നു: "സത്യനിഷേധത്തിലേക്ക് ധൃതിപ്പെട്ട് മുന്നേറിക്കൊണ്ടിരിക്കുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ. തീർച്ചയായും അവർ അല്ലാഹുവിന് ഒരു ദ്രോഹവും വരുത്താൻ പോകുന്നില്ല. പരലോകത്തിൽ അവർക്ക് ഒരു പങ്കും കൊടുക്കാതിരിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. കനത്ത ശിക്ഷയാണ് അവർക്കുള്ളത്" (3:176). ■



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 35

# ജനിക്കും മുമ്പേ മിർസയോട് സംസാരിച്ച വാഗ്ദത്ത പുത്രൻ!

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

## ഇസ്‌ലാമിലെ കുടുംബം

പ്രവാചകന്മാരുടെ സന്തതികൾക്കും ഭാര്യമാർക്കും അവരുടെ ബന്ധുക്കൾ എന്ന നിലയിൽ ഒരു പ്രാധാന്യവും പ്രത്യേകതയും ഇസ്‌ലാം നൽകിയിട്ടില്ല. വിശുദ്ധ ക്വുർആൻ നൂഹ്, ലൂത്വ് നബിമാരുടെ ഭാര്യമാരെ നിഷേധികൾക്ക് ഉദാഹരണമായി പരാമർശിച്ചിട്ടുണ്ട്. നൂഹ് നബിയുടെ മകനും അദ്ദേഹത്തിൽ വിശ്വസിക്കാത്ത കൂട്ടത്തിലായിരുന്നു. ആദം നബിയുടെ പുത്രൻ തന്നെയായിരുന്നു സ്വന്തം സഹോദരനെ വധിച്ചുകൊണ്ട് ലോകാന്ത്യംവരെയുള്ള കൊലപാതകങ്ങൾക്ക് തുടക്കം കുറിച്ച കാബേലും.

ഇസ്‌ലാമിലെ കുടുംബം എന്നത് പിതാവ്, മക്കൾ എന്നതിനപ്പുറം ആദർശബന്ധിതമാണ് എന്ന് ക്വുർആൻ പഠിപ്പിക്കുന്നു. തന്റെ കപ്പലിൽ കയറാൻ കൂട്ടാക്കാതെ പ്രളയത്തിൽ മുങ്ങിക്കൊണ്ടിരുന്ന മകനെ രക്ഷിക്കാൻ നൂഹ് നബി തന്റെ നാഥനോട് അഭ്യർഥിച്ച സന്ദർഭം ക്വുർആൻ വിവരിക്കുന്നത് കാണുക:

"നൂഹ് തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ രക്ഷിതാവേ, എന്റെ മകൻ എന്റെ കുടുംബാംഗങ്ങളിൽ പെട്ടവൻ തന്നെയാണല്ലോ. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണുതാനും. നീ വിധികർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധികർത്താവുമാണ്.' അവൻ (അല്ലാഹു) പറഞ്ഞു: 'നൂഹേ, തീർച്ചയായും അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല. തീർച്ചയായും അവൻ ശരിയല്ലാത്തത് ചെയ്തവനാണ്. അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യം എന്നോട് ആവശ്യപ്പെടരുത്. നീ വിവരമില്ലാത്തവരുടെ കൂട്ടത്തിലായിപോകരുതെന്ന് ഞാൻ

**പ്രവാചകന്മാരുടെ സന്തതികൾക്കും ഭാര്യമാർക്കും അവരുടെ ബന്ധുക്കൾ എന്ന നിലയിൽ ഒരു പ്രാധാന്യവും പ്രത്യേകതയും ഇസ്‌ലാം നൽകിയിട്ടില്ല. വിശുദ്ധ ക്വുർആൻ നൂഹ്, ലൂത്വ് നബിമാരുടെ ഭാര്യമാരെ നിഷേധികൾക്ക് ഉദാഹരണമായി പരാമർശിച്ചിട്ടുണ്ട്. നൂഹ് നബിയുടെ മകനും അദ്ദേഹത്തിൽ വിശ്വസിക്കാത്ത കൂട്ടത്തിലായിരുന്നു. ആദം നബിയുടെ പുത്രൻ തന്നെയായിരുന്നു സ്വന്തം സഹോദരനെ വധിച്ചുകൊണ്ട് ലോകാന്ത്യംവരെയുള്ള കൊലപാതകങ്ങൾക്ക് തുടക്കം കുറിച്ച കാബേലും. ഇസ്‌ലാമിലെ കുടുംബം എന്നത് പിതാവ്, മക്കൾ എന്നതിനപ്പുറം ആദർശബന്ധിതമാണ് എന്ന് ക്വുർആൻ പഠിപ്പിക്കുന്നു.**

നിന്നോട് ഉപദേശിക്കുകയാണ്.' അദ്ദേഹം (നൂഹ്) പറഞ്ഞു: 'എന്റെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും, നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും'' (11: 45-47).

മാതാപിതാക്കൾക്ക് മക്കളോട് ചില കടമകളും ഉത്തരവാദിത്തങ്ങളും ഉണ്ട്. തിരിച്ചു മക്കൾക്ക് മാതാപിതാക്കളോടും കടമകളും ബാധ്യതകളും ഉണ്ട് എന്നതാണ് ഇസ്‌ലാമിന്റെ പാഠം. അതേസമയം രാജഭരണത്തിലും ഇക്കാലത്ത് മറ്റു ഭരണസംവിധാനങ്ങളിലും മക്കൾക്ക് വലിയ പ്രാധാന്യം കൽപിക്കപ്പെടുന്നു. ഖാദിയാനിമതത്തിൽ പ്രവാചകന്റെ പുത്രന്മാരും പൗത്രന്മാരും തന്നെയാണ് ഇപ്പോഴും 'ഖിലാഫത്തും' നേതൃത്വവും കൈകാര്യം ചെയ്യുന്നത്. അവർക്ക് അല്ലാഹുവിൽനിന്ന് വഹ്‌യും ലഭിച്ചുകൊണ്ടിരിക്കുന്നു എന്നാണ് അഹ്മദിയ്യാ മതവിശ്വാസം.

മിർസാ ഖാദിയാനി തനിക്ക് ജനിക്കുന്ന പുത്രനെക്കുറിച്ച പ്രവചനത്തിൽ ലോകത്ത് ഇന്നേവരെ ആർക്കും നൽകിയിട്ടില്ലാത്ത കുറെ ഗുണവിശേഷങ്ങളും വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പല ഗ്രന്ഥങ്ങളിലും പരസ്യങ്ങളിലും ഇത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ പ്രവചനം ഓരോ ഘട്ടത്തിലും പരാജയപ്പെടുകയും തന്റേതായ ന്യായങ്ങൾ കൊണ്ട് അനുയായികളെ പിടിച്ചുനിർത്താൻ പാടുപെടുകയും ചെയ്യുന്നത് നമുക്ക് കാണാനാവും.

### സന്തോഷവാർത്ത

1887 ആഗസ്റ്റ് 7ന് പ്രസിദ്ധീകരിച്ച 'സന്തോഷവാർത്ത' എന്ന പരസ്യത്തിൽ ആ 'മഹത്തായ പ്രവചനസാക്ഷാത്കാരം' ഇങ്ങനെ വായിക്കാം:

"1886 ഏപ്രിൽ 8ലെ പരസ്യത്തിൽ പറഞ്ഞതനുസരിച്ച് വാഗ്ദത്തപുത്രൻ ആ ഗർഭത്തിലല്ലെങ്കിൽ അടുത്ത ഗർഭത്തിൽ ജനിക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം ഇന്ന്, 1887 ആഗസ്റ്റ് 7ന് രാത്രി 12 മണിക്കുശേഷം ഒന്നര മണിയോടടുത്ത് പൂർത്തിയായിരിക്കുന്നു. ആ വാഗ്ദത്ത പുത്രൻ ഭൂജാതനായ വിവരം സസന്തോഷം ജനങ്ങളെ അറിയിക്കുന്നു. അല്ലാഹുവിന് സ്തുതി. രണ്ടാം ഗർഭത്തിൽ പുത്രൻ ജനിക്കുമെന്നും അത് ഏറെ വിദൂരമല്ലെന്നും ഇൽഹാമിൽ തന്നെ ഉണ്ടായിരുന്നു. പരിശുദ്ധാത്മാവിൽനിന്ന് ശക്തി സംഭരിച്ച് അക്കാര്യം പതിനാറ് മാസം മുമ്പേ പരസ്യപ്പെടുത്തിയിരുന്നു'' (മജ്മൂഏ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 141).

20.2.86 ലെ പരസ്യത്തിൽ പറയപ്പെട്ട 'സകലകലാവല്ലഭനായ' വാഗ്ദത്തപുത്രൻ ജനിച്ചു. അവനെ ഇൽഹാമി നാമമായ ബശീർ എന്നു വിളിച്ചു. എന്നാൽ പിന്നീട് സംഭവിച്ചതെന്താണ്? മിർസാ ഖാദിയാനി ഹകീം നൂറുദ്ദീനെഴുതിയ ഒരു കത്തിൽ അക്കാര്യം പറയുന്നു:

"വന്ദ്യ മൗലവി നൂറുദ്ദീൻ സാഹിബ്, അസ്സലാമു അലൈക്കും, എന്റെ മകൻ ബശീർ അഹ്മദ് ഇരുപത്തിമൂന്ന് ദിവസം രോഗശയ്യയിൽ കിടന്ന്, ദൈവവിധിയാൽ ഇന്ന് (4.10.1888ന്) മരണപ്പെട്ട വിവരം ദുഃഖത്തോടെ അറിയിക്കുന്നു. ഈ സംഭവത്തോടെ ശത്രുക്കളുടെ നാവുകൾക്കുണ്ടാവുന്ന നീളക്കൂടുതലും അനുയായികളുടെ ആശങ്കകളും ഊഹിക്കാൻ പോലും പറ്റുന്നില്ല.

വിനീതൻ, ഗുലാം അഹ്മദ്'' (മക്തൂബാതെ അഹ്മദിയ്യ, വാല്യം 5, നമ്പർ 1, പേജ് 35).

### ഇടിയും മിന്നലും

അതോടെ അനുയായികളെ പിടിച്ചുനിർത്താൻ മിർസാ ഖാ



**"1886 ഫെബ്രുവരി 20ലെ പരസ്യത്തിൽ നാല് ആൺമക്കളെപ്പറ്റി സുവാർത്തയറിയിച്ചിരുന്നു. നാലിൽ ഒരാൾ പോലും അന്ന് ജനിച്ചിരുന്നില്ല. അതിൽ വളരെ വ്യക്തമായിത്തന്നെ നാലാമത്തെ കുട്ടിയുടെ പേര് മുബാറക് എന്ന് നിർദേശിച്ചിരുന്നു'' (തിരിയാഖുൽ ക്വുലൂബ്, പേജ് 42). വ്യക്തമായ നുണ പറയുകയാണ് ഖാദിയാനീ പ്രവാചകൻ! ആദ്യം ഒരു കുട്ടിയെപ്പറ്റിയുള്ള സുവിശേഷമാണെന്നായിരുന്നു പരസ്യം. പിന്നെ അത് രണ്ടാവുകയും ഇപ്പോഴത് നാലാവുകയും ചെയ്തിരിക്കുന്നു. നാലാമത്തെ കുട്ടിയുടെ പേര് പോലും നിർദേശിച്ചിട്ടുണ്ടത്രെ. പരാമൃഷ്ട പരസ്യം ഒന്നുകൂടി വായിക്കുക. മിർസായുടെ കള്ളം പകൽപോലെ ബോധ്യമാകും.**

ദിയാനി പാടുപെട്ടു. തന്റെ ചില 'വഹ്‌യുകളെ' അദ്ദേഹം സന്ദർഭത്തിനനുസരിച്ച് പുനർ വ്യാഖ്യാനിച്ചു. തദ്കിറയിൽ നിന്ന്: "നാം ഈ കുട്ടിയെ ഒരു സാക്ഷിയും സുവിശേഷകനും താക്കീതുകാരനുമായി അയച്ചിരിക്കുന്നു, അത് ശക്തമായ മഴ പോലെയാണ്, അതിൽ പലതരം ഇരുട്ടുകളും ഇടിയും മിന്നലുമുണ്ട്. ഇതെല്ലാം അവന്റെ കാൽക്കീഴിലാണ്" (പേജ് 119).

അടിക്കുറിപ്പിൽ മിർസ തന്നെ വിശദീകരിക്കുന്നു: "ഈ വാചകത്തിൽ, ഇരുട്ടിന് ശേഷം ഇടിമുഴക്കവും വെളിച്ചവും പരാമർശിച്ചിരിക്കുന്നു. വാചകക്രമത്തിൽനിന്ന് വ്യക്തമാകുന്നതുപോലെ, മരിച്ചയാൾ തന്റെ ചുവടുകൾ വെച്ചതിന് ശേഷം ആദ്യം ഇരുട്ടും പിന്നീട് ഇടിയും മിന്നലും വരും. അതേ ക്രമത്തിൽ, ഈ പ്രവചനം പൂർത്തീകരിക്കാൻ തുടങ്ങി. അതായത്, ബശീറിന്റെ മരണത്തെത്തുടർന്ന്, തുടക്കത്തിൽ ഇരുട്ട് വന്നു, അതിനുശേഷം ഇടിമിന്നലും വെളിച്ചവും പ്രത്യക്ഷപ്പെടാൻ പോകുന്നു. ഇരുട്ട് പ്രത്യക്ഷപ്പെട്ടതുപോലെ ഒരു ദിവസം ഇടിയും വെളിച്ചവും പ്രത്യക്ഷപ്പെടുമെന്ന് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ആ വെളിച്ചം നെഞ്ചകങ്ങളിലും മനസ്സുകളിലും നിന്ന് ഇരുട്ടിന്റെ ചിന്തകളെ പൂർണമായും മായ്ച്ചുകളയുകയും അശ്രദ്ധവും മരിച്ചതുമായ ഹൃദയങ്ങളുടെ വായിൽനിന്ന് പുറപ്പെട്ട എതിർപ്പുകൾ അപ്രത്യക്ഷമാവുകയും ചെയ്യും. ജനങ്ങളേ! ഇരുട്ട് കണ്ട് പരിഭ്രമിക്കരുത്; എന്നാൽ സന്തോഷിക്കുകയും സന്തോഷത്തോടെ തുള്ളുകയും ചെയ്യുക, കാരണം ഉടനെ വെളിച്ചം വരും" (പേജ് 119).

"മരണപ്പെട്ട മകനെപ്പറ്റി അല്ലാഹുവിൽനിന്ന് ചില ഇൽഹാമുകൾ അവതരിച്ചിരുന്നു. വ്യക്തിപരമായ യോഗ്യതകളിൽ പ്രകൃതിയെ കീഴടക്കിയവനും ഉന്നതനും ആയിരുന്നുവെന്നതിനേക്കാളധികമായി പരലോക പ്രകാശവും സത്യാത്മീയതയുമാണ് കൂടുതൽ പ്രശോഭിച്ചിരുന്നത്. അവന് ബശീർ, യദുല്ലാ, ജലാലോ ജമാൽ, ബാറാനെ റഹ്മത്ത് എന്നിങ്ങനെയുള്ള പേരുകളായിരുന്നു അല്ലാഹു നൽകിയത്. ബാഹ്യശ്രേഷ്ഠതകളെക്കാൾ മുഴച്ചുനിന്നത് ആന്തരികശ്രേഷ്ഠതകളായിരുന്നതുകൊണ്ടുതന്നെ അവ പ്രത്യക്ഷീഭവിക്കേണ്ട ആവശ്യമില്ല" (പേജ് 120). നോക്കണേ, ഒരു പ്രവാചകന്റെ ഗതികേട്!

തദ്കിറയിലെ ഒരു 'അറബി വഹ്‌യ്' ഇങ്ങനെയാണ്: "ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നതുകൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടയക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ? അവർ പറഞ്ഞു: അല്ലാഹുവിനെ തന്നെയാണ, താങ്കൾ തീർത്തും അവശനാകുകയോ അല്ലെങ്കിൽ മരണമടയുകയോ ചെയ്യുന്നതുവരെ താങ്കൾ യൂസുഫിനെ ഓർത്തുകൊണ്ടേയിരിക്കും. ക്ഷമാശീലർക്കു തന്നെയാകുന്നു കണക്കുനോക്കാതെ തങ്ങളുടെ പ്രതിഫലം നല്കപ്പെടുന്നത്. കുറച്ചുകാലം ഇവരെ ഇവരുടെ പാട്ടിന് വിട്ടേക്കുക."

"ഈ ആയത്തുകളിൽ, ബശീറിന്റെ മരണം ജനങ്ങളെ പരീക്ഷിക്കാനാവശ്യമായ സംഗതിയാണെന്ന് സർവശക്തനായ അല്ലാഹു വ്യക്തമായി വിശദീകരിച്ചു. അപക്വമായ മനസ്സിന്റെ ഉടമസ്ഥർ വാഗ്ദത്ത പരിഷ്കർത്താവിനെ കാണാനാവാതെ നിരാശരായി. നീ മരിക്കുകയോ മരണാസന്നനാവുകയോ ചെയ്യുന്നതുവരെ ഈ യൂസുഫിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമെന്ന് അവർ പറഞ്ഞു. സമയമാകുന്നതുവരെ ഇത്തരക്കാരിൽനിന്ന് മുഖം തിരിഞ്ഞ് നിൽക്കാൻ സർവശക്തനായ അല്ലാഹു എന്നോട് പറയുകയും ബശീറിന്റെ മരണകാര്യത്തിൽ ദൃഢചിത്തരായവർക്ക് അളവില്ലാത്ത പ്രതിഫലം വാഗ്ദാനം ചെയ്യുകയും ചെയ്തു. സർവശക്തനായ അല്ലാഹുവിന്റെ ഈ പ്രവൃത്തികൾ ഹ്രസ്വദൃഷ്ടിയുള്ളവരുടെ കണ്ണിൽ വളരെ ആശ്ചര്യജനകമാണ്" (പേജ് 130).

ഉപര്യുക്ത ഖാദിയാനി വചനങ്ങൾ വായിച്ചാൽ മനസ്സിലാകുമല്ലോ ആരുടെ നാവിനാണ് നീളം കൂടിയതെന്ന്! 'വഹ്‌യ്,' 'ഇൽഹാം' എന്നൊക്കെ കള്ളം പറഞ്ഞ് പ്രവചനം നടത്തിയാൽ അത് പൊളിഞ്ഞു പോകുമെന്നും നാണം കെടുമെന്നുമുള്ള ചിന്തയൊന്നും മിർസക്ക് ഉണ്ടായിരുന്നില്ല.

## പ്രളയവും ഭൂകമ്പവും

ബശീറിന്റെ മരണം തന്റെ പ്രവചനത്തെയും ഇൽഹാമുകളെയും നിഷ്പ്രഭമാക്കിയില്ലെന്നാണ് മിർസായുടെ വിശദീകരണം. യഥാർഥത്തിൽ ഇവ്വിഷയകമായി മിർസാക്കും അനുയായികൾക്കുമുണ്ടായ ബേജാറും വെപ്രാളവും വിവരണാതീതമായിരുന്നുവെന്ന് സീറതുൽ മഹ്ദിയിൽ, മകൻ ബശീർ അഹ്മദിന്റെ വിശദീകരണത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

"1886ന്റെ തുടക്കത്തിൽ ദൈവകൽപനപ്രകാരം ഏകാന്തവാസത്തിനും ദൈവസ്മരണക്കും വേണ്ടി

മസീഹ് ഹോഷിയാർപൂരിൽ നാൽ പതു ദിവസം താമസിച്ചു. അന്ന് അല്ലാഹു അതിശക്തമായ ഒരു ഇൽഹാമിൽ ലോകപ്രശസ്തി നേടുന്നവനും മരിച്ചവരെ പുനർജ നിപ്പിക്കാൻ ശക്തനുമായ ഒരു പുത്രനെപ്പറ്റി സുവിശേഷമറിയിച്ചു. ഫെബ്രുവരി 20ലെ പരസ്യം ജനങ്ങൾ ശ്രദ്ധാപൂർവം കാതോർത്തു. ഇസ്‌ലാമിന്റെ ശത്രുക്കളെ നിഗ്രഹിക്കാൻ വന്ന വാഗ്ദത്ത മഹ്ദിയാണ വനെന്നുവരെ ആളുകൾ പറഞ്ഞു. പ്രവചനത്തിന്റെ തീവ്രത കണ്ട് പകച്ചുപോയ ചിലർ തങ്ങളുടേതായി ഒന്നും കൂട്ടിച്ചേർക്കാതെ, അഭാവത്തിൽനിന്നും പ്രഭാവത്തിലേക്കുള്ള അവന്റെ പ്രയാണം കാത്തു നിന്നു. അന്യമതസ്ഥർ പോലും പ്രവചനം കേട്ട് ഞെട്ടിപ്പോയി.''

"1886 മേയിൽ ഒരു കുട്ടി ജനിച്ചു. അല്ലാഹു തന്റെ ദാസന്മാരുടെ വിശ്വാസത്തെ പരീക്ഷിക്കാറുണ്ട്. ഇവിടെ ജനിച്ചതൊരു പെൺകുഞ്ഞായിരുന്നു. അനുചരന്മാരിൽ നിരാശയും എതിരാളികളിൽ ആവേശവും തിരതല്ലി. ചിലർ മസീഹിനെ തള്ളിപ്പറഞ്ഞു. വാഗ്ദത്തപുത്രൻ ഈ ഗർഭത്തിലാവണമെന്ന് ഇൽഹാം നിഷ്കർഷിക്കുന്നില്ല എന്ന വിശദീകരണം അനുയായികൾക്ക് ആശ്വാസമേകി...''

"1887 ആഗസ്റ്റിൽ ഒരാൺകുട്ടി ജനിച്ചതോടെ ആഹ്ലാദത്തിന്റെ ലഡു പൊട്ടി. ഇതാ വാഗ്ദത്തപുതൻ എന്നവർ സമാധാനിച്ചു. ഇടയാട്ടമുള്ളവർ സ്ഥൈര്യം നേടി. അവൻ വാഗ്ദത്തപുത്രനെന്ന് മസീഹും കരുതി. പൊതുജനം വീണ്ടും ഇസ്‌ലാമിലേക്കു തിരിഞ്ഞു. ദൈവവിധിയെന്ന് തന്നെ പറയട്ടെ, ഒരുവർഷം തികയുന്നതിനുമുമ്പേ ആ കുട്ടി മരണപ്പെട്ടു. ശക്തമായ പ്രളയം ഉണ്ടായി, കടുത്ത ഭൂകമ്പം അനുഭവപ്പെട്ടു. അബ്ദുല്ല സന്നൂരിയുടെ ഭാഷയിൽ, ലോകം മുമ്പോ പിമ്പോ കണ്ടിട്ടില്ലാത്ത പ്രകമ്പനം! ഈ അനിശ്ചിതാവസ്ഥയിൽ വിശ്വാസികൾ പോലും പതറിപ്പോയി.''

"കത്തുകളും പരസ്യങ്ങളുമുപയോഗിച്ച് അനുയായികള പിടിച്ചു നിർത്താൻ മസീഹ് പാടുപെട്ടു. ചില ഇൽഹാമുകളിലെ ഗുണഗണങ്ങൾ ഇവനിൽ ദർശിച്ചപ്പോൾ അക്കാര്യം പറഞ്ഞതായിരുന്നു. വാഗ്ദത്തപുത്രൻ ഇവനാണെന്ന് ഞാൻ തറപ്പിച്ചു പറഞ്ഞിട്ടില്ലല്ലോ.' ചിലർക്കെങ്കിലും ഈ മറുപടി ആശ്വാസമേകി. എതിരാളികളാവട്ടെ സന്തോഷത്താൽ ശ്വാസംമുട്ടി. പൊതുജനം വാഗ്ദത്തപുത്രനുവേണ്ടിയുള്ള കാത്തിരിപ്പ് നിർത്തി'' (ഭാഗം1,പേജ്105-107).

### കടമായി ലഭിച്ച കുട്ടി

തദ്കിറയിലെ ഒരു 'അറബി വഹ്‌യ്' ഇങ്ങനെയാണ്: "ഭക്തിയുടെയും തക്‌വയുടെയും മാർഗം സ്വീകരിച്ചവരുടെ ദൃഷ്ടികൾ അല്ലാഹുവിലേക്ക് മാത്രമായിരിക്കും എന്നതാണ് സത്യം. ബശീർ അഹ്മദ് എന്ന എന്റെ ഒരു ആൺകുട്ടി ശൈശവത്തിൽ മരിച്ചു. ആ സമയത്ത്, സർവശക്തനായ അല്ലാഹു എനിക്ക് വഹ്‌യ് അവതരിപ്പിച്ചു: 'നമ്മുടെ കൃപയാലും ഔദാര്യത്താലും നാം അത് താങ്കൾക്ക് തിരികെ നൽകും; അതായത്, അത് പോലെയുള്ളത്'' (പേജ് 130).

ബഷീർ അഹ്മദിന്റെ മരണം മിർസാ ഖാദിയാനിയുടെ കണ്ണ് തുറപ്പിച്ചില്ല. വാഗ്ദത്ത പുത്രനെക്കുറിച്ച് വീണ്ടും വഹ്‌യുകൾ വന്നതായി അദ്ദേഹം പറയുന്നു. തിരിയാഖുൽ ക്വുലൂബിൽ നിന്ന്:

"ഞാൻ നിനക്ക് മറ്റൊരു ആൺകുട്ടിയെ തരാം എന്ന് അല്ലാഹു എന്നെ അറിയിച്ചു. ഈ നാലാമത്തെ ആൺകുട്ടിക്ക് മുബാറക് അഹ്മദ് എന്ന് പേരിട്ടു, അവന്റെ ജനന വാർത്ത ഏതാണ്ട് രണ്ട് വർഷം മുമ്പാണ് എനിക്ക് ലഭിച്ചത്. ജനനത്തിന് ഏകദേശം രണ്ട് മാസം അവശേഷിച്ചപ്പോൾ വഹ്‌യ് വന്നു: 'ഞാൻ ദൈവത്തിന്റെ കൈയിൽനിന്ന് ഭൂമിയിൽ വീഴുന്നു, ഞാൻ ദൈവത്തിലേക്ക് തന്നെ പോകും.''


"അത്ഭുതകരമെന്നു പറയട്ടെ, ആ കുട്ടി ജനിക്കുന്നതിന് മുമ്പേ എന്നോട് സംസാരിച്ചു. 1897 ജനുവരി 1ന് തന്റെ സഹോദരന്മാരെ സംബോധന ചെയ്തുകൊണ്ട് അവൻ പറഞ്ഞു: 'ഞാനും നിങ്ങളും തമ്മിൽ ഒരു ദിവസത്തെ വ്യത്യാസമേയുള്ളൂ. ഒരു ദിവസത്തിനുശേഷം ഞാൻ നിങ്ങളുമായി കാണും. ഒരുദിവസം കൊണ്ടുദ്ദേശിക്കുന്നത് രണ്ടു കൊല്ലമാണ്(!) മൂന്നാംവർഷം അവൻ ജനിച്ചു.''

"ഈസാനബി തൊട്ടിലിൽവച്ചാണ് സംസാരിച്ചത്. പക്ഷേ, ഈ കുട്ടി രണ്ടു പ്രാവശ്യം വയറ്റിൽ വെച്ച് സംസാരിച്ചു. പിന്നെ 1899 ജൂൺ 14ന് അവൻ ജനിച്ചു. അവൻ നാലാമത്തെ കുട്ടിയായിരുന്നു. ആ കണക്കനുസരിച്ച് ഇസ്‌ലാമിലെ നാലാം മാസമായ സഫറിൽ(!) നാലാം ദിവസമായ ബുധനാഴ്ച ഉച്ചക്കുശേഷം നാലു മണിക്കായിരുന്നു അവന്റെ ജനനം. 1886 ഫെബ്രുവരി 20 ലെ പ്രവചന പ്രകാരം തിങ്കളാഴ്ച അവന്റെ മുടി കളഞ്ഞു. ജനന ദിവസം നാലുമണി മുതൽ ദിവസങ്ങളോളം നീണ്ടുനിന്ന കനത്ത മഴയുണ്ടായിരുന്നു'' (പേജ് 41).

മഴ നല്ലതുതന്നെ! എന്നാൽ നാലാമത്തെ കുട്ടിയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും നാലൊപ്പിക്കാൻ സഫർ മാസത്തെ നാലാമത്തേതാക്കിയിരിക്കുന്നു അഭിനവനബി! ഖാദിയാനികളുടെ 'നിഴൽ ഹജ്ജ്' ഡിസംബർ മാസത്തിലാണെന്ന കാര്യവും ഇതോടൊപ്പം ചേർത്തുവായിക്കാം.

ആനുഷങ്കികമായി പറയട്ടെ, ഖാദിയാനി പ്രവാചകൻ ചില ദിവസങ്ങളെ ദുഃശ്ശകുനമായി കണ്ടിരുന്നു. "മുബാറകാ ബീഗത്തെ പ്രസവിക്കുന്നത് ചൊവ്വാഴ്ചയായിരുന്നു. ആ ദിവസം കഴിഞ്ഞിട്ട് മതി പ്രസവമെന്ന് കരുതി മസീഹ് പ്രാർഥിച്ചു. അങ്ങനെയാണ് അവൾ ബുധനാഴ്ച ജനിച്ചത്'' (സീറതുൽ മഹ്ദി, വാല്യം 1, പേജ് 8). ജനനം പോലും മാറ്റിവെക്കേണ്ടി വരുന്ന ജാഹിലിയത്ത്! ആധുനിക യുഗത്തിന്റെ മാർഗദർശിയാണത്രെ ഈ പ്രവാചകൻ!

*(തുടരും)*




# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

കർണാടക സർക്കാറിന്റെ ശിരോവസ്ത്ര നിരോധന ഉത്തരവിനെതിരെയും അതിനെ ശരിവച്ച കർണാടക ഹൈക്കോടതിയുടെയുടെ വിധിക്കെതിരെയും ജസ്റ്റിസ് സുധാംശു ധൂലിയ നടത്തിയ വിധിപ്രസ്താവവും പരാമർശങ്ങളുമാണ് ഇതുവരെ ചർച്ച ചെയ്തത്. സംഘ്പരിവാറും ഹിജാബ് വിരോധികളും ഉന്നയിക്കുന്ന വിതണ്ഡവാദങ്ങളെ നിയമത്തിന്റെ സൂക്ഷ്മാംശങ്ങളിലൂടെ കടന്നുചെന്ന് പൊളിച്ചടുക്കുകയായിരുന്നു ജസ്റ്റിസ് ധൂലിയ. ഫാസിസം നിറഞ്ഞാടുന്ന മോദിയുടെ കാലത്ത്, ജുഡീഷ്യറിയെപ്പോലും പേടിപ്പിച്ച് അടക്കിഭരിക്കാൻ ശ്രമിക്കുന്ന വളരെ ഭീതിതമായ സാഹചര്യത്തിലും തന്റെ നിരീക്ഷണങ്ങൾ തുറന്നു പറയാൻ ധൂലിയക്ക് സാധിച്ചത് ശുഭസൂചകമാണ്. രാഷ്ട്രീയത്തിനും ഭരണമേധാവിത്തത്തിനും പാർലമെന്ററി ഭൂരിപക്ഷത്തിനുമപ്പുറം ഭരണഘടന തന്നെയാണ് ഇന്ത്യയുടെ ശക്തി എന്ന് വിളിച്ചോതുന്ന വിധിയായിരുന്നു അദ്ദേഹം നടത്തിയത്. ഭരണഘടനയുടെ അനുച്ഛേദങ്ങളായ 14,15,19,21,25,29,30 തുടങ്ങിയ നിരവധി വകുപ്പുകൾ ശിരോവസ്ത്ര നിരോധനം ഭരണഘടനാ വിരുദ്ധമാണെന്ന് തെളിയിക്കുന്നതായി ധൂലിയ ചൂണ്ടിക്കാണിച്ചു. അതോടൊപ്പം വിദ്യാലയങ്ങളിൽ വിവിധ മതവിഭാഗങ്ങളുടെ സാംസ്കാരികരീതികൾ പ്രകടിപ്പിക്കാനും അവയെ പരസ്പരം ബഹുമാനിക്കാൻ സാധിക്കുന്ന വിധത്തിൽ വിദ്യാർഥികളിൽ സാംസ്കാരികബോധം വളർത്തുവാനും ശ്രമിക്കണമെന്നും

അദ്ദേഹം ചൂണ്ടിക്കാട്ടി.

രണ്ടംഗ ബെഞ്ചിൽ ജസ്റ്റിസ് ധൂലിയ ശിരോവസ്ത്ര നിരോധനത്തെ എതിർത്തുകൊണ്ട് വിധി പ്രസ്താവിച്ചുവെങ്കിലും സഹജഡ്ജിയായ ജസ്റ്റിസ് ഹേമന്ദ് ഗുപ്ത സർക്കാറിന് ഉത്തരവിറക്കാനുള്ള അവകാശത്തെ അംഗീകരിച്ചുകൊണ്ടാണ് വിധി പ്രസ്താവിച്ചത്. ശിരോവസ്ത്രം നിരോധിക്കപ്പെടണം എന്ന അഭിപ്രായം ഹേമന്ദ് ഗുപ്ത തുറന്നുപറയുന്നില്ലെങ്കിലും നിയന്ത്രണങ്ങളുടെ ഭാഗമായി സർക്കാറിന് തീരുമാനമെടുക്കാനുള്ള അവകാശമുണ്ട് എന്നാണ് അദ്ദേഹത്തിന്റെ വാദം. ഒരു വ്യക്തിയുടെ മൗലിക സ്വാതന്ത്ര്യത്തെക്കാൾ രാഷ്ട്രത്തിന്റെ താൽപര്യത്തിന് അദ്ദേഹം മുൻഗണന നൽകുകയാണ് ചെയ്യുന്നത്. മതേതര പ്രവർത്തനങ്ങളിൽ മത അടയാളങ്ങളെ നിയന്ത്രിക്കുന്നതിന് വിരോധമില്ലെന്നും സർക്കാർ പണം മുടക്കുന്ന വിദ്യാഭ്യാസമേഖല മതേതരപ്രവർത്തന മേഖലയായതിനാൽ അവിടെ മതങ്ങളുടെ കടന്നുകയറ്റത്തെ നിയന്ത്രിക്കാവുന്നതാണെന്നുമാണ് അദ്ദേഹം വാദിക്കുന്നതും വിധിക്കുന്നതും.

**സെക്കുലറിസം: ഹേമന്ദ് ഗുപ്തയുടെ നിരീക്ഷണം**

'സെക്കുലർ' എന്ന പദം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ രൂപത്തിലാണ് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇന്ത്യയുടെ പശ്ചാത്തലത്തിൽ അതിന് പ്രത്യകമായ അർഥവും ആശയവുമുണ്ട്. 3.1.1977ലെ 42-ാം ഭേദഗതിയിലൂടെയാണ് 'സെക്കുലർ' ഭരണഘടനയിൽ സ്ഥാനം പിടിച്ചത്. 'മതപരമായ' (Religious) എന്ന പദത്തിന് നേർ വിപരീതമായിട്ടാണ് അത് ഉപയോഗിക്കപ്പെടുന്നത്. പാശ്ചാത്യ രാജ്യങ്ങളിലെ ഭരണഘടനയിൽനിന്ന് കടമെടുത്ത പദമാണെങ്കിലും പാശ്ചാത്യ രാജ്യങ്ങൾ ഉപയോഗിച്ച അർഥത്തിലല്ല ഇന്ത്യൻ ഭരണഘടന അത് ഉപയോഗിച്ചിട്ടുള്ളത്. സെക്കുലർ എന്ന പദത്തിന് സമാനമായ ഹിന്ദി പദം 'പന്ത്-നിരപേക്ഷ്' എന്നാണ്. ഭരണകൂടത്തിന് മതം പാടില്ല എന്ന ആശയമാണ് പ്രസ്തുത പദം പ്രതിനിധാനം ചെയ്യുന്നത്.

'പന്ത്-നിരപേക്ഷ്' എന്ന വാക്ക് ഉപയോഗിച്ചതിൽനിന്നുതന്നെ 'ധർമ-നിരപേക്ഷ്' അല്ല ഇന്ത്യൻ ഭരണഘടന ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്. 'പന്ത്' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഏതെങ്കിലും പ്രത്യേക വിശ്വാസത്തിലോ ആരാധനാരീതിയിലോ രൂപത്തിലോ ഉള്ള



**ഫാസിസം നിറഞ്ഞാടുന്ന മോദിയുടെ കാലത്ത്, ജുഡീഷ്യറിയെപ്പോലും പേടിപ്പിച്ച് അടക്കിഭരിക്കാൻ ശ്രമിക്കുന്ന വളരെ ഭീതിതമായ സാഹചര്യത്തിലും തന്റെ നിരീക്ഷണങ്ങൾ തുറന്നു പറയാൻ ധൂലിയക്ക് സാധിച്ചത് ശുഭസൂചകമാണ്. രാഷ്ട്രീയത്തിനും ഭരണമേധാവിത്തത്തിനും പാർലമെന്ററി ഭൂരിപക്ഷത്തിനുമപ്പുറം ഭരണഘടന തന്നെയാണ് ഇന്ത്യയുടെ ശക്തി എന്ന് വിളിച്ചോതുന്ന വിധിയായിരുന്നു അദ്ദേഹം നടത്തിയത്. ഭരണഘടനയുടെ അനുച്ഛേദങ്ങളായ 14,15,19,21,25,29,30 തുടങ്ങിയ നിരവധി വകുപ്പുകൾ ശിരോവസ്ത്ര നിരോധനം ഭരണഘടനാ വിരുദ്ധമാണെന്ന് തെളിയിക്കുന്നതായി ധൂലിയ ചൂണ്ടിക്കാണിച്ചു.**

ഭക്തിയെ പ്രതീകപ്പെടുത്തുന്ന 'വിഭാഗം' എന്നാണ്. എന്നാൽ പ്രകൃതിനിയമങ്ങൾ പോലെ ഒരിക്കലും മാറ്റാൻ കഴിയാത്ത കേവലവും ശാശ്വതവുമായ മൂല്യങ്ങളെ പ്രതീകപ്പെടുത്തുന്ന പദമാണ് 'ധർമ.' അത് പൗരന്മാരുടെയും സമൂഹത്തിന്റെയും മൊത്തത്തിലുള്ള ക്ഷേമവും ഉന്നമനവും ഉയർത്തിപ്പിടിക്കുന്ന പദമാണ്.

**ധർമം, ധർമരാജ്യം, മതനിരപേക്ഷത**

1996ലെ നാരായണ ദീക്ഷിതുലു-സ്റ്റേറ്റ് ഓഫ് ആന്ധ്രപ്രദേശ് കേസിൽ 'ധർമ' എന്ന പദത്തെ കുറിച്ച് ഈ കോടതി നടത്തിയ നിരീക്ഷണം ഏറെ പ്രസക്തമാണ്:

‘ധർമ’ത്തെ നിർവചിക്കുക ഏറെ പ്രയാസമാണ്. ജീവജാലങ്ങളുടെ ഉന്നമനത്തിന് സഹായിക്കുന്ന ഒന്ന് എന്ന നിലയ്ക്കാണ് അതിനെ കാണേണ്ടത്. അതിനാൽ, ജീവജാലങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നത് തീർച്ചയായും ധർമമാണ്. രാജ്യങ്ങളുടെയോ അധികാരങ്ങളുടെയോ ചുമതലകളുടെ പശ്ചാത്തലത്തിൽ ധർമം ഉപയോഗിക്കുമ്പോൾ അതിന് രാജധർമം അഥവാ ഭരണഘടനാ നിയമം എന്നാണ് അർഥമാക്കുക.’

‘അതുപോലെ, ജനങ്ങളുടെ സമാധാനത്തിനും ഐശ്വര്യത്തിനും, സമത്വ സമൂഹം സ്ഥാപിക്കുന്നതിനും ‘ധർമരാജ്യം’ ആവശ്യമാണെന്ന് പറയുമ്പോൾ, ‘രാജ്യം’ എന്ന പദത്തിന്റെ പശ്ചാത്തലത്തിൽ ‘ധർമ’ത്തിന് ‘നിയമം’ എന്ന് മാത്രമാണ് അർഥം വരിക. ധർമരാജ്യം എന്നാൽ മതത്തിന്റെ ഭരണമെന്നോ ദൈവാധിപത്യ രാഷ്ട്രമെന്നോ അർഥമില്ല. മറിച്ച് നിയമവാഴ്ച എന്നുമാത്രമാണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. സ്വാർഥതയില്ലാത്ത, ചെറുതോ വലുതോ ആയ ഏതൊരു പ്രവൃത്തിയും ധർമമായിട്ടാണ് കണക്കാക്കപ്പെടുന്നത്. അതിനാൽ, എല്ലാ മനുഷ്യരോടും സ്നേഹം പുലർത്തുന്നത് ധർമമാണ്.’

ഇത്രയും പറഞ്ഞ ഹേമന്ദ് ഗുപ്ത, ശേഷം ദീക്ഷിതുലു കേസിൽ സുപ്രീംകോടതി നടത്തിയ താഴെകാണുന്ന നിരീക്ഷണം ഉദ്ധരിച്ചു:

‘സങ്കുചിത ചിന്തക്കും വിഭാഗീയതക്കും അന്ധവിശ്വാസത്തിനും പിടിവാശിക്കും ഇടമില്ല എന്നതാണ് ധർമം എന്ന ആശയത്തിന്റെ അടയാളങ്ങളും ലക്ഷണങ്ങളും. അതിനാൽ, ധർമത്തിന്റെ വിശുദ്ധി വിഭാഗീയതയുമായി ഒരിക്കലും പൊരുത്തപ്പെട്ടുപോവില്ല. ഒരു വിഭാഗീയമതം (Sectarian Religion) പരിമിതമായ ഒരു കൂട്ടം ആളുകൾക്ക് മാത്രമാണ് അതിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നത്. എന്നാൽ ധർമം ഒരു വിഭാഗത്തെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളുന്നതാകുന്നു. ഇതാണ് നാം ഉയർത്തിപ്പിടിക്കുന്ന ധർമത്തിന്റെ കാതലും മനസ്സും. മതവും ധർമവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഇനി കൂടുതലൊന്നും ആവശ്യമില്ല. അതിനാൽ നമ്മുടെ അനുച്ഛേദം 25, 26 എന്നിവയിലെ ‘മതം’ (Religion) എന്ന വാക്ക് സങ്കുചിത വിഭാഗീയ അർഥത്തിലല്ല, മറിച്ച് ‘എല്ലാവർക്കും സുഖം ഭവിക്കട്ടെ’ അഥവാ ‘സർവേ ഭവന്തു സുഖിനഃ’ എന്ന ആശയത്തെയാണ് ഉൾക്കൊള്ളുന്നത്. ഇത് നേടിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം; നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 25ഉം 26ഉം ഉറപ്പുനൽകുന്ന സ്വാതന്ത്ര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് നമുക്ക് നമ്മുടെ ധർമത്തിന്റെ സന്ദേശം പ്രചരിപ്പിക്കാം.’

**ഒരു വിഭാഗീയമതം (Sectarian Religion) പരിമിതമായ ഒരു കൂട്ടം ആളുകൾക്ക് മാത്രമാണ് അതിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നത്. എന്നാൽ ധർമം ഒരു വിഭാഗത്തെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളുന്നതാകുന്നു. ഇതാണ് നാം ഉയർത്തിപ്പിടിക്കുന്ന ധർമത്തിന്റെ കാതലും മനസ്സും. മതവും ധർമവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഇനി കൂടുതലൊന്നും ആവശ്യമില്ല. അതിനാൽ നമ്മുടെ അനുച്ഛേദം 25, 26 എന്നിവയിലെ ‘മതം’ (Religion) എന്ന വാക്ക് സങ്കുചിത വിഭാഗീയ അർഥത്തിലല്ല, മറിച്ച് ‘എല്ലാവർക്കും സുഖം ഭവിക്കട്ടെ’ അഥവാ ‘സർവേ ഭവന്തു സുഖിനഃ’ എന്ന ആശയത്തെയാണ് ഉൾക്കൊള്ളുന്നത്. ഇത് നേടിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം; -ഹേമന്ദ് ഗുപ്ത,**



**ഗുപ്തയുടെ സെക്കുലറിസം: ഇരുളും പൊരുളും**

പ്രത്യക്ഷത്തിൽ വലിയ കുഴപ്പമില്ലെന്ന് തോന്നിപ്പിക്കുന്ന വിധത്തിലാണ് ഹേമന്ദ് ഗുപ്ത സെക്കുലറിസം എന്ന ആശയത്തെ വിശദീകരിക്കുന്നത്. രാജ്യത്തിന് പ്രത്യേകിച്ച് മതമില്ലെന്നും എല്ലാ മതങ്ങളെയും തുല്യമായി ബഹുമാനിക്കണമെന്നുമെല്ലാമുള്ള ആശയങ്ങൾ പങ്കുവയ്ക്കുമ്പോൾ രാഷ്ട്രശിൽപികൾ ഉദ്ദേശിച്ച അതേ ആശയമാണ് അദ്ദേഹം പങ്കുവയ്ക്കുന്നത് എന്ന് പലർക്കും തോന്നിയേക്കാം. എന്നാൽ അദ്ദേഹത്തിന്റെ വാദ

ങ്ങളെ വരികൾക്കിടയിലൂടെ വായിച്ചാൽ അതിലടങ്ങിയിരിക്കുന്ന അപകടവും സെക്കുലറിസത്തിന് ആർഎസ്എസ് നൽകുന്ന വിശദീകരണങ്ങളോടുള്ള സാദൃശ്യവും ബോധ്യപ്പെടും.

**പന്ത്-നിരപേക്ഷും ധർമ-നിരപേക്ഷും**

ഇന്ത്യ മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷതക്ക് 'പന്ത്-നിരപേക്ഷ്' എന്നാണ് ഭരണഘടനയുടെ ഹിന്ദി പതിപ്പിൽ പറഞ്ഞിട്ടുള്ളത് എന്നും 'പന്ത്' എന്ന വാക്ക് മതവിശ്വാസത്തെയല്ല, വിവിധ സമൂഹങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നുമാണ് അദ്ദേഹം വ്യാഖ്യാനിക്കുന്നത്. അതിന് 'ധർമ-നിരപേക്ഷ്' എന്ന വ്യാഖ്യാനം നൽകിയാൽ തന്നെയും രാജ്യം അംഗീകരിച്ച നിയമത്തിന്റെ വാഴ്ച എന്നേ പറയാൻ സാധിക്കൂ എന്നും അദ്ദേഹം പറയുന്നു. വിവിധ മതവിശ്വാസങ്ങളുടെ ഭാഗമായി കടന്നുവരുന്ന ധർമ വീക്ഷണങ്ങൾക്ക് നമ്മുടെ ഭരണഘടനയിൽ സ്ഥാനമില്ല എന്നതാണ് അദ്ദേഹം കണ്ടെത്തുന്ന കാരണം. അത്തരം ധർമ വീക്ഷണങ്ങൾ പാലിച്ച് ജീവിക്കുന്ന വിഭാഗങ്ങൾക്ക് സ്വകാര്യ ഇടങ്ങളിൽ വിശ്വാസത്തെയും ആചാരങ്ങളെയും പ്രകടിപ്പിക്കാം എന്നല്ലാതെ എല്ലാ പൊതുയിടങ്ങളിലും യഥേഷ്ടം തങ്ങളുടെ വിശ്വാസ അടയാളങ്ങളെ പ്രകടിപ്പിക്കാൻ അനുവാദമില്ല എന്നും രാഷ്ട്രത്തിന് അവയ്ക്കുമേൽ നിയന്ത്രണാധികാരമുണ്ട് എന്നുമാണ് അദ്ദേഹം സമർഥിക്കാൻ ശ്രമിക്കുന്നത്. ഹൈന്ദവതയെ ധർമമായും മറ്റുള്ള മതങ്ങളെ സങ്കുചിത-വിഭാഗീയ മതങ്ങളായും അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നത് ഇതിന്റെ ഭാഗമാണ്.

**ഭരണഘടനക്ക് ഹിന്ദുത്വ വ്യാഖ്യാനം**

'പന്ത്-നിരപേക്ഷ്' എന്ന ആശയമാണ് ഭരണഘടന ഉയർത്തിപ്പിടിക്കുന്നതെന്നും 'ധർമ-നിരപേക്ഷ്' അല്ല എന്നും പറയുന്നതിന് പിന്നിലുള്ള ലക്ഷ്യം വ്യക്തമാണ്. മതനിരപേക്ഷതയാവാം. എന്നാൽ ധാർമിക നിയമങ്ങൾ നിരപേക്ഷമല്ല, അത് കാലങ്ങളായി 'ഭാരതീയർ' സ്വീകരിച്ചുവരുന്ന ഏകമായ ഭാരതീയ സാംസ്കാരിക രീതികളിൽ അധിഷ്ഠിതമായ നിയമങ്ങളാണ് എന്ന് സ്ഥാപിക്കാനാണ് ഗുപ്ത ശ്രമിക്കുന്നത്. ഭാരതീയ ധർമം ഭരണഘടനയുടെ ഭാഗമാണെന്നും മറ്റു മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഭാഗമായി വരുന്ന ധാർമിക, സാംസ്കാരിക രീതികൾ പൊതുയിടങ്ങളിൽ കൊണ്ടുവരുന്നത് ഭരണഘടനാ നിയമങ്ങൾക്ക് എതിരാണെന്നുമാണ് അദ്ദേഹം വാദിക്കുന്നത്. ഹിന്ദുത്വയുടെ ഭാഗമായി അറിയപ്പെടുന്ന സനാതന ധർമത്തെയാണ് ഹേമന്ദ് ഗുപ്ത ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് വിദ്യാലയങ്ങൾ അടക്കമുള്ള പൊതുയിടങ്ങളിൽ സനാതന ധർമമനുസരിച്ചുള്ള ഹോമം ആവാം; എന്നാൽ സനാതന ധർമത്തിന്റെ ഭാഗമല്ലാത്ത, മറ്റൊരു വിശ്വാസത്തിന്റെ ഭാഗമായ 'ഹിജാബ്' അനുവദിക്കാൻ സാധിക്കില്ല എന്നർഥം.

ആർഎസ്എസ് പണ്ടുമുതലേ സെക്കുലറിസത്തിന് നൽകുന്ന വ്യാഖ്യാനമാണ് ഹേമന്ദ് ഗുപ്തയുടെ വിധിന്യായത്തിലൂടെ പുറത്തുവന്നിരിക്കുന്നത്. ഇന്ത്യയിൽ ജീവിക്കുന്ന വിവിധ മതവിഭാഗങ്ങളെ മതവിഭാഗങ്ങളായി അംഗീകരിക്കാൻ സാധിക്കില്ലെന്നും അവയെല്ലാം ഇന്ത്യയുടെ തന്നെ ഭാഗമായ ഹൈന്ദവ സംസ്കാരത്തിന്റെ ഉപവിഭാഗങ്ങൾ മാത്രമാണെന്നുമാണ് ആർഎസ്എസിന്റെ സൈദ്ധാന്തിക വീക്ഷണം. 2047ൽ സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി ആഘോഷിക്കുമ്പോഴേക്ക് ഇന്ത്യയെ ഒരു ഹിന്ദുത്വ രാഷ്ട്രമായി പരിവർത്തിപ്പിക്കാനുള്ള സംഘ്പരിവാറിന്റെ ശ്രമങ്ങൾക്ക് ശക്തി പകരുന്ന പരാമർശങ്ങളാണ് ഗുപ്തയുടേതെന്ന് നിയമവൃത്തങ്ങളിൽ പലരും നിരീക്ഷിച്ചിട്ടുണ്ട്. ഭരണഘടനയെ അട്ടിമറിക്കുകയോ പൂർണമായും നിരാകരിക്കുകയോ ചെയ്യുക എന്നത് ക്ഷിപ്രസാധ്യമല്ല എന്നതിനാൽ എളുപ്പമുള്ള മാർഗം ഭരണഘടനക്ക് ദുർവ്യാഖ്യാനം ചമക്കലാണ്. ഭരണഘടനയെ ഒരു ഹിന്ദുത്വരേഖയാക്കി അവതരിപ്പിച്ചുകൊണ്ടുള്ള ദുർവ്യാഖ്യാനങ്ങളിലൂടെ അത് സാധ്യമാക്കാനുള്ള സംഘ്പരിവാർ ശ്രമങ്ങളാണ് ഇതിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

*(അടുത്ത ലക്കത്തിൽ: സുപ്രീംകോടതി വിധികൾക്ക് പുതിയ വ്യാഖ്യാനം?!)*

**ആർഎസ്എസ് പണ്ടുമുതലേ സെക്കുലറിസത്തിന് നൽകുന്ന വ്യാഖ്യാനമാണ് ഹേമന്ദ് ഗുപ്തയുടെ വിധിന്യായത്തിലൂടെ പുറത്തുവന്നിരിക്കുന്നത്. ഇന്ത്യയിൽ ജീവിക്കുന്ന വിവിധ മതവിഭാഗങ്ങളെ മതവിഭാഗങ്ങളായി അംഗീകരിക്കാൻ സാധിക്കില്ലെന്നും അവയെല്ലാം ഇന്ത്യയുടെ തന്നെ ഭാഗമായ ഹൈന്ദവ സംസ്കാരത്തിന്റെ ഉപവിഭാഗങ്ങൾ മാത്രമാണെന്നുമാണ് ആർഎസ്എസിന്റെ സൈദ്ധാന്തിക വീക്ഷണം. 2047ൽ സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി ആഘോഷിക്കുമ്പോഴേക്ക് ഇന്ത്യയെ ഒരു ഹിന്ദുത്വ രാഷ്ട്രമായി പരിവർത്തിപ്പിക്കാനുള്ള സംഘ്പരിവാറിന്റെ ശ്രമങ്ങൾക്ക് ശക്തി പകരുന്ന പരാമർശങ്ങളാണ് ഗുപ്തയുടേതെന്ന് നിയമവൃത്തങ്ങളിൽ പലരും നിരീക്ഷിച്ചിട്ടുണ്ട്.**





# ദൃഷ്ടാന്തങ്ങൾ; പ്രകൃതിയിലും മനുഷ്യരിലും

ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു? 08

ഷാഹുൽ പാലക്കാട്
:97478 90521

**E54. കൊലപാതകങ്ങളുടെ വർധനവ്**

അബൂമൂസ(റ)യിൽനിന്നും നിവേദനം; പ്രവാചകൻ(സ്വ) പറഞ്ഞു: 'നിശ്ചയമായും നിങ്ങൾക്കുശേഷം ചില നാളുകൾ വരാനിരിക്കുന്നു. ആ നാളുകളിൽ വിജ്ഞാനം ഉയർത്തപ്പെടും, ഹർജ് വർധിക്കും.' ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്താണ് ഹർജ്?' അവിടുന്ന് പറഞ്ഞു:'കൊലപാതകങ്ങൾ...' (തിൽമുദി).

ശാസ്ത്രം മനുഷ്യന് നന്മയോടൊപ്പം തിന്മയും നൽകിയതിന്റെ ഫലമാണ് രക്തരൂക്ഷിതമായ ഇരുപതാം നൂറ്റാണ്ട്. ന്യൂക്ലിയർ ബോംബുകൾ മുതൽ മെഷീൻഗണ്ണുകളും യുദ്ധവിമാനങ്ങളും മറ്റും ഉപയോഗിച്ച് കോടിക്കണക്കിന് മനുഷ്യരെ പല രാഷ്ട്രങ്ങളും കൊന്നുതീർത്തിട്ടുണ്ട്. ആധുനിക യുദ്ധ സാമഗ്രികളുടെ ഉപയോഗംകൊണ്ടാണ് ഇത്രയധികം മനുഷ്യരുടെ രക്തം ചിന്താൻ ഈ രാഷ്ട്രങ്ങൾക്ക് ആയത്. ഈ രക്തച്ചൊരിച്ചിലിന്റെ ചില കണക്കുകൾ നോക്കുക:

ഒന്നാം ലോകമഹായുദ്ധം (1914-18): 15 ദശലക്ഷം.

റഷ്യൻ ആഭ്യന്തരയുദ്ധം (1917-22): 9 ദശലക്ഷം.

സോവിയറ്റ് യൂണിയൻ, സ്റ്റാലിന്റെ ഭരണം (1924-53): 20 ദശലക്ഷം.

രണ്ടാം ലോകമഹായുദ്ധം (1937-45): 55 ദശലക്ഷം.

ചൈനീസ് ആഭ്യന്തരയുദ്ധം (1945-49): 2.5 ദശലക്ഷം.

പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന, മാവോ സെതൂങ്ങിന്റെ ഭരണം (1949-75): 40 ദശലക്ഷം.

ടിബറ്റ് (1950): 600000.

കോംഗോ ഫ്രീ സ്റ്റേറ്റ് (1886 -1908): 8 ദശലക്ഷം.

മെക്സിക്കോ (191020): 1 ദശലക്ഷം

അർമേനിയക്കാരുടെ തുർക്കി കൂട്ടക്കൊലകൾ (1915-23): 1.5 ദശലക്ഷം.

ചൈന (1917-28): 800000.

ചൈന, നാഷണലിസ്റ്റ് കാലം (1928-37): 3.1 ദശലക്ഷം.

**പ്രവാചകൻ(സ്വ) പറഞ്ഞു: 'നിശ്ചയമായും നിങ്ങൾക്കുശേഷം ചില നാളുകൾ വരാനിരിക്കുന്നു. ആ നാളുകളിൽ വിജ്ഞാനം ഉയർത്തപ്പെടും, ഹർജ് വർധിക്കും.' ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്താണ് ഹർജ്?' അവിടുന്ന് പറഞ്ഞു:'കൊലപാതകങ്ങൾ...' (തിൽമുദി). ശാസ്ത്രം മനുഷ്യന് നന്മയോടൊപ്പം തിന്മയും നൽകിയതിന്റെ ഫലമാണ് രക്തരൂക്ഷിതമായ ഇരുപതാം നൂറ്റാണ്ട്. ന്യൂക്ലിയർ ബോംബുകൾ മുതൽ മെഷീൻഗണ്ണുകളും യുദ്ധവിമാനങ്ങളും മറ്റും ഉപയോഗിച്ച് കോടിക്കണക്കിന് മനുഷ്യരെ പല രാഷ്ട്രങ്ങളും കൊന്നുതീർത്തിട്ടുണ്ട്. ആധുനിക യുദ്ധ സാമഗ്രികളുടെ ഉപയോഗംകൊണ്ടാണ് ഇത്രയധികം മനുഷ്യരുടെ രക്തം ചിന്താൻ ഈ രാഷ്ട്രങ്ങൾക്ക് ആയത്.**

കൊറിയൻ യുദ്ധം (195053): 2.8 ദശലക്ഷം.
ഉത്തര കൊറിയ (1948): 2 ദശലക്ഷം.
റുവാണ്ടയും ബുറുണ്ടിയും (1959-95): 1.35 ദശലക്ഷം.
രണ്ടാം ഇന്തോ-ചൈന യുദ്ധം (1960-75): 3.5 ദശലക്ഷം.
എത്യോപ്യ (1962-92): 400000.
നൈജീരിയ (1966-70): 1 ദശലക്ഷം.
ബംഗ്ലാദേശ് (1971): 1.25 ദശലക്ഷം.
കംബോഡിയ, ഖമർ റൂഷ് (1975-78): 1.65 ദശലക്ഷം.
മൊസാംബിക് (1975-92): 1 ദശലക്ഷം.
അഫ്ഗാനിസ്ഥാൻ (1979-2001): 1.8 ദശലക്ഷം.
ഇറാൻ-ഇറാഖ് യുദ്ധം (1980-88): 1 ദശലക്ഷം.
സുഡാൻ (1983): 1.9 ദശലക്ഷം.
കിൻഷാസ, കോംഗോ (1998): 3.8 ദശലക്ഷം.

ചരിത്രത്തിൽ മുമ്പെങ്ങും കാണാത്ത വിധമാണ് രക്തച്ചൊരിച്ചിലിൽ കാണുന്ന ഈ വർധനവ് എന്ന് ഇത് തെളിയിക്കുന്നു. യുദ്ധത്തിലൂടെയല്ലാതെയും ഇന്ന് കൊലപാതകങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണ്.

**E55. അപ്പോൾ അവരുടെ പേരിൽ ആകാശമോ ഭൂമിയോ വിലപിച്ചില്ല!**

"സമുദ്രത്തെ ശാന്തമായ നിലയിൽ നീ വിട്ടേക്കുകയും ചെയ്യുക. തീർച്ചയായും അവർ മുക്കിനശിപ്പിക്കപ്പെടാൻ പോകുന്ന ഒരു സൈന്യമാകുന്നു. എത്രയെത്ര തോട്ടങ്ങളും അരുവികളുമാണ് അവർ വിട്ടേച്ചുപോയത്! (എത്രയെത്ര) കൃഷികളും മാന്യമായ പാർപ്പിടങ്ങളും! അവർ ആഹ്ലാദപൂർവം അനുഭവിച്ചിരുന്ന (എത്രയെത്ര) സൗഭാഗ്യങ്ങൾ! അങ്ങനെയാണത് (കലാശിച്ചത്). അതെല്ലാം മറ്റൊരു ജനതയ്ക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അപ്പോൾ അവരുടെ പേരിൽ ആകാശവും ഭൂമിയും കരഞ്ഞില്ല. അവർക്ക് ഇടകൊടുക്കപ്പെടുകയുമുണ്ടായില്ല" (ക്വുർആൻ 44: 24-29).

ഈജിപ്തിലെ ഭരണാധികാരിയായിരുന്ന ഫിർഔനും കൂട്ടാളി



കളും കടലിൽ മുക്കിനശിപ്പിക്കപ്പെട്ട കാര്യം വിശദീകരിച്ച ശേഷം ക്വുർആൻ പറയുന്ന കുറച്ച് വർത്തമാനങ്ങളാണ് ഇവ. 'അവരുടെ അന്ത്യത്തിൽ ആകാശമോ ഭൂമിയോ വിലപിച്ചില്ല!' എന്നാൽ എന്തുകൊണ്ടിത് ഫിർഔനിന്റെ അന്ത്യത്തിന് ശേഷം മാത്രം ക്വുർആൻ എടുത്ത് പറയുന്നു? ഫിർഔനിന്റെ മരണത്തിൽ ആകാശവും ഭൂമിയും കരയുമെന്ന് ആരാണ് അവകാശപ്പെട്ടത്? ആർക്കാണ് ക്വുർആൻ മറുപടി പറയുന്നത്?

ഈജിപ്ഷ്യൻ പിരമിഡ് ടെക്സ്റ്റുകൾ വായിച്ചെടുക്കാൻ പഠിച്ച കാലമാണിത്. മരിച്ച രാജാവിന്റെ കൂടെ അവരുടെ വിശ്വാസങ്ങളെയും എഴുതി പ്രാചീന ഈജിപ്റ്റുകാർ പിരമിഡുകളിൽ മറച്ചുവച്ചു. The Pyramid Texts were funerary inscriptions that were written on the walls of the early Ancient Egyptian pyramids at Sakkara. These date back to the fifth and sixth dynasties, approximately the years 2350-2175 B.C. ക്രിസ്തുവിനും രണ്ടായിരം വർഷങ്ങൾക്ക് മുൻപ് എഴുതപ്പെട്ട ഈ ലിഖിതങ്ങളെ decode ചെയ്ത് എടുത്തതിന്റെ ഇംഗ്ലീഷ് പരിഭാഷ നമുക്കിന്ന് ഓൺലൈനിൽ വായിക്കാൻ കിട്ടും. UTTERANCE 553 എന്ന pyramid ടെക്സ്റ്റിന്റെ online പതിപ്പ് ഇവിടെ വായിക്കാം: (https://www.sacred-texts.com/egy/pyt/pyt33.htm). അവിടെ ശ്ലോകം 1365cയിൽ ഇങ്ങനെ കാണാം: The sky weeps for thee; the earth trembles for thee. "ആകാശം നിനക്കുവേണ്ടി കരയുന്നു; നിനക്കുവേണ്ടി ഭൂമി കുലുങ്ങുന്നു!"

രാജാവിന്റെ മരണത്തിൽ വിലപിച്ച് ആകാശവും ഭൂമിയും തേങ്ങുന്നു എന്ന അവരുടെ വിശ്വാസം ഇവിടെ കൃത്യമായി വായിക്കാനാവും. അവരിലെ ഉയർന്നവർ അവർക്കുവേണ്ടി ഉണ്ടാക്കിയ ഒരു പ്രാചീന ഈജിപ്ഷ്യൻ അഹന്ത. ഇത് മനസ്സിലാക്കിയശേഷം ഒരിക്കൽകൂടി ആ ക്വുർആൻ വാക്യങ്ങൾ വായിക്കണം. താനാണ് ദൈവമെന്നു വിധിച്ച, ചൂഷകനും ഏകാധിപതിയുമായ ഒരു ഈജിപ്ഷ്യൻ രാജാവിന്റെ നാശത്തിന് ശേഷം അവരുടെ വിശ്വാസത്തെ കൂടി എടുത്തുപറഞ്ഞ് ഖണ്ഡിക്കുന്നു. ആകാശമോ ഭൂമിയോ ആർക്കും വേണ്ടി വിലപിക്കുന്നില്ല, നിങ്ങൾക്കു വേണ്ടിയും വിലപിച്ചില്ല. രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് മാത്രം നാം കണ്ടെടുത്ത രേഖകളിലെ അറിവെടുത്ത് ഈജിപ്ഷ്യൻ സംസ്കാരത്തിനോട് സംവദിക്കാൻ ഈ ആറാം നൂറ്റാണ്ടിലെ ദർശനത്തിന് കഴിയുന്നത് എന്തുകൊണ്ടാവും?

**E57. സോഡോം ദേശം**

ലൂത്ത് നബി(അ)യുടെ ചരിത്രം പറയുന്നിടത്ത് അവരുടെ അധാർമിക വൃത്തികൾ കാരണമായി ഗമോറ, സോഡോം (സദൂം) ദേശങ്ങൾ നശിപ്പിക്കപ്പെട്ടു എന്ന് ക്വുർആനും ബൈബിളും ഒരുപോലെ പറയുന്നുണ്ട്. ക്വുർആനിലെ ഇത് സംബന്ധിച്ച വിവരണം നോക്കുക: "അങ്ങനെ സൂര്യോദയത്തോടെ ആ ഘോരശബ്ദം അവരെ പിടികൂടി. അങ്ങനെ ആ രാജ്യത്തെ നാം തലകീഴായി മറിക്കുകയും ചുട്ടുപഴുത്ത ഇഷ്ടികക്കല്ലുകൾ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു. നിരീക്ഷിച്ച് മനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. തീർച്ചയായും അത് (ആ രാജ്യം) (ഇന്നും) നിലനിന്നുവരുന്ന ഒരു പാതയിലാണ് സ്ഥിതിചെയ്യുന്നത്. തീർച്ചയായും അതിൽ വിശ്വാസികൾക്ക് ഒരു ദൃഷ്ടാന്തമുണ്ട്" (15:73-77).



**രാജാവിന്റെ മരണത്തിൽ വിലപിച്ച് ആകാശവും ഭൂമിയും തേങ്ങുന്നു എന്ന അവരുടെ വിശ്വാസം ഇവിടെ കൃത്യമായി വായിക്കാനാവും. അവരിലെ ഉയർന്നവർ അവർക്കുവേണ്ടി ഉണ്ടാക്കിയ ഒരു പ്രാചീന ഈജിപ്ഷ്യൻ അഹന്ത. ഇത് മനസ്സിലാക്കിയശേഷം ഒരിക്കൽകൂടി ആ ക്വുർആൻ വാക്യങ്ങൾ വായിക്കണം. താനാണ് ദൈവമെന്നു വിധിച്ച, ചൂഷകനും ഏകാധിപതിയുമായ ഒരു ഈജിപ്ഷ്യൻ രാജാവിന്റെ നാശത്തിന് ശേഷം അവരുടെ വിശ്വാസത്തെ കൂടി എടുത്തുപറഞ്ഞ് ഖണ്ഡിക്കുന്നു. ആകാശമോ ഭൂമിയോ ആർക്കും വേണ്ടി വിലപിക്കുന്നില്ല, നിങ്ങൾക്കു വേണ്ടിയും വിലപിച്ചില്ല.**

സ്വവർഗരതിയെ സർവസമ്മതമായി ജനങ്ങൾ അംഗീകരിച്ച ഒരു ദേശത്തിന്റെ നാശമാണ് ഇവിടെ പറയുന്നത്. ചുട്ടുപഴുത്ത ഇഷ്ടികക്കല്ലുകൾ ആകാശത്തുനിന്നും അന്നാട്ടിലേക്ക് വർഷിക്കപ്പെട്ടു എന്ന് ഖുർആൻ വിശദീകരിക്കുന്നു. അത്തരമൊരു നാട് ദൃഷ്ടാന്തമായി അവശേഷിക്കുന്നു എന്നും ഖുർആൻ പറയുന്നതുകാണാം. ആദ്യമായി ആകാശത്തുനിന്നും ചുടുകട്ടകൾ പ്രവഹിക്കുകയും അങ്ങനെ ദേശങ്ങൾ നശിക്കുകയും ചെയ്യുന്ന പ്രക്രിയകളുണ്ടോ എന്ന് നോക്കാം. ഇത്തരം സംഭവങ്ങൾ അടുത്ത കാലഘട്ടങ്ങളിൽ തന്നെ വാസ്തവത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. റഷ്യയിൽ 1908 ജൂൺ മുപ്പതിന് രാവിലെ ടങ്ങസ്ക എന്ന സ്ഥലത്ത് സംഭവിച്ചതായി രേഖപ്പെടുത്തപ്പെട്ട സമാന പ്രതിഭാസം tunguska incident എന്നറിയപ്പെടുന്നു. ഉൽക്കാ വിസ്ഫോടനം എന്ന പ്രതിഭാസമാണ് അവിടെ സംഭവിച്ചത്. അഥവാ ഒരു ഗ്രഹത്തിന്റെ അന്തരീക്ഷത്തിലേക്ക് വന്നു പതിക്കേണ്ടി വരുന്ന ഉൽക്ക കത്തിജ്വലിക്കുകയും പൊട്ടിത്തെറിച്ച് ധൂളികളായി ഭൂമിയിലേക്ക് പതിക്കുകയും ചെയ്യുന്നു. റഷ്യയിൽ വനപ്രദേശത്ത് ഇത് സംഭവിച്ചപ്പോൾ എൺപത് മില്യൻ മരങ്ങളാണ് നശിച്ചത്. ഇത്തരം ഉൽക്കകൾ fireballs അല്ലെങ്കിൽ bolides എന്ന് വിളിക്കപ്പെടുന്നു. ഇങ്ങനെ ഭീമാകാരമായ ഉൽക്കകളുടെ പതനം വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കാം. ഇവയിൽ വിസ്ഫോടനമുണ്ടാകുമ്പോൾ വലിയ അളവിൽ ഊർജം പുറംതള്ളപ്പെടുന്നു. ഈ എനർജി പുറംതള്ളൽ മൂലമുണ്ടാകുന്ന അലകൾ (shock waves) അക്ഷരാർഥത്തിൽ ഒരു ദേശത്തെ മറിച്ചിടാം. 2013ൽ റഷ്യയിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ട ചെറിയൊരു meteor airburst നെ സംബന്ധിച്ച വിവരണത്തിൽ ഈ shock waves ജനാലകളിലെ ഗ്ലാസുകളെപോലും തകർത്തുകളഞ്ഞു എന്നാണ് വിവരണം.



A smaller air burst occurred over a populated area on 15 February 2013, at Chelyabinsk in the Ural district of Russia. The exploding meteoroid was determined to have been an asteroid that measured about 17-20 metres (56-66 ft) across. It had an estimated initial mass of 11,000 tonnes and exploded with an energy release of approximately 500 kilotons.The air burst inflicted over 1,200 injuries, mainly from broken glass falling from windows shattered by its shock wave. (Shurmina, Natalia; Kuzmin, Andrey. "Meteorite hits central Russia, more than 500 people hurt". Reuters. Retrieved 8 October 2017.)

"2013 ഫെബ്രുവരി 15 ന് റഷ്യയിലെ യുറൽ ജില്ലയിലെ ചെല്യാബിൻസ്കിൽ ജനവാസമേഖലയിൽ ചെറിയൊരു ഉൽക്കാവിസ്ഫോടനം ഉണ്ടായി. പൊട്ടിത്തെറിച്ച ഉൽക്കാശില 17-20 മീറ്റർ (5666 അടി) വ്യാപ്തിയുള്ള ഒരു ഛിന്നഗ്രഹമാണെന്ന് നിർണയിക്കപ്പെട്ടു. ഇതിന്റെ പ്രാരംഭ പിണ്ഡം 11,000 ടൺ ആയിരുന്നു. ഏകദേശം 500 കിലോ ടൺ ഊർജം പ്രകാശനം ചെയ്തുകൊണ്ട് പൊട്ടിത്തെറിച്ചു. സ്ഫോടനം 1,200ലധികം പേർക്ക് പരിക്കേൽപിച്ചു, പ്രധാനമായും അതിന്റെ ഷോക്ക് തരംഗത്താൽ തകർന്ന ജനാലകളിൽ നിന്ന് വീണുകിടക്കുന്ന തകർന്ന ഗ്ലാസുകളാൽ."

**ഖുർആൻ പരാമർശിക്കുന്നതുപോലെ നശിപ്പിക്കപ്പെട്ട വല്ല ദേശവും കാണുന്നുണ്ടോ? ഉണ്ടെന്നാണ് പുതിയ പഠനം. ചാവുകടലിന് അടുത്ത് ജോർദാനിലെ Tell el-Hammam എന്ന പ്രാചീന നഗരത്തിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഇത് ശരിവയ്ക്കുന്നു. പൊടുന്നനെയുണ്ടായ ഉൽക്കാ വിസ്ഫോടനത്തിന്റെ എല്ലാ ലക്ഷണങ്ങളും സംഭവസ്ഥലത്ത് സ്ഥിരീകരിക്കപ്പെട്ടു. പൊടുന്നനെയുണ്ടായ അപകടത്തിൽ നശിപ്പിക്കപ്പെട്ട മനുഷ്യരുടെ എല്ലുകൾ അവശേഷിച്ചിരിക്കുന്നു. ഭൂമിയിൽ സാധാരണ കാണാത്ത അതിതീവ്ര താപനിലയിൽ എല്ലാം കത്തി നശിച്ചതിന്റെ അടയാളങ്ങൾ ഇവിടെ പ്രകടമാണ്.**

അഥവാ, ഇത്തരത്തിൽ സംഭവിക്കുന്ന വലിയൊരു ഉൽക്കാ വിസ്ഫോടനത്താൽ ഒരു ദേശം തന്നെ മറിച്ചിടപ്പെടാം. അന്തരീക്ഷവുമായി ഇടിച്ച് ചൂടാവുന്ന ഇവ തകർന്ന് ആ ചുടുകട്ടകൾ ഭൂമിയിലേക്ക് പതിക്കപ്പെടും. ഖുർആന്റെ വിവരണം കൃത്യമാണ്: 'അങ്ങനെ ആ രാജ്യത്തെ നാം തലകീഴായി മറിക്കുകയും, ചുട്ടുപഴുത്ത കല്ലുകൾ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു.'

ഖുർആൻ പരാമർശിക്കുന്നതുപോലെ നശിപ്പിക്കപ്പെട്ട വല്ല ദേശവും കാണുന്നുണ്ടോ? ഉണ്ടെന്നാണ് പുതിയ പഠനം. ചാവുകട

ലിന് അടുത്ത് ജോർദാനിലെ Tell el-Hammam എന്ന പ്രാചീന നഗരത്തിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഇത് ശരിവയ്ക്കുന്നു.

പൊടുന്നനെയുണ്ടായ ഉൽക്കാ വിസ്ഫോടനത്തിന്റെ എല്ലാ ലക്ഷണങ്ങളും സംഭവസ്ഥലത്ത് സ്ഥിരീകരിക്കപ്പെട്ടു. പൊടുന്നനെയുണ്ടായ അപകടത്തിൽ നശിപ്പിക്കപ്പെട്ട മനുഷ്യരുടെ എല്ലുകൾ അവശേഷിച്ചിരിക്കുന്നു. ഭൂമിയിൽ സാധാരണ കാണാത്ത അതിതീവ്ര താപനിലയിൽ എല്ലാം കത്തി നശിച്ചതിന്റെ അടയാളങ്ങൾ ഇവിടെ പ്രകടമാണ്. nature വാരികയിൽ ഇത് സംബന്ധിച്ച ലേഖനത്തിൽ നിന്നും:

Then suddenly, the city suffered violent destruction. Kenyon, an early site excavator, wrote "The destruction was complete. Walls and floors were blackened or reddened by fire, and every room was filled with fallen bricks, timbers, and household utensils; in most of the rooms the fallen debris was heavily burnt ".

During the destruction event, a massive stone MBA defensive tower toppled and burned, a 7-to-10-m-wide destruction layer contains a thick accumulation of ash, charcoal, and carbonized wooden beams, covered by huge stones, broken mudbricks, and rubble.another key group of site excavators, noted that the ash was white, suggesting combustion at high temperatures. (The Nature article is titled " A Tunguska-sized airburst destroyed Tall el-Hammam, a Middle Bronze Age city in the Jordan Valley near the Dead Sea.").

രണ്ടായിരം ഡിഗ്രിക്ക് മുകളിൽ ചൂടുള്ള അന്തരീക്ഷത്തിൽ കത്തിയെരിഞ്ഞതിന്റെ എല്ലാ അടയാളങ്ങളും മനുഷ്യ അസ്ഥികളും സംഭവ സ്ഥലത്ത് കാണാൻ കഴിയുന്നു എന്ന് ഗവേഷകർ സാക്ഷ്യം പറയുന്നു. അന്നത്തെ കാലത്ത് ഇത്തരമൊരു സാഹചര്യം മനുഷ്യന് സൃഷ്ടിക്കാൻ കഴിയുന്നതല്ല എന്നും ഉൽക്കാവിസ്ഫോടനം കൊണ്ട് മാത്രമാണ് ഇത്തരമൊരു സാഹചര്യം ഉണ്ടാവുകയെന്നും ഉൽക്കകളിൽ കാണാവുന്ന മൂലകങ്ങൾ ഇവിടങ്ങളിൽ അധികം കണ്ടെത്തിയതായും പഠനം തെളിയിക്കുന്നു.



**ഉൽക്കാ വിസ്ഫോടനം സംഭവിക്കുമ്പോൾ വിസ്ഫോടന ശേഷം ഉടനെ അനുഭവിക്കാനാവുക അതിന്റെ വിസ്ഫോടന തരംഗം (blast wave/shock wave) ആണ്. വിസ്ഫോടന കാരണമായി ഉണ്ടാകുന്ന ചുറ്റുപാടിലേക്കുള്ള എനർജി പ്രഷർ ഇത് സൃഷ്ടിക്കുന്നു. സമാനമായ ഇഫക്ടുകൊണ്ട് പ്രദേശങ്ങൾ ബാധിക്കപ്പെട്ട സംഭവം ആധുനിക ലോകത്ത് തന്നെ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വിസ്ഫോടനം സൃഷ്ടിച്ച blast wave പ്രഷർകൊണ്ട് ഒരു ദേശം മറിച്ചിടപ്പെടും രൂപത്തിൽ ബാധിച്ചു എന്നത് ശാസ്ത്രീയമായി ഒത്ത് പോകുന്നു.**

ഇവിടെ സോഡോം ദേശത്തിന്റെ നാശത്തിന്റെ ഘട്ടങ്ങളെ വിവരിക്കുന്ന ഖുർആൻ വചനത്തെ ഒന്നുകൂടി പരിശോധിക്കാം:

"അങ്ങനെ സൂര്യോദയത്തോടെ ആ ഘോരശബ്ദം അവരെ പിടികൂടി. അങ്ങനെ ആ രാജ്യത്തെ നാം തലകീഴായി മറിക്കുകയും ചുട്ടുപഴുത്ത ഇഷ്ടികക്കല്ലുകൾ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു. നിരീക്ഷിച്ച് മനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പലദൃഷ്ടാന്തങ്ങളുമുണ്ട്."

1. ആദ്യം ഘോരശബ്ദം അവരെ ബാധിച്ചു.

(Asteroid Airburst സംഭവിക്കുമ്പോൾ ആദ്യം ഉൽക്കയുടെ വിസ്ഫോടനത്തിൽനിന്നാണ് അത് ആരംഭിക്കുക. അതിന്റെ ഗോരശബ്ദം സ്വാഭാവികമായും ആദ്യം കേൾക്കാം).

2. ദേശം തലകീഴായി മറിക്കപ്പെട്ടു.

(ഉൽക്കാ വിസ്ഫോടനം സംഭവിക്കുമ്പോൾ വിസ്ഫോടന ശേഷം ഉടനെ അനുഭവിക്കാനാവുക അതിന്റെ വിസ്ഫോടന തരംഗം (blast wave/shock wave) ആണ്. വിസ്ഫോടന കാരണമായി ഉണ്ടാകുന്ന ചുറ്റുപാടിലേക്കുള്ള എനർജി പ്രഷർ ഇത് സൃഷ്ടിക്കുന്നു. സമാനമായ ഇഫക്റ്റുകൊണ്ട് പ്രദേശങ്ങൾ ബാധിക്കപ്പെട്ട സംഭവം ആധുനിക ലോകത്ത് തന്നെ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വിസ്ഫോടനം സൃഷ്ടിച്ച blast wave പ്രഷർകൊണ്ട് ഒരു ദേശം മറിച്ചിടപ്പെടും രൂപത്തിൽ ബാധിച്ചു എന്നത് ശാസ്ത്രീയമായി ഒത്ത് പോകുന്നു.

3. വിസ്ഫോടന വിധേയമായി തകരുന്ന ഉൽക്ക പല കഷണങ്ങളായി, ചുട്ടുപഴുത്ത കല്ലുകളായി ആ ദേശത്തേക്ക് വർഷിക്കുന്നു. (സ്വാഭാവികമായും വിസ്ഫോടന വിധേയമായി തകർന്ന ഉയർന്ന ചൂടിൽ കത്തിയെരിഞ്ഞ കല്ലുകളുടെ കൂട്ടം ഭൂമിയിലേക്ക് പതിക്കും. അതുമൂലം ആ ദേശം നാശമടയും.)

വളരെ കൃത്യമായി ഖുർആന്റെ വിശദീകരണ ക്രമം ഉൽക്കാ വിസ്ഫോടനവുമായി ഒത്തുപോകുന്നു.

*(തുടരും).*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 40

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَنْعَٰمَ لِتَرْكَبُوا۟ مِنْهَا وَمِنْهَا تَأْكُلُونَ ﴿٧٩﴾

79. അല്ലാഹുവാകുന്നു നിങ്ങൾക്ക് വേണ്ടി കന്നുകാലികളെ സൃഷ്ടിച്ചുതന്നവൻ. അവയിൽ ചിലതിനെ നിങ്ങൾ വാഹനമായി ഉപയോഗിക്കുന്നതിന് വേണ്ടി. അവയിൽ ചിലതിനെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു.

وَلَكُمْ فِيهَا مَنَٰفِعُ وَلِتَبْلُغُوا۟ عَلَيْهَا حَاجَةً فِى صُدُورِكُمْ وَعَلَيْهَا وَعَلَى ٱلْفُلْكِ تُحْمَلُونَ ﴿٨٠﴾

80. നിങ്ങൾക്ക് അവയിൽ പല പ്രയോജനങ്ങളുമുണ്ട്. അവ മുഖേന നിങ്ങളുടെ ഹൃദയങ്ങളിലുള്ള വല്ല ആവശ്യത്തിലും നിങ്ങൾ എത്തിച്ചേരുകയും ചെയ്യുന്നു. അവയുടെ പുറത്തും കപ്പലുകളിലുമായി നിങ്ങൾ വഹിക്കപ്പെടുകയും ചെയ്യുന്നു.

وَيُرِيكُمْ ءَايَٰتِهِۦ فَأَىَّ ءَايَٰتِ ٱللَّهِ تُنكِرُونَ ﴿٨١﴾

81. അവന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചുതരികയും ചെയ്യുന്നു. അപ്പോൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ എതൊന്നിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۚ كَانُوٓا۟ أَكْثَرَ مِنْهُمْ وَأَشَدَّ قُوَّةً وَءَاثَارًا فِى ٱلْأَرْضِ فَمَآ أَغْنَىٰ عَنْهُم مَّا كَانُوا۟ يَكْسِبُونَ ﴿٨٢﴾

82. എന്നാൽ അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് കാണാൻ അവർ ഭൂമിയിൽ സഞ്ചരിച്ചുനോക്കിയിട്ടില്ലേ? അവർ ഇവരെക്കാൾ എണ്ണം കൂടിയവരും ശക്തികൊണ്ടും ഭൂമിയിൽ വിട്ടേച്ചുപോയ അവശിഷ്ടങ്ങൾ കൊണ്ടും ഏറ്റവും പ്രബലന്മാരുമായിരുന്നു. എന്നിട്ടും അവർ നേടിയെടുത്തിരുന്നതൊന്നും അവർക്ക് പ്രയോജനപ്പെട്ടില്ല.

فَلَمَّا جَآءَتۡهُمۡ رُسُلُهُم بِٱلۡبَيِّنَٰتِ فَرِحُواْ بِمَا
عِندَهُم مِّنَ ٱلۡعِلۡمِ وَحَاقَ بِهِم مَّا كَانُواْ
بِهِۦ يَسۡتَهۡزِءُونَ ٨٣

فَلَمَّا رَأَوۡاْ بَأۡسَنَا قَالُوٓاْ ءَامَنَّا بِٱللَّهِ وَحۡدَهُۥ
وَكَفَرۡنَا بِمَا كُنَّا بِهِۦ مُشۡرِكِينَ ٨٤

فَلَمۡ يَكُ يَنفَعُهُمۡ إِيمَٰنُهُمۡ لَمَّا رَأَوۡاْ بَأۡسَنَاۖ سُنَّتَ
ٱللَّهِ ٱلَّتِي قَدۡ خَلَتۡ فِي عِبَادِهِۦۖ وَخَسِرَ هُنَالِكَ
ٱلۡكَٰفِرُونَ ٨٥

83. അങ്ങനെ അവരിലേക്കുള്ള ദൂതൻമാർ വ്യക്തമായ തെളിവുകളുംകൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവരുടെ പക്കലുള്ള അറിവുകൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്. എന്തൊന്നിനെപ്പറ്റി അവർ പരിഹസിച്ചിരുന്നുവോ അത് (ശിക്ഷ) അവരെ വലയം ചെയ്യുകയുമുണ്ടായി.

84. എന്നിട്ട് നമ്മുടെ ശിക്ഷ കണ്ടപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുകയും അവനോട് ഞങ്ങൾ പങ്കുചേർത്തിരുന്നതിൽ (ദൈവങ്ങളിൽ) ഞങ്ങൾ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു.

85. എന്നാൽ അവർ നമ്മുടെ ശിക്ഷ കണ്ടപ്പോഴത്തെ അവരുടെ വിശ്വാസം അവർക്ക് പ്രയോജനപ്പെടുകയുണ്ടായില്ല. അല്ലാഹു തന്റെ ദാസന്മാരുടെ കാര്യത്തിൽ മുമ്പേ നടപ്പിലാക്കിക്കഴിഞ്ഞിട്ടുള്ള നടപടിക്രമമത്രെ അത്. അവിടെ സത്യനിഷേധികൾ നഷ്ടത്തിലാവുകയും ചെയ്തു.

79) ധാരാളം ഉപകാരങ്ങളുള്ള നാൽക്കാലികളെ തന്റെ ദാസന്മാർക്കുവേണ്ടി സൃഷ്ടിച്ചത് ഒരു അനുഗ്രഹമായി അല്ലാഹു എടുത്തുപറയുന്നു. അതിലൊന്ന് അതിനെ വാഹനമായി ഉപയോഗിക്കാമെന്നതാണ്. അതിന്റെ മാംസം ഭക്ഷണമായും പാൽ കുടിക്കാനും ഉപകരിക്കുന്നു എന്നതാണ് മറ്റൊന്ന്. തണുപ്പിനെ പ്രതിരോധിക്കാൻ അവയുടെ രോമങ്ങളിൽനിന്നും തോലിൽനിന്നും ഉപയോഗവസ്തുക്കൾ നിർമിക്കപ്പെടുന്നതും അതിൽനിന്നുള്ള പ്രയോജനങ്ങളിൽ പെട്ടതാണ്.

80). (അവ മുഖേന നിങ്ങളുടെ ഹൃദയങ്ങളിലുള്ള വല്ല ആവശ്യത്തിലും നിങ്ങൾ എത്തിച്ചേരുകയും ചെയ്യുന്നു) വിദൂര സ്ഥലങ്ങളിൽ നിങ്ങൾക്ക് യാത്ര ചെയ്ത് എത്താനും യാത്രയുടെ സന്തോഷവും അവിടെയുള്ളവരെ കാണുന്നതിലുള്ള സന്തോഷവും നിങ്ങൾക്കുണ്ടാവുന്നു.

(അവയുടെ പുറത്തും കപ്പലുകളിലുമായി നിങ്ങൾ വഹിക്കപ്പെടുകയും ചെയ്യുന്നു). കരവാഹനങ്ങളിലും കടൽ വാഹനങ്ങളിലും അവയിലൂടെ മാത്രം ലഭിക്കുന്ന യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തിതന്നു. അവയെ കീഴ്പ്പെടുത്തിയും അല്ലാഹു നിങ്ങളെ യാത്ര ചെയ്യിപ്പിക്കുന്നു.

83) (അവന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിങ്ങൾക്ക് കാണിച്ചുതരികയും ചെയ്യുന്നു) അവന്റെ ഏകത്വത്തിനുള്ള തെളിവ്; അവന്റെ നാമഗുണവിശേഷണങ്ങൾക്കും. ശാരീരികവും പ്രാപഞ്ചികവും പ്രത്യക്ഷവും അഗണ്യവുമായ ദൃഷ്ടാന്തങ്ങൾ മനുഷ്യന് കാണിച്ചുകൊടുക്കുകയും അതിലൂടെ അവനെ മനസ്സിലാക്കാനും നന്ദി ചെയ്യാനും സ്മരിക്കാനും അവസരമൊരുക്കുകയും ചെയ്യുന്നത് അവന്റെ മഹത്തായ അനുഗ്രഹമാണ്. (അപ്പോൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?).

നിങ്ങൾക്ക് അംഗീകരിക്കാനാവാതെ ഏതൊരു ദൃഷ്ടാന്തത്തെയാണ് നിങ്ങൾ നിഷേധിക്കുന്നത്? നിങ്ങൾക്കറിയാം, സർവ അനുഗ്രഹങ്ങളും ദൃഷ്ടാന്തങ്ങളും അല്ലാഹുവിൽനിന്നാണെന്ന്. അപ്പോൾ പിന്നെ നിഷേധിക്കാനോ നിരാകരിക്കാനോ യാതൊരു ന്യായവുമില്ല. ബുദ്ധിയുള്ളവർ നന്മയിൽ അധ്വാനിക്കുകയും വിശാലമായ സമയം കണ്ടെത്തുകയും അവനുവേണ്ടി ഒഴിഞ്ഞിരിക്കുകയും ചെയ്യണം.

82) പ്രവാചകന്മാരെ നിഷേധിക്കുന്നവരോട് ഭൂമിയിൽ സഞ്ചരിക്കാനാണ് പ്രേരിപ്പിക്കുന്നത്. ശരീരവും മനസ്സും ഉപയോഗിച്ച്, ആളുകളോട് കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടുള്ള യാത്ര. (അവർ നോക്കട്ടെ) തെളിവ് കണ്ടെത്താവുന്ന ബുദ്ധിപരമായ നോട്ടം, അശ്രദ്ധവും അലക്ഷ്യവുമായ നോട്ടമല്ല. (അവർ



ക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് കാണാൻ) ആദ്, സമൂദ് തുടങ്ങിയ മുൻ സമുദായങ്ങളുടെ. (അവർ ഇവരെക്കാൾ എണ്ണം കൂടിയവരും ശക്തികൊണ്ടും ഭൂമിയിൽ വിട്ടേച്ചുപോയ അവശിഷ്ടങ്ങൾകൊണ്ടും) സുശക്തമായ കോട്ടകൾ, മനോഹരമായ ചെടികൾ, ധാരാളം കൃഷികൾ. (എന്നിട്ടും അവർ നേടിയെടുത്തിരുന്നതൊന്നും അവർക്ക് പ്രയോജനപ്പെട്ടില്ല) ശിക്ഷയുടെ കൽപന വന്നപ്പോൾ അവരുടെ ശക്തി അവർക്ക് പ്രയോജനകരമായില്ല. സമ്പാദ്യം ഉപകാരപ്പെട്ടില്ല. കോട്ടകൾ അവരെ പ്രതിരോധിച്ചില്ല.

83) അവർ ചെയ്ത ഏറ്റവും വലിയ തെറ്റിനെക്കുറിച്ചാണ് തുടർന്ന് പറയുന്നത്. (അങ്ങനെ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവുകളുംകൊണ്ട് അവരുടെ അടുക്കൽ ചെന്നപ്പോൾ) ദൈവിക ഗ്രന്ഥങ്ങളിലും വമ്പിച്ച അമാനുഷിക ദൃഷ്ടാന്തങ്ങളിലും വ്യക്തമായ അറിവുകളിലും കണ്ടെത്താവുന്ന, സന്മാർഗത്തിലേക്കെത്തിക്കുന്ന, സത്യാസത്യങ്ങളെ വേർതിരിക്കുന്ന തെളിവുകൾ. (അവരുടെ പക്കലുള്ള അറിവുകൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്) പ്രവാചക മതത്തിന് വിരുദ്ധമായ അറിവ്. അവർ ആ വിജ്ഞാനത്തിൽ സന്തോഷിച്ചു എന്ന് പറയുമ്പോൾ ആ അറിവ് സ്വീകരിക്കാനും അതിൽ ഉറച്ചുനിൽക്കാനും സത്യത്തിന് എതിരായി നിലകൊള്ളാനും അവരുടെ തെറ്റായ വിശ്വാസത്തെ സത്യമായി കാണാനും അവർ ശ്രമിച്ചു എന്നർഥം. ദൈവിക വിജ്ഞാനങ്ങൾക്ക് എതിരായ എല്ലാ വിജ്ഞാനങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. ഇത്തരം വിജ്ഞാനങ്ങളിൽ പെട്ടതാണ് തത്ത്വശാസ്ത്രവും ഗ്രീക്ക് തർക്കശാസ്ത്രവും. അവ ധാരാളം ക്വുർആനിക ആശയങ്ങളെ തള്ളിക്കളയുന്നു. ഹൃദയങ്ങളിൽ അവയുടെ മഹത്ത്വം ഇല്ലാതാക്കുന്നു. ഈ തത്ത്വങ്ങളെ അവർ ഖണ്ഡിത രേഖകളാക്കുന്നു. ശരിയായ യാതൊരു അറിവും അവയിൽനിന്ന് ലഭ്യമല്ല. വിഡ്ഢികളും അസത്യവാദികളുമായവരുടെ അഭിപ്രായങ്ങൾക്ക് പ്രാധാന്യം നൽകുന്നു. ഇത് അല്ലാഹുവിന്റെ വചനങ്ങളുടെ വ്യക്തമായ നിഷേധമാണ്, നിരാകരണമാണ്, അല്ലാഹു കാക്കട്ടെ. (അത് അവരെ വലയം ചെയ്യുകയും ചെയ്തു) ശിക്ഷയിറങ്ങി, അതവരെ പിടികൂടി. (അവർ എന്തൊന്നിനെപ്പറ്റി പരിഹസിച്ചിരുന്നുവോ അത്) ആ ശിക്ഷ.

84) (എന്നിട്ട് നമ്മുടെ ശിക്ഷ കണ്ടപ്പോൾ) ശിക്ഷയെ അവരംഗീകരിച്ചു. അംഗീകരിക്കുന്നതുകൊണ്ട് പ്രയോജനമില്ലാത്ത സമയത്ത്. (അവർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുകയും അവനോട് ഞങ്ങൾ പങ്കുചേർത്തിരുന്നതിനെയെല്ലാം ഞങ്ങൾ നിഷേധിക്കുകയും ചെയ്തിരിക്കുന്നു) ബിംബങ്ങൾ, വിഗ്രഹങ്ങൾ തുടങ്ങിയ, ദൈവിക നിയമങ്ങൾക്ക് വിരുദ്ധമായ സർവ അറിവുകളും പ്രവൃത്തികളും ഞങ്ങൾ നിരാകരിക്കുന്നു.

85) (എന്നാൽ അവർ, നമ്മുടെ ശിക്ഷ കണ്ടപ്പോഴുള്ള അവരുടെ വിശ്വാസം അവർക്ക് പ്രയോജനപ്പെടുകയുണ്ടായിട്ടില്ല) ആ ശിക്ഷ വന്ന സമയത്ത്. ഇത് (അല്ലാഹുവിന്റെ നടപടിക്രമമാണ്) പതിവ്. (തന്റെ ദാസന്മാരുടെ കാര്യത്തിൽ മുമ്പേ നടപ്പിലാക്കിക്കഴിഞ്ഞിട്ടുള്ള നടപടി ക്രമമത്രെ അത്) ശിക്ഷ വരുന്ന സന്ദർഭത്തിൽ അവിശ്വാസികൾ വിശ്വസിച്ചാൽ അവരുടെ വിശ്വാസം സ്വീകാര്യമല്ല. അത് ശിക്ഷയിൽ നിന്ന് അവരെ രക്ഷപ്പെടുത്തുകയുമില്ല. അത് നിർബന്ധിതരായതുകൊണ്ടുമാത്രമാണ്. കണ്ടപ്പോഴുള്ള വിശ്വാസം മാത്രം. എന്നാൽ ഉപകാരപ്പെടുന്ന വിശ്വാസം, അത് സ്വമേധയാ വിശ്വാസം സ്വീകരിക്കുന്നവർക്ക് മാത്രമാണ്. അതാവട്ടെ, കാണാതെത്തന്നെ അദൃശ്യമായി വിശ്വസിക്കലാണ്. ശിക്ഷയുടെ അടയാളങ്ങൾ കാണുന്നതിന് മുമ്പുതന്നെ അവർ വിശ്വസിക്കും.

(അവിടെ നഷ്ടത്തിലാവുകയും ചെയ്തു) നാശത്തിന്റെ സമയം, ശിക്ഷ അനുഭവിക്കുന്ന സമയം. (സത്യനിഷേധികൾക്ക്) അവരുടെ ദീനും ദുൻയാവും പരലോകവുമെല്ലാം നഷ്ടത്തിലായി. കഠിനമായ ശിക്ഷയിൽ ശാശ്വതമായി കഷ്ടപ്പെടേണ്ടിവരുന്ന നഷ്ടം. ■



# സർക്കാർ ജീവനക്കാരനായ സാറിന് കാശിനെന്ത് പഞ്ഞം?

**സലാം സുറുമ എടത്തനാട്ടുകര**
: 94473 64751

"സാറേ, ഇത് എടുത്തിട്ട് ആറ് വർഷം കഴിഞ്ഞില്ലേ? പോരാത്തതിന് പഴയ മോഡലും! ഇനി ഇത് മാറ്റുകയല്ലേ നല്ലത്? അല്ലെങ്കിൽ ഇടക്കിടെ തകരാറുകൾ വന്നുകൊണ്ടേയിരിക്കും. റിപ്പയറിംഗ് സാറിനൊരു പണിയുമാകും." അവധി ദിവസം സുഹൃത്തിന്റെ വീട്ടിൽ ചെന്നപ്പോൾ ടി.വി. നന്നാക്കാൻ വന്ന ടെക്നീഷ്യൻ ഉടമസ്ഥന് ക്ലാസ്സെടുക്കുകയാണ്.

"സർക്കാർ ജീവനക്കാരനായ സാറിന് കാശിന് യാതൊരു പഞ്ഞവുമില്ലെന്ന് ആർക്കാണറിയാത്തത്? മാസാമാസം അക്കൗണ്ടിൽ ശമ്പളമെത്തില്ലേ? അതിൽനിന്നും കാശ് മുടക്കി പുതിയ ഒരെണ്ണം വാങ്ങൂ സാറേ... ഇപ്പോൾ കുറേ ഓഫറുകളുമുണ്ട്" ടെക്നീഷൻ വാചാലനായി.

"മാസാമാസത്തെ ചെലവുകൾ കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന എനിക്കല്ലേ എന്റെ ശമ്പളത്തിന്റെ യാഥാർഥ്യമറിയൂ; പുറമെനിന്ന് നോക്കുമ്പോൾ സർക്കാർ ജീവനക്കാർ വലിയ സമ്പന്നരും എല്ലാം തികഞ്ഞവരുമാണ്" സുഹൃത്തും വിട്ടുകൊടുക്കുന്നില്ല.

"കഴിഞ്ഞ മൂന്നുവർഷം മുമ്പുവരെ നിങ്ങളുടെ സർവീസ് ചാർജ് എത്രയായിരിന്നു?"

"മുന്നൂറ്റമ്പത് രൂപ."

"ഇപ്പഴോ?"

"അഞ്ഞൂറ് രൂപ മുതൽ ആയിരം വരെ."

"കഴിഞ്ഞ മൂന്നുവർഷം മുമ്പുവരെ നാടൻ പണിക്കാരുടെ കൂലി എത്രയായിരുന്നു?"

"അറുന്നൂറു മുതൽ എഴുന്നൂറു വരെ."

"ഇപ്പോൾ?'

"തൊള്ളായിരം മുതൽ ആയിരത്തി ഒരുനൂറ് വരെ."

"എന്നാൽ അറിഞ്ഞോളൂ; സർക്കാർ ജീവനക്കാർ ഇപ്പോഴും രണ്ടര വർഷം മുമ്പുള്ള നിരക്കുതന്നെയാണ് ശമ്പളമായി വാങ്ങുന്നത്. അവർക്ക് വർഷാവർഷം ആനുപാതികമായി ലഭിക്കേണ്ട വർധനവായ ക്ഷാമബത്ത എന്ന ഡി.എ. ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ പരമാവധി ചെലവു ചുരുക്കിയും മുണ്ട് മുറുക്കിയുടുത്തുമാണ് ഒട്ടുമിക്ക ജീവനക്കാരും മൂന്നു വർഷമായി കഴിയുന്നത്."

"പൊതുജനങ്ങൾക്ക് ഒരു ധാരണയുണ്ട്; അധ്യാപകരടക്കമുള്ള സർക്കാർ ജീവനക്കാർ അവർക്ക് ലഭിക്കുന്ന ശമ്പളവും മറ്റു ആനുകൂല്യങ്ങളും സ്വിസ് ബാങ്കിലോ മറ്റോ നിക്ഷേപിച്ച് ആർഭാടത്തോടെ ജീവിക്കുകയാണെന്ന്. അവർക്ക് ലഭിക്കുന്ന വേതനം ഇവിടെത്തന്നെയാണ് ചെലവാക്കുന്നത് എന്ന് പലരും മനസ്സിലാക്കുന്നില്ല. അത് പാലിന്റെയും പത്രത്തിന്റെയും വിലയായും പലചരക്കുകടയിലെ പറ്റ് തീർത്തും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി സ്വന്തം നാട്ടിൽ തന്നെയാണ് ചെലവിടുന്നത്. എതാനും വർഷങ്ങൾക്ക് മുമ്പുണ്ടായ പ്രളയത്തിന്റെ ഭാഗമായി സർക്കാർ ഒരു മാസത്തെ ജീവനക്കാരുടെ ശമ്പളം തവണകളായി പിടിച്ചുവച്ചപ്പോൾ പൊതുവിപണിയിലായിരുന്നു അതിന്റെ അനന്തരഫലം ഏറ്റവുമധികം പ്രകടമായത്. ഹോട്ടലുകളിലും ഇറച്ചിക്കടകളിലും മൽസ്യ മാർക്കറ്റുകളിലുംവരെ അത് നന്നായി പ്രതിഫലിച്ചു. ജീവനക്കാരുടെ ചെലവ് ചുരുക്കൽ എല്ലാവരെയും സാരമായി ബാധിക്കും." സുഹൃത്ത് കത്തിക്കയറി.

"ശമ്പളവും മറ്റ് അലവൻസുകളും സമയത്തിന് കിട്ടിയാൽ അതുകൊണ്ടുള്ള പ്രയോജനം നിങ്ങളെപ്പോലുള്ളവർക്കു കൂടിയാണ്. അസൂയയോ തെറ്റുധാരണയോ കാരണത്താൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഒരു ആനുകൂല്യവും കിട്ടരുതേ എന്ന് മനസ്സുകൊണ്ടെങ്കിലും ആഗ്രഹിക്കുന്ന നിരവധി പേർ സമൂഹത്തിൽ ഉണ്ട്. അത്തരം ആളുകൾ സ്വന്തത്തിനു തന്നെയാണ് പാര പണിയുന്നത്." സുഹൃത്ത് സംസാരത്തിന് വിരാമമിട്ടു. ടെക്നീഷ്യന് തിരിച്ചൊന്നും പറയാനില്ലായിരുന്നു.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
30 September 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി..!!!

WISDOM BOOKS

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com